ഓഗസ്റ്റ് 2017

# ഐക്യദീപം

Since 1976 വില ₹ 10





പാറശാല രൂപതയുടെ
പ്രഥമ മെത്രാനായി നിയമിതനായ
**അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ്**



യു.എസ്.എ. – കാനഡ രൂപതയുടെ
ദ്വിതീയ മെത്രാൻ
**അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്തേഫാനോസ്**



പുത്തൂർ രൂപതയുടെ ദ്വിതീയ മെത്രാൻ
**മോൺ. ജോർജ്ജ് കാലായിൽ**



മലങ്കര കത്തോലിക്കാ സഭ കൂരിയ നിയുക്ത മെത്രാൻ
യൂറോപ്പ്, ഓഷ്യാനിയ അപ്പോസ്തോലിക് വിസിറ്റേറ്റർ
**മോൺ. ജോൺ കൊച്ചുതുണ്ടിയിൽ**

അത്യാധുനിക സംവിധാനങ്ങളോടെ നവീകരിച്ച
ബോധന തേനീച്ച വളർത്തൽ ഗവേഷണ–പരിശീലന കേന്ദ്രം.

# ബോധന

## തേനീച്ച വളർത്തൽ ഗവേഷണ പരിശീലന കേന്ദ്രം

പുഷ്പഗിരി റോഡ്, തുകലശ്ശേരി, തിരുവല്ല–1
Ph: 0469 2730561, 2606063,
e-mail : bodhanatiruvalla@gmail.com, web: www.bodhanatiruvalla.org




Processing Machine



Coding Machine



Filling Machine




ശുദ്ധമായ വൻതേൻ,
ചെറുതേൻ, തേൻ ഉല്പന്നങ്ങൾ
ബോധിശ്രീ ഹണിമാർട്ടിൽ ലഭ്യം.

തിരുവല്ല സോഷ്യൽ സർവ്വീസ് സൊസൈറ്റി

# ഐക്യദീപം

ഓഗസ്റ്റ് 2017

പുസ്തകം 48 ലക്കം 8

രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ
കൂറിലോസ് മെത്രാപ്പോലീത്താ

സഹ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. ഫിലിപ്പോസ്
മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ

ചീഫ് എഡിറ്റർ
റവ. ഡോ. ഏബ്രഹാം ഇരുമ്പിനിക്കൽ

പ്രസാധകൻ
തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്ക്കോപ്പാ

മാർക്കറ്റിംഗ് മാനേജർ
രഞ്ജു ഇരവിപേരൂർ

മാർക്കറ്റിംഗ് & സർക്കുലേഷൻ കോ-ഓർഡിനേറ്റർ
ജോയിസാം കോട്ടൂർ

ഓഫീസ് സെക്രട്ടറി
ബ്രദർ ജോൺ പുറത്തൂട്ട്

ഓഫീസ് സ്റ്റാഫ്
ചിന്നു എൽസ ഐസക്


## ഉള്ളടക്കം




07 വലാധിപത്യ കാലം
വി.കെ. ആദർശ്



നവലോകത്തെ നിർണയിക്കുന്ന നവമാധ്യമങ്ങൾ 09
ഫാ. ജോളി വടക്കൻ



അധികാര ചിന്തകൾ 14
അരുൺ എഴുത്തച്ചൻ



സ്വാതന്ത്ര്യത്തിന്റെ 70 വർഷങ്ങൾ 18
ബിനു ഏബ്രഹാം



22

വി. ജോൺ മരിയ വിയാനി വിശുദ്ധിയുടെ ആൾരൂപം
ബ്ര.തോമസ് ഇടത്തുംപടിയ്ക്കൽ



മാതാപിതാക്കൾ ഭാവിഭാഗധേയ ശില്പികൾ
സി.സെറീന എസ്.ഐ.സി. 29



അതിജീവന മാർഗ്ഗത്തിലൂടെ
മെറിൻ ഫിലിപ്പ് 33



**Annual Subscription ₹ 120.00**
**Single Copy ₹ 10.00**
**Overseas: $40.00 or ₹ 2750**

**Bank Details :**
**Chief Editor, Aikyadeepam**
**Andhra Bank, Tiruvalla 689 101**
**A/c No. 110110100023901**
**IFSC. ANDB0001101**
**SWIFT CODE: ANDBINBB**

**Printing at:**
**Viani Press, Ernakulam**

**Designed by :**
**Prasad P. S.**
**Greeshma Designs, Kottayam**
**Ph: 9447304348**
**gdesignktm@gmail.com**

All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly, Theological and Catechetical Centre, Sameeksha, Kulakkad, Tiruvalla-1. Phone: 0469-2600626
E-mail: aikyadeepamtvla@gmail.com

എഡിറ്റോറിയൽ




# editorial




നവമാധ്യമങ്ങൾ സമൂഹത്തിൽ പൊതുവെയും വ്യക്തികളെ പ്രത്യേകമായും സ്വാധീനിക്കുന്ന ഈ കാലത്ത് ജനാധിപത്യം വെല്ലുവിളി നേരിടുന്നു. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ നയിക്കപ്പെടുന്ന സംവിധാനം നിലനിൽക്കുന്നത്, നന്മയുടെ പക്ഷത്തു നില്ക്കുന്ന പൊതുബോധത്തെ മുൻനിർത്തിയാണല്ലോ. അതിനാൽ തന്നെ ഈ വിഷയം ഐക്യദീപം മാസികയുടെ വായനക്കാർ ചർച്ചചെയ്യുമെന്നു കരുതുന്നു. നവമാധ്യമങ്ങൾ, അവയുടെ സാധ്യതകൾ ഇവിടെ വിശദമാക്കുന്നു, വളരെ കാലമായി നാം പഠനവിഷയമാക്കിയ വസ്തുതകളാണവ. ഡിജിറ്റൽ യുഗത്തിലേക്ക് ധൈര്യമായി പ്രവേശിക്കാൻ സഭയോട് ബനഡിക്റ്റ് 16-ാമൻ പാപ്പ പറയുകയുണ്ടായി ("Without fear we must sail on the digital sea, facing into the deep with the same passion that has governed the ship of the church for two thousand years"). 48-ാമത് ലോക മാധ്യമദിനത്തിൽ ഫ്രാൻസിസ് പാപ്പ നല്കിയ സന്ദേശം വ്യത്യസ്തമല്ല. "ധൈര്യമായി ഡിജിറ്റൽ ലോകത്തെ പൗരന്മാരാകാം. ആശയവിനിമയ ലോകത്തിൽ ശ്രദ്ധിക്കുന്നവരും ലഭ്യമാകുന്നവരുമാകാൻ സഭയ്ക്ക് കഴിയണം. ഇന്നത്തെ ജനതയോടു സംവദിക്കാനും, അവരെ ക്രിസ്തുവിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കാനും വേണ്ടി." ബിഷപ് ഫുൾട്ടൻ ജെ ഷീന്റെ ടെലിവിഷൻ പ്രഭാഷണങ്ങൾ ഉണർത്തിയ ആവേശമായിരിക്കാം പ്രായോഗികതലത്തിലെ ആദ്യ ഉദാഹരണങ്ങളിലൊന്ന്.

എന്നാൽ നവമാധ്യമകാലത്തെ ചില സൂചനകൾ ശ്രദ്ധയോടെ കാണേണ്ടതുണ്ട്. ജനാധിപത്യസ്വഭാവം എന്നത് എല്ലാവരുടെയും സ്വരം കേൾക്കപ്പെടുന്നു എന്ന ഉറപ്പുകൂടിയാണ്. നോം ചോംസ്കിയെ പോലെയുള്ള ചിന്തകർ ഭയപ്പെടുന്ന 'media control' ന്റെ അപകടകരമായ ഒരു മുഖമുണ്ട്. അതുപോലെ Robert W. McChesney യുടെ 'corporate media and the threat to democracy', 'rich media, poor democarcy' എന്നീ പുസ്തകങ്ങളിലൂടെ പങ്കുവയ്ക്കുന്ന ആശങ്ക നമ്മുടെ നാടിനും ബാധകമാവുന്നു. പത്രധർമ്മം എന്നു പാടി പുകഴ്ത്തിയ ജനാധിപത്യത്തിലെ അനിവാര്യ ശക്തി ചോരുന്നു, വഴി മാറുന്നു. പാവപ്പെട്ടവന്റെ പക്ഷം അല്ലാതാകുന്നു, ഇരയുടെയും വേട്ടക്കാരന്റെയും പേരുപറഞ്ഞ് 'കാഴ്ചക്കാരന്റെ' ചിന്താശേഷിയെ തകർക്കുന്നു അല്ലെങ്കിൽ വെല്ലുവിളിക്കുന്നു. കാരണം 'വാർത്ത' ഒരു കമ്പോള ഉൽപന്നമാണിന്ന്. ലാഭം നൽകേണ്ട ഒരു വാണിജ്യപ്രക്രിയ. Robert W. McChesney ഇതിനെ വിളിക്കുന്നത് 'hyper commercial corporate media - system' എന്നാണ്. നാം അവയെ അന്ധമായി വിശ്വസിക്കുന്നു ഒരു പരിധിവരെ ഭയക്കുന്നു. കാരണം അവയുടെ സ്വാധീനം കാഴ്ചകളിലും ശബ്ദങ്ങളിലും നിറഞ്ഞു നില്ക്കുന്നു. 'Politicaly Sacrosanct' എന്നു വിശേഷിപ്പിക്കപ്പെടുന്ന തലത്തിൽ സ്വാധീനിക്കുന്നു.

നവമാധ്യമങ്ങളിലെ പക്ഷംചേരലുകൾ, അഭിപ്രായപ്രകടനങ്ങളിൽ കാണുന്ന അക്ഷമ, ചില മുഖ്യധാര വാർത്ത അവതാരകർ പ്രകടമാക്കുന്ന അസഹിഷ്ണുത, വർഗ്ഗീയ ചേരിതിരിവുകൾ ഇവ നമ്മുടേതു പോലുള്ള ബഹുസ്വര സമൂഹത്തിനു ഗുണകരമാണോ എന്നു ചർച്ച ചെയ്യണം. വ്യത്യസ്ത നിലപാടുകളോട് സഹിഷ്ണുതയോടെ ഇടപെടാൻ കഴിയുന്ന തലമുറയെ നവമാധ്യമ കാലത്തിനു സമ്മാനിക്കാൻ കഴിയും. പക്ഷെ ബോധപൂർവ്വം ഓരോരുത്തരും ശ്രമിക്കണം. ആൾക്കൂട്ടത്തിന് മസ്തിഷ്കം കടം നല്കാതിരിക്കുക. പരമ്പരാഗത മാധ്യമങ്ങൾ (TV ഉൾപ്പെടെ) ഇക്കാര്യത്തിൽ നടത്തുന്ന അഭിപ്രായ രൂപീകരണത്തെക്കാൾ ശക്തവും വ്യാപകവു മാണ് Computer - Mediated Communication (CMC) ന്റെ സാധ്യതകൾ. Jeff Chester ന്റെ വാക്കുകൾ, "electronic media system designed to sell than serve the public, dominated by commercial forces armed with aggressive digital marketing, interactive advertising and personal data collection" ( Digital Destiny: New Media and the future of Democracy) ലാഭകരമായ വാർത്തകൾ, സാമൂഹിക ഇടപെടലുകൾ, അഭിപ്രായരൂപീകരണം ഇവ നവമാധ്യമകാലത്തു വർദ്ധിക്കുന്നു. വിപ്ലവം സൃഷ്ടിക്കാനുള്ള നവമാധ്യമശക്തിയെ വിലകുറച്ചു കാണാതെ മറുവശം അവതരിപ്പിച്ചു എന്നു മാത്രം. ജാഗ്രതയാണ് ജനാധിപത്യത്തിന്റെ സംരക്ഷണത്തിനാവശ്യം. എല്ലാവരെയും ബഹുമാനിക്കുന്ന, ആദരിക്കുന്ന, ശ്രവിക്കുന്ന ജനാധിപത്യം ആത്മീയതയിൽ അടിയുറച്ചതാണന്നുകൂടി ഓർമ്മിക്കാം.



ഇടയശബ്ദം

മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്

ഭൂരിപക്ഷ സമൂഹവും ഇന്ന് ഭയവിഹ്വലത യോടെ ശ്രവിക്കുന്ന ഒരു വാക്കായി മാറിയിരി ക്കുന്നു മാധ്യമങ്ങൾ എന്നത്. എത്രയെത്ര കുടുംബങ്ങളും സ്ഥാപനങ്ങളും വ്യക്തികളുമാണ് മാധ്യമങ്ങളുടെ അധാർമ്മിക തേരോട്ടത്തിൽ അരിഞ്ഞു വീഴ്ത്തപ്പെട്ടിട്ടുള്ളത്. കൈവിട്ട അമ്പും വാവിട്ട വാക്കും തിരിച്ചെടുക്കാൻ പറ്റില്ല. ഈ ലക്കം ഐക്യദീപം ചർച്ചചെയ്യുന്നത് ഈ വിഷയ മാണ്.

മാധ്യമങ്ങൾ എന്നു പറയുമ്പോൾ ഇന്ന് ദൃശ്യ- ശ്രാവ്യ- അച്ചടി - മാധ്യമങ്ങൾ ആണ് പ്രധാനമായ വ. ഇന്നു പത്രവായന നന്നേ കുറവ്. ടെലിവിഷൻ പ്രേഷകരുടെ എണ്ണവും അങ്ങനെ തന്നെ. ശ്രാവ്യമാധ്യമങ്ങൾ പൊതുവെ വിജ്ഞാനത്തിനും വിനോദത്തിനും ആയി പരിമിതമാക്കപ്പെട്ടിരിക്കു ന്നു. എന്നാൽ ഇന്ന് വ്യക്തികളിലേക്ക് ശക്തമായി

# മാധ്യമസംസ്ക്കാരത്തിലെ കള്ളനാണയങ്ങൾക്കെതിരെ ജാഗ്രത പാലിക്കുക




പടർന്നുകൊണ്ടിരിക്കുന്നത് സാമൂഹ്യമാധ്യമങ്ങളാണ്. Face book, Twitter, blogs, Whatsapp തുടങ്ങിയവ ഇതിലെ ഏതാനും ചിലതു മാത്രം. ആർക്കും എന്തും സ്വന്തമായും സ്വതന്ത്ര മായും എഴുതാം എന്ന അവസ്ഥയിലേക്ക് കാര്യ ങ്ങൾ എത്തിനിൽക്കുന്നു. ആശയങ്ങൾ സംവദിച്ച് ഒരുഘട്ടമെത്തുമ്പോൾ എതിരാളിയെ അസഭ്യം പറയുന്നതിനും കല്ലുവച്ച നുണ പ്രചരിപ്പിക്കുന്ന തിനും വഴിമാറുന്നു. വ്യക്തിഹത്യ നടത്തി ഏറെ കിരാതമായ പീഡന മാണ് ഈ മാധ്യമങ്ങളി ലൂടെ സംഭവിക്കുന്നത്. മനുഷ്യൻ ഇത്രയും അധഃപതിക്കാമോ?. സംഘടിതമായി സാമൂഹിക സ്പർദ്ധ വളർത്തുന്നതിനും തെറ്റായ വിവരങ്ങൾ നൽകി സമൂഹത്തിൽ കലാപം ഉണ്ടാക്കി ചേരിതി രുവുകൾ ഉണ്ടാക്കുന്നതിനും ഇടയാകുന്ന അപകട കരമായ അവസ്ഥയിലേക്ക് അധഃപതിക്കുന്നു.

ദൈവം പറയുന്നു : ഹൃദയത്തിന്റെ തികവിൽ നിന്നും അധരങ്ങൾ സംസാരിക്കുന്നു. പുറത്തു നിന്നും വരുന്നതല്ല മനുഷ്യനെ അശുദ്ധ നാക്കുന്നത് മറിച്ച് അകത്തു നിന്നും-ഹൃദയത്തിൽ നിന്നും- പുറത്തേക്കുവരുന്നവയാണ് മനു ഷ്യനെ അശുദ്ധനാക്കുന്നത്. ഹൃദയത്തിൽ കോപം സൂക്ഷിക്കുന്നവരും മറ്റുള്ളവരെ നിഷ്ഠൂരമായി ഉപദ്രവിക്കാൻ ആഗ്രഹിക്കുന്ന വരും സ്വന്തം കൈകൊണ്ടു തീക്കനലുകൾ വാരി എതിരാളിയെ എറിയാൻ ശ്രമിക്കു ന്നതുപോലെ യാണ്. അത് ലക്ഷ്യം കാണുക യില്ല എന്നു മാത്രമല്ല കനലുകൾ വാരിയ കൈകൾ തീയിൽ പൊള്ളുകയും ചെയ്യും

(ബുദ്ധിസം).

വ്യക്തിത്വവും അഭിമാനവും സംരക്ഷിക്കുക എന്നത് പൗരധർമ്മത്തിന്റെ ഭാഗമാണ്. ക്രിസ്തീയ ധാർമ്മികതയുടെ അടിത്തറയായി യേശുനാഥൻ പറയുന്നു: മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്നാഗ്രഹിക്കുന്നുവോ അതുപോലെ നിങ്ങൾ ചെയ്യുവിൻ . എല്ലാ ധാർമ്മികതയുടെയും അടിത്തറ ഈ നിയമത്തിലാണ്. എന്നെക്കുറിച്ചു മറ്റുള്ളവർ നല്ലതു മാത്രം പറയണമെന്നാഗ്രഹിക്കുകയും എന്നാൽ എനിക്കു മറ്റുള്ളവരെക്കുറിച്ച് എന്തും പറയാമെന്നുള്ള ധാർഷ്ഠ്യം കാട്ടുകയും ചെയ്യുന്നത് പരിഷ്കൃത സമൂഹത്തിന് ചേർന്നതല്ല.



പ്രതിപക്ഷബഹുമാനം ജനാധിപത്യത്തിനും ധാർമ്മികപരിപാലനത്തിനും ഏറ്റം അനുപേക്ഷണീയമാണ്. ഈ കാര്യങ്ങളിൽ ബന്ധപ്പെട്ട അധികാരികൾ ജാഗ്രത കാണിക്കേണ്ടതാണ്.

സാമൂഹ്യമാധ്യമ ഇടപെടലുകൾ ധാരാളം നന്മയുണ്ടാക്കുന്നു എന്നത് മറച്ചുവയ്ക്കാൻ പറ്റില്ല. മാധ്യമ ഇടപെടലുകൾ പൊതുജനശ്രദ്ധയെ തട്ടിയുണർത്തുന്നതിന് പര്യാപ്തമാണ്. ഏതിനും ഉടനടി പ്രതികരണങ്ങൾ ഉണ്ടാകാം എന്നതുകൊണ്ട് കരുതലും സ്വയനിയന്ത്രണവും ഈ രംഗത്ത് ഉണ്ടാകാം.

ഇവയൊക്കെ ഉണ്ടെങ്കിലും കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതെയുള്ളു. വമ്പൻ സ്രാവുകൾ പോലും തിന്മചെയ്യുന്നതിനോ അതിന് ആലോചനകൾ നടത്തുന്നതിനോ കൂട്ടുനില്ക്കുന്നു. ഇതിൽ നിന്നും നാം മനസിലാക്കേണ്ടത് എന്താണ് ? മനുഷ്യന്റെ മനഃസാക്ഷിയെ രൂപപ്പെടുത്തുക എന്നതാണ് ഏറ്റം പ്രധാന ഘടകം. തെറ്റും ശരിയും വേർതിരിക്കുവാനുള്ള കഴിവ് മനുഷ്യൻ സ്വായത്തമാക്കാൻ സഹായിക്കണം. അതിന് മാധ്യമ വിജിലൻസ് സഹായകമാകണം.

സാമൂഹിക മാധ്യമങ്ങൾ ലക്ഷ്യം വയ്ക്കുന്ന നന്മ അവയിലൂടെ ലഭിക്കാതെ പോകുന്നത് അതിന്റെ ദുരുപയോഗം മൂലമാണ്. സംഘാതമായി താറടിക്കുന്നതിനോ, തെറ്റുകളെ സംരക്ഷിക്കുന്നതിനോ വേണ്ടി വാടകയ്ക്ക് എടുക്കപ്പെട്ടവരെപ്പോലെയുള്ള ചാനൽ പ്രവർത്തകരുടെ ശൈലികൾ കാണുമ്പോൾ- അരങ്ങിലുള്ള ഏതാനുംപേരുടെ സായാഹ്നവിനോദമായി ചർച്ചകളെ പൊതുജനം വിലയിരുത്തുന്നു. ഇവിടെ ആരോഗ്യപരമായും ഗൗരവമായും വിഷയങ്ങളെ സമീപിക്കുവാൻ മാധ്യമങ്ങൾ ശ്രദ്ധിക്കുകയാണ് വേണ്ടത്.

ചിലരെ പ്രീതിപ്പെടുത്തിയും മറ്റുചിലരെ ഭീഷണിപ്പെടുത്തിയും പ്രതികരിക്കുന്നവരെ ആക്രമിച്ച് നിശബ്ദരാക്കിയും ഒക്കെ മാധ്യമ വിചാരണ മുമ്പോട്ടുപോകുന്നു. ഇപ്രകാരമുള്ള മാധ്യമ പ്രവർത്തനങ്ങളുടെ അപചയം സ്വജനപക്ഷപാതമാണെന്ന് വിലയിരുത്തപ്പെടും. അപ്പോൾ അവയുടെ സ്ഥാനം ചവറ്റുകുട്ടയിലായിരിക്കും.

സമൂഹനിർമ്മിതിയിൽ ഉത്തരവാദിത്വപ്പെട്ട ഘടകം ആണ് നാലാം തൂണ് (എീൗൃവേ ഋേമലേ) എന്നു വിളിക്കപ്പെടുന്ന മാധ്യമപ്രവർത്തനം. സത്യസന്ധമായ വാർത്തകളും അവലോകനങ്ങളുമാണ് അവയിൽ നിന്ന് പ്രതീക്ഷിക്കുന്നത്. നേരിൽ കണ്ടതാണെന്ന് പൊതുജനത്തിനു പ്രതീതിയുണ്ടായാൽപ്പോലും പലതും കൂട്ടിച്ചേർക്കപ്പെട്ടതോ ഭാഗികമായി മാത്രം ശരിയോ ആണെന്ന് തിരിച്ചറിയുവാൻ വൈകുന്ന പൊതുജനത്തെ ചർച്ചകൾക്ക് നേതൃത്വം നൽകുന്ന കുറെപ്പേർ വിഢ്ഢികളാക്കുകയാണ്. സത്യമേത് മിഥ്യയേത് എന്ന് സാമാന്യ ജനത്തിന് മനസിലാക്കാൻ സാധിക്കാത്തവിധം മാധ്യമങ്ങൾ അധഃപ്പതിച്ചിരിക്കുന്നു.

ഈ മേഖലയിൽ നല്ല തീരുമാനങ്ങൾ കൈക്കൊള്ളുവാൻ ഐക്യദീപം വായനക്കാരെ ഈ ലക്കം ലേഖനങ്ങൾ സഹായിക്കട്ടെ എന്നു ആശംസിക്കുന്നു. മാധ്യമ അധികാരം ദുർവിനിയോഗിക്കാനുള്ളതല്ല, സമൂഹത്തിനു നന്മചെയ്യുവാനുള്ളതാണ്. നന്മയുടെ വേരുകളെ കണ്ടെത്തി പരിപോഷിപ്പിക്കുകയും തിന്മയുടെ സ്വാധീനങ്ങളെ ഇല്ലാതാക്കുകയുമാണ് വേണ്ടത്. ഈ ആർജ്ജവമാണ് ഏറെ പ്രധാനം. ■



# വലാധിപത്യ കാലം



വി. കെ ആദർശ്

ജനാധിപത്യ ലോകത്ത് സ്വതന്ത്ര അഭിപ്രായങ്ങൾ അതിന്റെ ജീവവായു ആണ്. ഭരണഘടന പൗരന്മാരുടെ അഭിപ്രായ സ്വാതന്ത്ര്യത്തിന് പരമപ്രധാനമായ സ്ഥാനമാണ് നൽകിയിട്ടുള്ളത്, മൗലികാവകാശങ്ങളിൽപ്പെടുത്തി അതിനെ ഭദ്രമായി നിലനിർത്തി. മാറി വരുന്ന സർക്കാരുകളുടെ ഇച്ഛയ്ക്കനുസരിച്ച് അത്രയെളുപ്പം ഇതിനെ കൈകാര്യം ചെയ്യാനുമാകില്ല. പിന്നീട് നിയമനിർമ്മാണ സഭകൾ ഏതൊക്കെ നിയമങ്ങൾ പാസാക്കി, തുടർന്ന് ചട്ടങ്ങളൊക്കെ നിർമ്മിച്ച് പ്രയോഗിച്ചാൽ തന്നെയും അഭിപ്രായ പ്രകടന സ്വാതന്ത്ര്യത്തിനു മേലെ അത് നിയമപരമായി നിലനിൽക്കില്ല എന്നത് ഐടി ആക്റ്റിലെ 66 എ വകുപ്പ് റദ്ദ് ചെയ്ത് കൊണ്ട് സുപ്രീം കോടതി വിധിച്ചത് പൊതുസമൂഹത്തിന് ആശ്വാസം നൽകുമ്പോൾ, സഭകൾ ഇനിയുണ്ടാക്കുന്ന നിയമങ്ങൾ കരുതലോടെയെ മൗലികാവകാശങ്ങൾ പോലെയുള്ളതിനെ സ്പർശിക്കാവൂ എന്ന താക്കീത് കൂടിയായിരുന്നു. ഇതെഴുതുന്ന വേളയിൽ ആധാറുമായി ബന്ധപ്പെട്ട് മറ്റൊരു നിർണ്ണായക വിധിയുടെ വക്കിലാണ് നാം. സ്വകാര്യതയും മൗലികാവകാശവും തമ്മിലുള്ള പൊരുത്തമാണ് നിലവിൽ ആഴത്തിലും പരപ്പിലും നിയമപരമായി പരിശോധിക്കപ്പെടുന്നത്. 66 എ യിലൂടെ മറ്റൊരു തരത്തിൽ പറഞ്ഞാൽ അപ്രഖ്യാപിത സെൻസർഷിപ്പാണ് ഇല്ലാതായത്. ഡെമോക്രസിയിൽ നെറ്റോക്രസിക്ക് കാര്യമായ പങ്ക് വഹിക്കാനുണ്ട്, അഥവാ ജനാധിപത്യത്തിൽ വലാധിപത്യം ഇന്നിന്റെ അനിവാര്യതയായി മാറിക്കൊണ്ടിരിക്കുന്നു. അ ത്യന്തം സുതാര്യമായ

നെറ്റിടങ്ങളിൽ പൗരന്റെ സ്വകാര്യത മറ്റൊരു അർത്ഥത്തിൽ സുരക്ഷിതത്വം തന്നെയാണ്.

നമുക്കെല്ലാം കരഗതമായ ആശയാവിഷ്കാര സ്വാതന്ത്ര്യത്തിൽ കൈവയ്ക്കാൻ കേവലം രണ്ട് സാഹചര്യത്തിൽ മാത്രമേ ഭരണകൂടത്തിനാവുകയുള്ളു. ആദ്യത്തേത് അനുച്ഛേദം 19 (2) പ്രകാരം രാജ്യസുരക്ഷ. മറ്റ് രാജ്യങ്ങളുമായുള്ള നയതന്ത്രബന്ധം, പൊതുക്രമം....അങ്ങനെയുള്ളതിൽ വേണമെങ്കിൽ യുക്തിസഹമായ പരിമിതപ്പെടുത്തൽ ആകാം. ഈ യുക്തിസഹമെന്നത് വളരെ കൃത്യമായി ബോധ്യപ്പെടണം, അല്ലാതെ തലങ്ങും വിലങ്ങും എടുത്ത് വീശാനാകില്ല. സമീപകാലത്തൊന്നും ഈ അനുച്ഛേദം അനുസരിച്ച് അഭിപ്രായ സ്വാതന്ത്ര്യത്തെ ശിരച്ഛേദം വരുത്താനുള്ള ഒരു സാഹചര്യവും ഉണ്ടായിട്ടുമില്ല എന്നത് ഓർക്കണം. രണ്ടാമത്തെ സാഹചര്യം സർക്കാരിന് കീഴിലെ ചില വകുപ്പുകളിൽ ജോലി ചെയ്യുന്നവർക്ക് തുറന്ന് പറയാനും എഴുതാനും സാധിക്കില്ല എന്നതാണ്. ഇത് പ്രതിരോധസേനയേയും, ആഭ്യന്തര ക്രമസമാധാനത്തിന് ഉപയോഗിക്കുന്ന സേനയേയും പിന്നെ രഹസ്യാന്വേഷണ വകുപ്പിനെയും ഉദ്ദേശിച്ചുള്ളതാണ്. എന്ന് വച്ചാൽ ഇതിൽ പെടാത്ത സർക്കാർ ഉദ്യോഗസ്ഥർക്ക് യഥേഷ്ടം തങ്ങളുടെ വിശ്രമ ഒഴിവ് വേളകളിൽ സർക്കാരിനെ കർശനമായും വിമർശിക്കാം. അത്ര സ്വാതന്ത്ര്യം നമുക്ക് ഉണ്ട് എന്നത് സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പോലും അറിയില്ല എന്നത് പറയേണ്ടതില്ലല്ലോ. ഇപ്പോൾ ഐടി ആക്ടിലെ 66എ എന്ന കരിനിയമം ഇല്ലായ്മ ചെയ്തത് പോലെ വിവിധ സർക്കാർ ജീവനക്കാരുടെ സർവീസ് ചട്ടങ്ങളിലും കോടതി ഇടപെട്ടിട്ടുണ്ട് എന്നതും ഈ സന്ദർഭത്തിൽ സൂചിപ്പിക്കട്ടെ. പറഞ്ഞ് വരുന്നത് നിങ്ങൾ സർക്കാരിൽ നിന്ന് ശമ്പളം പറ്റുന്ന ജോലിക്കാരൻ ആയിരിക്കുമ്പോൾ പോലും ഭരണഘടന നൽകുന്ന മൗലികവകാശമായ അഭിപ്രായപ്രകടന സ്വാതന്ത്ര്യത്തിന് ഒട്ടും കുറവ് വരുന്നില്ല, വരുത്താൻ ആകുകയുമില്ല.


സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ വൻ തോതിൽ വിവരങ്ങൾ സൃഷ്ടിച്ച് കൊണ്ടിരിക്കുന്നു, ഇത് നെല്ലാകാം പതിരാകാം. അത് വക തിരിഞ്ഞ് അറിയാനുള്ള ശേഷിയും ഈ ഓൺലൈൻ ജനാവലിക്ക് തന്നെ വിടുന്നതാകും ഉചിതം. എന്ന് വച്ച് ആരെയും എന്തും പറഞ്ഞ് ആക്ഷേപിക്കാമെന്നല്ല, അതിന്റെ പേർ അപകീർത്തി എന്നാണ്. ഇതിനെ കൈകാര്യം ചെയ്യാൻ ഇന്റർനെറ്റ് പൂർവകാലഘട്ടത്തിൽ തന്നെ നിയമങ്ങളും ചട്ടങ്ങളും ഉണ്ട്. അഭിപ്രായപ്പെരുക്കത്തിന് ഇന്ന് ജനാധിപത്യത്തിൽ വലിയ മർമ്മ പ്രധാനമായ സ്ഥാനമാണുള്ളത്. ഒരു തരം അസ്വസ്ഥത ഇതുണ്ടാക്കും, ഉണ്ടാക്കണം. ഈ പരുക്കൻ പ്രതികരണങ്ങൾ ജനങ്ങളുടെ അവകാശമാണ്. ഇനി 66എ എന്താണെന്ന് നോക്കാം. അപ്പോൾ വ്യക്തമാകും എവിടെയാണ് സ്വാതന്ത്ര്യങ്ങൾ കവരുന്നതെന്നും, എന്തുകൊണ്ടാണ് ദീർഘമായ വ്യവഹാരങ്ങൾക്കും പരിശോധനകൾക്കും ശേഷം സുപ്രീം കോടതി തന്നെ ഈ കരിനിയമം റദ്ദാക്കിയതെന്നും. 'കംപ്യൂട്ടറിൽ ഉള്ള ഉറവിടങ്ങൾ വച്ച് അല്ലെങ്കിൽ ഉപകരണം തന്നെ വച്ചോ അലോസരം, അസൗകര്യം,




(ശേഷം 12-ാം പേജിൽ)



# നവലോകത്തെ നിർണയിക്കുന്ന നവമാധ്യമങ്ങൾ



ഫാ. ജോളി വടക്കൻ

‘മലയാള സിനിമാലോകത്തിലെ *പ്രമുഖനടൻ* അറസ്റ്റിൽ’ എന്ന ശീർഷകവുമായാണ് ഈ ലേഖനം എഴുതുന്ന ദിവസത്തെ (11.07.2017) പത്രമാധ്യമങ്ങളെല്ലാം പുറത്തിറങ്ങിയിരിക്കുന്നത്. ഒരു *പ്രമുഖ നടി* പീഡിപ്പിക്കപ്പെട്ടതുമായ കേസ് നടന്നിട്ട് മാസങ്ങൾ അഞ്ചു കഴിഞ്ഞെങ്കിലും ഇപ്പോഴാണ് പോലീസ് അന്വേഷണത്തിന്റെ ഭാഗമായുള്ള പ്രസക്തമായ വിവരങ്ങൾ പുറംലോകം അറിയുന്നത്. എന്നാൽ ഈ സംഭവം നടന്ന് മണിക്കൂറുകൾക്കുള്ളിൽത്തന്നെ ഈ ക്യൂരകൃത്യത്തിന് പിന്നിലുള്ള പ്രമുഖനടൻ ആരാണെന്ന് നവമാധ്യമങ്ങൾ പ്രചരിപ്പിക്കുന്നുണ്ടായിരുന്നു. കൂടുതൽ തുടരന്വേഷണങ്ങൾക്ക് പോലീസിനെയും ഭരണാധികാരികളെയും എന്തിന് ജുഡീഷ്യറിയെവരെ സമ്മർദത്തിലാക്കുമാറ് ഈ സാമൂഹിക മാധ്യമങ്ങൾ ശക്തിപ്രാപിച്ചുവെന്ന് ഒരുപരിധിവരെ അംഗീകരിക്കേണ്ടിവരുന്നു എന്നതാണ് യാഥാർഥ്യം.

2017 ജനുവരിയിൽ തമിഴ്നാട്ടിൽ അരങ്ങേറിയ ജെല്ലിക്കെട്ട് വിപ്ലവത്തെക്കുറിച്ച് അടുത്തറിയുമ്പോൾ അതിന്റെയും പിറകിൽ നവമാധ്യമങ്ങൾ വഹിച്ച പങ്ക് വലുതായിരുന്നു. 2014-ൽ സുപ്രീംകോടതി നിരോധിച്ച പൊങ്കൽ ഉത്സവത്തോടനുബന്ധമായി നടന്നുവന്നിരുന്ന ജെല്ലിക്കെട്ട് പുന:സ്ഥാപിക്കാൻ നിയമഭേദഗതിക്കായി ലക്ഷക്കണക്കിനു മനുഷ്യരാണ് ആരുടേയും പ്രത്യേക ആഹ്വാനമില്ലാതെ തെരുവിലിറങ്ങിയതും തമിഴ്നാട് മുഴുവൻ നിശ്ചലമായതും. അതേതുടർന്നാണ് പ്രത്യേക ഓർഡിനൻസ് പ്രകാരം ജെല്ലിക്കെട്ട് നടത്താൻ അനുവാദം നല്കിയതും നവമാധ്യമങ്ങളെ എഴുതിതള്ളാനാവില്ല എന്ന് തെളിയിക്കപ്പെട്ടതും.

## മാധ്യമലോകം വിസ്മയലോകം

വാർത്താവിനിമയരംഗത്തും വിനോദവിജ്ഞാനമേഖലയിലും മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് വിലമതിക്കാനാകാത്തതാണ്. നവോത്ഥാനത്തിന്റെ ദീപശിഖകളായി കണക്കാക്കപ്പെട്ടിരുന്ന മാധ്യമങ്ങൾ ജനാധിപത്യ സംവിധാനത്തിൽ നാലാം തൂണായിട്ടാണ് (Fourth Estate) പരിഗണിക്കപ്പെട്ടിരുന്നത്. ജനാധിപത്യമൂല്യങ്ങളും പൗരാവകാശങ്ങളും പാലിക്കപ്പെടുന്നുണ്ടോ എന്ന് ജനങ്ങളുടെ കണ്ണും കാതുമായി നിന്ന് ജാഗ്രത പുലർത്തേണ്ട മാധ്യമ

ങ്ങൾ 'സെൻസേഷനൽ വാർത്ത'കളുടെ പുറകെ പരക്കംപാഞ്ഞ് 'ബ്രെയ്ക്കിംഗ് ന്യൂസ്'കൾക്കായ് ഗോസിപ്പുകൾ ചമക്കുമ്പോൾ വിസ്മരിക്കപ്പെടുന്നത് സത്യസന്ധമായ വാർത്തകൾ ലഭിക്കാനുള്ള സാധാരണക്കാരുടെ അവകാശങ്ങളാണ്. മാധ്യമങ്ങളുടെ താളുകളിലും ചാനലുകളുടെ വാർത്താമുറികളിലും ഓരോ നിമിഷവും സത്യം മരിച്ചുകൊണ്ടിരിക്കുകയാണ്. ഫിക്ഷനും ഫാക്ടും തമ്മിലുള്ള വിടവ് തിരിച്ചറിയാനാകാത്തവിധം




വാർത്തകൾ മാറുകയും വാസ്തവ വിരുദ്ധമായ വാർത്തകൾ (Fake News) വ്യാപകമായി വ്യാവസായികാടിസ്ഥാനത്തിൽ നിർമിക്കപ്പെടുകയും ചെയ്യുമ്പോൾ മാധ്യമങ്ങൾക്ക് ഒരിക്കലും ജനാധിപത്യത്തിന്റെ കാവലാൾ ആകാൻ കഴിയില്ല. റിപ്പോർട്ടേഴ്സ് വിത്തൗട്ട് ഫ്രോണ്ടിയേഴ്സ് (Reporters without Frontiers) എന്ന രാജ്യാന്തരസംഘടന 180 രാജ്യങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് നടത്തിയ പഠനങ്ങളിൽ പ്രസ് ഫ്രീഡം റാങ്കിങ്ങിൽ ഇന്ത്യയുടെ സ്ഥാനം 136 ആണ് എന്നറിയുമ്പോൾ ഈ രാജ്യത്തെ മാധ്യമങ്ങൾ ആർക്കുവേണ്ടി നിലകൊള്ളുന്നു എന്ന് ഊഹിക്കാനാകും. ഇത്തരം ഒരു സാഹചര്യത്തിലാണ് നവമാധ്യമങ്ങൾ കൂടുതൽ ശക്തിയാർജിച്ച് സമൂഹത്തിൽ വ്യാപരിക്കാൻ തുടങ്ങിയത്.

## നവമാധ്യമങ്ങൾ നിർവചനീയമോ?

ഇന്റർനെറ്റുമായി ബന്ധപ്പെട്ട് ആശയങ്ങളും ചിത്രങ്ങളും ശബ്ദങ്ങളും ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ച് പങ്കുവയ്ക്കുന്നതിനെയാണ് നവമാധ്യമം എന്ന് ഒറ്റവാക്കിൽ പറയാമെങ്കിലും കൃത്യമായ ഒരു നിർവചനം കണ്ടെത്തുക എളുപ്പമല്ല. എന്നാൽ ഇന്ന് സമൂഹത്തിന്റെ എല്ലാ പ്രധാനപ്പെട്ട സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ-മതപര മേഖലകളിലെല്ലാംതന്നെ ഈ നവമാധ്യമങ്ങൾ സൃഷ്ടിക്കുന്ന ചലനങ്ങൾ വിസ്മയിപ്പിക്കുന്നവയാണ്. പരമ്പരാഗത മാധ്യമ ഉപാധികളായിരുന്ന റേഡിയോ, ടെലിവിഷൻ, പത്രമാധ്യമങ്ങൾ എന്നിവയെയെല്ലാം നിഷ്പ്രഭമാക്കുമാറ് ശക്തിയാർജിക്കുകയായിരുന്നു ഈ നൂതന ആശയവിനിമയസാധ്യത. സ്വതന്ത്രചിന്തകർക്കും മാധ്യമങ്ങൾ നല്കുന്നതിൽനിന്നും വ്യത്യസ്തമായ അഭിപ്രായങ്ങൾ ഉള്ളവർക്കും തങ്ങളുടേതായ രീതിയിൽ ആശയങ്ങൾ പ്രകടിപ്പിക്കാനുള്ള വലിയ സാധ്യതയാണ് ഇതിലൂടെ സംജാതമായത്.

## സാമൂഹികമാറ്റത്തിന്റെ മാറ്റൊലി

2011 ജനുവരി 25-ന് ഈജിപ്റ്റിൽ ഭരണാധികാരിയായിരുന്ന ഹോസ്നി മുബാറക്കിന്റെ രാജി ആവശ്യപ്പെട്ട് ആരംഭംകുറിച്ച മുല്ലപ്പൂ വിപ്ലവം (Jasmine Revolution) എന്ന പേരിൽ അറിയപ്പെട്ട ജനകീയ മുന്നേറ്റം നവമാധ്യമങ്ങളുടെ സ്വാധീനത്താൽ മാത്രം നടത്തപ്പെട്ട ഒന്നായിരുന്നു. അധികാരത്തിന്റെ ദണ്ഡുകൊണ്ട് അടിച്ചമർത്താൻ ശ്രമിച്ചെങ്കിലും ശക്തമായ ജനപ്രക്ഷോഭത്തിന്റെ മുമ്പിൽ ഈജിപ്റ്റിന്റെ ഭരണാധികാരി മുട്ടുമടക്കേണ്ടിവന്നു.

2012 ഡിസംബർ മാസത്തിൽ ഇന്ത്യയിൽ ന്യൂഡൽഹിയിൽവച്ച് അതിക്രൂരമായ രീതിയിൽ പീഡിപ്പിക്കപ്പെടുകയും പിന്നീട് മരിക്കുകയും ചെയ്ത ജ്യോതി സിംഗിന്റെ കൊലയാളികളെ കണ്ടുപിടിക്കണമെന്നാവശ്യപ്പെട്ട് ഡൽഹിയിലും തുടർന്ന് മറ്റു സംസ്ഥാനങ്ങളിലും നടന്ന 'നിർഭയ' മുന്നേറ്റവും നവമാധ്യമങ്ങളിലൂടെ സംഘടിപ്പിക്കപ്പെട്ടവയായിരുന്നു.

ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയിൽ 95 കോടിയിലധികംപേർ മൊബൈൽ ഉപയോഗിക്കുന്നവരും 32 കോടി ജനങ്ങൾ ഇന്റർനെറ്റിനെ ആശ്രയിക്കുന്നവരുമാണ്. നവമാധ്യമങ്ങളി

ലൂടെ പങ്കുവയ്ക്കപ്പെടുന്നവ മണിക്കൂറുകൾകൊണ്ട് കോടിക്കണക്കിന് വ്യക്തികളുടെ മുന്നിലേക്ക് എത്തപ്പെടുന്നു എന്നതുതന്നെയാണ് ഈ മാധ്യമത്തിന്റെ ശക്തി.

### ഇ – മാർക്കറ്റിങ്ങിന്റെ സാധ്യതകൾ

2017 ജൂൺ മാസത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി തന്റെ *മൻ കി ബാത്ത്* പ്രഭാഷണ പരമ്പരയിൽ ഇ-മാർക്കറ്റിങ്ങിലൂടെ ഒരു സാധാരണ വീട്ടമ്മക്ക് തന്റെ അധ്വാനംകൊണ്ടുണ്ടാക്കിയ വസ്തുക്കൾ ഇടനിലക്കാരുടെ സഹായമില്ലാതെ ഗവൺമെന്റിന് നേരിട്ട് നല്കാനായതിനെക്കുറിച്ച് വിവരിക്കുകയുണ്ടായി. ഇലക്ട്രോണിക് മാർക്കറ്റിങ്ങ്, ഇന്റർനെറ്റ് മാർക്കറ്റിങ്ങ്, വെബ്-മാർക്കറ്റിങ്ങ് തുടങ്ങി വ്യത്യസ്ത പേരുകളിൽ അറിയപ്പെടുന്ന ഓൺലൈൻ മാർക്കറ്റിങ്ങ് സംവിധാനങ്ങൾ ഈ കാലഘട്ടത്തിന്റെ വലിയ ഒരു മാറ്റംതന്നെയാണ്. ഓൺലൈനായി സേവനങ്ങൾ മാത്രമല്ല വസ്തുക്കളും വില്പനയ്ക്ക് ലഭ്യമാകുന്ന അവസ്ഥ കൂടുതൽ എളുപ്പത്തിലും കാര്യക്ഷമമായ രീതിയിലും നിർവഹിക്കാനാകും എന്നത് തർക്കമറ്റ വസ്തുതയാണ്.

### നവമാധ്യമങ്ങളിലെ ചതിക്കുഴികൾ

നന്മയുടെ അനന്തസാധ്യതകൾ തീർക്കുന്നതിനേക്കാൾ മാരകമായ രീതിയിൽ തിന്മയുടെ ദൂതന്മാരാകാനും നവമാധ്യമങ്ങൾക്ക് കഴിയും. ബ്ലൂ വെയിൽ ഗെയിം എന്നപേരിൽ അടുത്തകാലത്ത് ഇറങ്ങിയ ഒരു കമ്പ്യൂട്ടർകളി അപകടകരമായി മാറിയ വസ്തുത ഏറെ ഭയപ്പാടോടെയാണ് ലോകം തിരിച്ചറിഞ്ഞത്.

### സൈബർ ലൈംഗികത

ലോകത്ത് ഉപയോഗിക്കുന്ന 12 ശതമാനം സൈറ്റുകൾ പോൺസൈറ്റുകളാണെന്നാണ് കണക്കുകൾ പറയുന്നത്. ഡൗൺ ലോഡുകളിൽ 35 ശതമാനം ലൈംഗികമായ ദൃശ്യങ്ങളാണ്. അതായത് മൊത്തം ഡൗൺലോഡുകളിൽ 25 ശതമാനവും അശ്ലീല സൈറ്റുകളാണ്. ഇതുമൂലം വർദ്ധിച്ചുവരുന്ന ലൈംഗിക പീഡനകേസുകളിലും ബാലപീഡനകേസുകളിലും ഏർപ്പെടുന്നവരുടെ പ്രായം 10 വയസ്സുവരെയായി മാറിയിരിക്കുന്നു എന്നറിയുമ്പോഴാണ് ഇത്തരം സൈറ്റുകൾ എത്രമാത്രം നമ്മുടെ കുഞ്ഞുങ്ങളെപ്പോലും വഴിപിഴപ്പിക്കുന്നു എന്ന് നാമറിയുന്നത്.

### സൈബർ ഭീകരത

സൈബർ ഭീകരതയുടെ അനന്തരഫലങ്ങൾ അനുഭവിക്കേണ്ടിവന്നവരാണ് ഈ തലമുറ. *വാന്നാ ക്രൈ വൈറസ്* ലോകത്തെ നൂറിലേറെ രാജ്യങ്ങളുടെ കമ്പ്യൂട്ടറുകളെയാണ് ഒരേസമയം ആക്രമിച്ചത്. അതിനുശേഷം വന്ന 'പിയെച്ച വൈറസും' ഇത്തരം ആക്രമണം നടത്തി നവലോകത്തിൽ ഭയം സൃഷ്ടിക്കുകയാണ്.

### വ്യാജപ്രചാരണങ്ങൾ

കൊച്ചി മെട്രോ ഉദ്ഘാടനം കഴിഞ്ഞദിവസങ്ങളിൽതന്നെ സമൂഹമാധ്യമങ്ങളിൽ ഭിന്നശേഷിക്കാരനായിരുന്ന ഒരു യുവാവ് മദ്യപിച്ച് ലക്കുകെട്ട് ഉറങ്ങുന്നു എന്ന രീതിയിലുള്ള പ്രചരണം വ്യാപകമായി നടക്കുകയുണ്ടായി. എന്നാൽ ഇതിന്റെ സത്യാവസ്ഥ പിന്നീട് നാം മനസ്സിലാക്കിയതാണ്. അസത്യങ്ങളായ കാര്യങ്ങൾ കാര്യമായ തെളിവുകളില്ലാതെ പ്രചരിപ്പിക്കുന്നതും വ്യക്തിവൈരാഗ്യം തീർക്കാൻ ഇത്തരം സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതും ഗൗരവമേറിയ കുറ്റങ്ങൾതന്നെയാണ്.

### മാധ്യമധർമം ക്രൈസ്തവ വീക്ഷണത്തിൽ

വിസ്മയകരമായ സാങ്കേതികവിദ്യകളാൽ മാധ്യമലോകം അനുദിനം അതിവേഗം സഞ്ചരിക്കുമ്പോൾ സഭ ഏറെ താത്പര്യത്തോടെതന്നെയാണ് ഇത്തരം മാറ്റങ്ങൾ ഉൾക്കൊണ്ടിട്ടുള്ളത്. അച്ചടിവിദ്യ ഗുട്ടൻബർഗ് കണ്ടുപിടിച്ചപ്പോൾ അതിൽ ആദ്യത്തെ അച്ചടി ബൈബിൾതന്നെയായിരുന്നു. 1895-ൽ മാർക്കോണി റേഡിയോ കണ്ടുപിടിച്ചപ്പോൾ ആദ്യത്തെ റേഡിയോ സ്റ്റേഷൻ സ്ഥാപിതമായത് വത്തിക്കാനിലായിരുന്നു. മനുഷ്യബുദ്ധി അനുദിനം വികസിതമാക്കാൻ സഹായിക്കുന്ന ആധുനിക മാധ്യമങ്ങളെ സഭ വേണ്ടവിധം ഉപയോഗിച്ചില്ലെങ്കിൽ സഭ അവളുടെ നാഥന്റെമുമ്പിൽ കുറ്റക്കാരിയായി നില്ക്കേണ്ടിവരും എന്ന് സധൈര്യം പറഞ്ഞത് പോൾ ആറാമൻ പാപ്പായായിരുന്നു *(ഇവാഞ്ചെലിയും നുൺഷിയാന്തി).* സാമൂഹികസമ്പർക്കമാധ്യമങ്ങൾ ഉപയോഗിച്ച് രക്ഷയുടെ സന്ദേശം പ്രഖ്യാപിക്കുകയും അവയുടെ ശരിയായ ഉപയോഗത്തെക്കുറിച്ച് മനുഷ്യരെ പഠിപ്പിക്കുകയും ചെയ്യുന്നത് സഭയുടെ കടമയാണെന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസും പഠിപ്പിക്കുകയുണ്ടായി *(ഇന്റർമീരിഫിക്ക 2).* ആധുനികമാധ്യമങ്ങളുടെ മാസ്മരവിദ്യകളിൽ മയങ്ങിപോകുന്ന പുതുതലമുറയ്ക്ക് ഈ മാധ്യമങ്ങളിലൂടെ തന്നെ ക്രൈസ്തവദർശനം പങ്കുവയ്ക്കുക എന്ന ആയാസകരമായ ദൗത്യമാണ് സഭയ്ക്ക് ഇന്ന് നിർവഹിക്കാനുള്ളത്. സുവിശേഷസന്ദേശം ആനുകാലികസംസ്കാരത്തിലേക്ക്, പ്രത്യേകിച്ച് നമ്മുടെ മാധ്യമസംസ്കാരത്തിലേക്ക് അനാവരണംചെയ്ത് വ്യാഖ്യാനിക്കാനുള്ള സാധ്യതയാണ് സഭ കണ്ടെത്തേണ്ടത്. വാർത്തകളുടെ പിന്നാമ്പുറങ്ങളിലുള്ള രഹസ്യ അജണ്ടകളെ മനസ്സിലാക്കുകയും യഥാസമയം സത്യസന്ധമായ വാർത്തകളെ മനുഷ്യരിലേക്ക് എത്തിക്കാൻ പരിശ്രമിക്കുകയുമാണ് സഭ ചെയ്യേണ്ടത്. ■

# വലാധിപത്യ കാലം

(8 –ാം പേജ് തുടർച്ച)

അപകടം, തടസം, അപമാനം, പരിക്ക്, കുറ്റകരമായ ഭീഷണിപ്പെടുത്തൽ, വെറുപ്പ്, നിന്ദ്യം..' എന്നൊക്കെ ആണ് 66എ യിലെ വാക്ക് ശ്രേണി. ഇതാകട്ടെ വളരെ ലളിതമായി, അലക്ഷ്യമായി നിർവചിക്കാവുന്നതും. ഒരാൾക്ക് ഹിതകരമായത് മറ്റൊരാൾക്ക് അങ്ങനെ തന്നെ ആകണമെന്നില്ലല്ലോ!! അപ്പോൾ ഇത് പല തരത്തിലും വ്യാഖ്യാനത്തിന് ഇട നൽകുന്നു. പരാതി നൽകുന്ന ആളിനെയും, കേസെടുക്കുന്ന പോലിസ് ഓഫീസറേയും ആശ്രയിച്ച് വ്യാഖ്യാനങ്ങൾ എങ്ങനെയുമാകാം.

ഇന്റർനെറ്റ് പകർന്ന് നൽകുന്ന സ്വാതന്ത്ര്യം ഉപയോഗിച്ച് പല രാജ്യങ്ങളിലും ഇന്ന് രാഷ്ട്രീയ മുന്നേറ്റങ്ങൾ ഉണ്ടാകുന്നുണ്ട്. മൗലികമായ അഭിപ്രായ വ്യത്യാസങ്ങൾ മാത്രമല്ല, അധികാരങ്ങൾക്കെതിരെ ചലിക്കാനുള്ള വാഹനമായും പലവിധ ഇന്റർനെറ്റ് ഇടങ്ങൾ മാറുന്നു. അഭിപ്രായങ്ങൾ ഉരുവം കൊള്ളുന്നിടം നിയന്ത്രിക്കേണ്ടതോ അല്ലെങ്കിൽ ഒളിഞ്ഞ് നോക്കേണ്ടതോ സ്വാഭാവികമായും അധികാരത്തിന്റെ അവകാശമാകുന്നു എന്നത് വിശദീകരിച്ച് പറയേണ്ടതില്ലല്ലോ. ഇന്റർനെറ്റിനെ സാങ്കേതികമായി ശ്രമിച്ചാൽ പോലും, പൂർണമായി ഭരിക്കാനാകില്ല. അതിനെ ലഘുവായി ഒന്ന് സ്പർശിക്കാൻ ശ്രമിക്കുമ്പോൾ തന്നെ സിവിൽ സമൂഹത്തിലെ പല സംഘങ്ങൾ കൃത്യമായി ഇടപെട്ട് തുടങ്ങുകയും ചെയ്യും. ഇതിന്റെ ഉത്തമോദാഹരണമായി 66എ റദ്ദ് ചെയ്ത ഭാഗിക വിജയം എന്ന് പറയാവുന്ന ഈ നിർണ്ണായക വിധിയെ കാണാം. ഭാഗികം എന്ന് പറയാൻ കാരണം, ഇപ്പോഴും നെറ്റ് സ്വാതന്ത്ര്യത്തെ ഹനിക്കുന്ന പല വകുപ്പുകളും ഐടി ആക്ടിൽ അതേ പടി നിലനിൽക്കുന്നത് കൊണ്ടാണ്.

## വ്യാജനാമം വലിയ സാധ്യതയല്ലേ?

ഇന്റർനെറ്റ് ഇടങ്ങളുടെ വലിയ സാധ്യതയും പരിമിതിയും അതിന്റെ വ്യാജനാമ സൗകര്യം തന്നെയാണ്. സമൂഹത്തെ കൂടുതൽ സുതാര്യമാക്കി നിർത്താൻ Anonymous Communications വലിയ പങ്ക് വഹിക്കുന്നുണ്ട്. ഒരു കാര്യം പുറമെ വിളിച്ച് പറയാൻ ഒരാൾക്ക് പല അസൗകര്യങ്ങൾ ഉണ്ടാകാം. തൊഴിലിടം, സമൂഹം ഒക്കെ അതിന് വിഘാതമാകും. പറയുന്ന കാര്യത്തിൽ കാമ്പുണ്ട്, കഴമ്പുമുണ്ട് അത് പറയുകയുംവേണം എങ്കിൽ വ്യാജ ഐഡി ഉപയോഗിക്കുക തന്നെ വേണം. ആധികാരികമായ എന്തും വിളിച്ച് പറയാനുള്ളവരെ സംരക്ഷിക്കാൻ വിസിൽ ബ്ലോവേഴ്സ് ആക്ട് വരെ പാർലമെന്റിൽ എത്തിയ കാലമാണെന്നും ഓർക്കാം. മിക്ക വ്യാജനാമധാരികൾക്കും ഓൺലൈനിൽ നിന്ന് ഓഫ് ലൈനായ പൊതുജീവിത സ്ഥലങ്ങളിലേക്ക് വരുമ്പോൾ തങ്ങൾ തിരിച്ചറിയപ്പെടരുത് എന്ന് ആഗ്രഹം ഉണ്ട്, അത് അവരുടെ അവകാശവുമാണെന്ന് സമ്മതിക്കുന്നത് ഇന്ന് പരക്കെ അംഗീകരിക്കുന്നുണ്ട്. രാഷ്ട്രീയ പരമായ കാര്യങ്ങളാലോ, അല്ലെങ്കിൽ ഒരു വേള അവഹേളനം ഭയന്നോ, ജീവനും സ്വത്തിനും ഭീഷണി ആയോ ഒക്കെ ആണ് മറ്റൊരു പേരിനു പിന്നിൽ മറഞ്ഞിരിക്കാൻ ആഗ്രഹിക്കുന്നത്. തങ്ങൾ ആഗ്രഹിക്കുന്ന വിവരങ്ങൾ, അതിന്മേലുള്ള ചർച്ചകൾ ഒക്കെ നടക്കുക തന്നെ വേണം എന്നാൽ പുറത്തേക്ക് എത്തിക്കുന്ന വ്യക്തി സദാസമയവും മറഞ്ഞിരിക്കുകയും ചെയ്യുന്നു. ഇത് ഇന്റർനെറ്റ് ഒരുക്കുന്ന കൃത്യമായ സാമൂഹിക വിമർശ സാധ്യതയാണ്. സർക്കാരുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, പൊതു മേഖലാ കമ്പനികൾ ഒക്കെ വിസിൽ ബ്ലോവർമാരുടെ ഇടമാകാൻ ഇന്റർനെറ്റ് അനുവദിക്കുന്നുണ്ട്. അവിടെ 66എ പോലെയുള്ളത് മാറി കിട്ടുന്നത് സ്വാതന്ത്ര്യത്തിന്റെ ശ്വാസവായു കടത്തി വിടുന്നു എന്നും ഈ വിധിയെ കൂട്ടിവായിക്കാം.

ഇന്റർനെറ്റിനെ സമൂഹത്തിന്റെ പരിച്ഛേദമായി കാണുന്നതിൽ തന്നെ ചെറിയ ഒരു തെറ്റുണ്ട്, അതിനും അല്പം മുകളിലാണ് സൈബർ സ്പെയ്സിന്റെ ശരിക്കുള്ള സ്ഥാനം. സാധാരണയായി ഇടപെടുന്ന ജനാധിപത്യ ഇടങ്ങളിൽ Anonymous വിലാസങ്ങൾക്ക് എത്രമേൽ അവസരമുണ്ട്, എന്നാൽ ഇന്റർനെറ്റിൽ ഒരു വ്യക്തിക്ക് തന്നെ പല പകർന്നാട്ടങ്ങളും നടത്താം. ഓരോന്നും ഓരോ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് ആകാം. എന്നാൽ ഇത് വച്ച് വ്യാജവിളയാട്ടം നടത്തി അപകീർത്തി, സ്പർദ്ധ ഒക്കെ ആണുദ്ദേശമെങ്കിൽ അത് 66എ അല്ലാതെയുള്ള നിയമം വച്ച് തന്നെ കൈകാര്യം ചെയ്യാൻ ശക്തമാണ് നമ്മുടെ വ്യവസ്ഥ. എലിയെ പേടിച്ച് ആരും ഇല്ലം ചുടാറില്ലല്ലോ, അത് പോലെ വ്യാജ ഐഡി വച്ചുള്ള

അപകീർത്തി വിളയാട്ടം പേടിച്ച് ഇന്റർനെറ്റില്ലം ആരും ചാമ്പലാക്കേണ്ട.

പോലീസ് സ്റ്റേറ്റ് അല്ല ലിബറൽ ജനാധിപത്യ സമൂഹമായാണ് സർക്കാരുകൾ മാറേണ്ടത് എന്ന് ഈ വിധി ഓർമിപ്പിക്കുന്നുണ്ട്. ഇനി പോലീസിങ്ങ് സ്റ്റേറ്റ് ആണ് അടിച്ചേൽപ്പിക്കുന്നതെങ്കിൽ അവകാശങ്ങളെ സംരക്ഷിക്കാനും നിയന്ത്രണങ്ങളെ നീക്കാനും ഇതേ ഇന്റർനെറ്റ് തന്നെ ഉപയോഗിക്കപ്പെടും. ആശയവിനിമയ തലം എത്രയൊക്കെ നിരോധിച്ചാലും, അരിപ്പ (ഫിൽറ്റർ) വച്ചാലും, അതും കടന്ന് പ്രജാജീവിതങ്ങളുടെ ആശയവിനിമയം, സന്ദേശങ്ങൾ അങ്ങനെ സർവതും ഒളിഞ്ഞ് നോക്കി പേടിപ്പിച്ചാലും അത് പ്രായോഗികമാകില്ല എന്നതാണ് സത്യം. ഇന്റർനെറ്റിന്റെ രാഷ്ട്രീയം അതാണ്, അതനുസരിച്ചുള്ള നിയമങ്ങൾ ആണ് ജനാധിപത്യ സമൂഹത്തെ ബലപ്പെടുത്തുന്നതും. ജനാധിപത്യം ഇനിയും ഇതിലും മെച്ചമായി നിലനിൽക്കുമെന്ന് ഉറപ്പിക്കാനാകുന്നത് വലാധിപത്യ (Netizen Cetnric discussions) ഇടനാഴികളിൽ നടക്കുന്ന ചർച്ചകൾ, തുറന്നെഴുത്തുകൾ എന്നിവ ഉള്ളത് കൊണ്ട് കൂടിയാണെന്നത് അടിവരയിട്ട് അംഗീകരിക്കേണ്ട കാര്യമാണ്. ●

# തിരുവല്ല അതിരൂപതയുടെ നേതൃത്വത്തിൽ മാർ ഈവാനിയോസ് പദയാത്ര

തിരുവല്ല: മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് തിരുവല്ല അതിഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ നിന്നും പട്ടം സെന്റ് മേരീസ് കത്തീഡ്രലിലേക്ക് ദൈവദാസൻ മാർ ഈവാനിയോസ് അനുസ്മരണ തീർത്ഥാടന പദയാത്ര നടത്തി. അതിരൂപതാധ്യക്ഷൻ ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത പദയാത്ര ആശിർവദിച്ച് ഉദ്ഘാടനം ചെയ്തു. തുടർന്നു എംസിവൈഎം അതിരൂപത പ്രസിഡന്റ് ജസ്റ്റിൻ ജോൺ വള്ളിക്കുരിശും ജനറൽ സെക്രട്ടറി അനീഷ് മാമ്മൂട്ടിൽ പേപ്പൽ പതാകയും ആർച്ച്ബിഷപ്പിൽ നിന്നും സ്വീകരിച്ചു. വികാരി ജനറാൾ മോൺ. ചെറിയാൻ താഴമൺ, എംസിവൈഎം അതിരൂപത ഡയറക്ടർ ഫാ. തോമസ് തൈക്കാട്ട്, ഫാ. കുര്യൻ കിഴക്കേക്കര, ഫാ. സന്തോഷ് അഴകത്ത്, പ്രസാദ്, അജി കുതിരവട്ടം തുടങ്ങിയവർ നേതൃത്വം നല്കി. അരമന, പുഷ്പഗിരി, ബഥാനിയ, ബോധന, ഹോളി സ്പിരിറ്റ്, തുകലശേരി ആശ്രമം, തിരുമൂലപുരം ബഥനി കോൺവെന്റ്, തിരുമൂലപുരം സെന്റ് മേരീസ് ദേവാലയം, കുറ്റൂർ സ്നേഹഭവൻ, കല്ലിശേരി, പാണ്ടനാട്, ചെങ്ങന്നൂർ വഴി അടൂരിൽ പെരുന്നാട്ടിൽ നിന്നാരംഭിച്ച പ്രധാന പദയാത്രയുമായി സംഗമിച്ച് ജൂലൈ 14ന് വൈകുന്നേരം തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രലിലെത്തി.

# MCCL ന്റെ ആഭിമുഖ്യത്തിൽ ബൈബിൾ ക്വിസ്

MCCL ന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്കും മുതിർന്നവർക്കുമായി ബൈബിൾ ക്വിസ് ആരംഭിക്കുന്നു. എല്ലാമാസവും ഐക്യദീപം മാസികയിൽ പ്രസിദ്ധീകരിക്കുന്ന ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം എഴുതി മാസിക ഓഫീസിലേക്ക് തപാൽ വഴിയോ അല്ലാതെയോ എത്തിക്കുന്ന രചനകളിൽ നിന്നും വിജയികളെ തെരഞ്ഞെടുക്കുന്നു. ഓരോ തവണയും പത്ത് ചോദ്യങ്ങൾ മാത്രം. ബൈബിൾ ഭാഗങ്ങളും ബൈബിളിന്റെ ചരിത്രപരിസരങ്ങളുമാണ് വിഷയം.

*N.B.: ഉത്തരങ്ങൾ എല്ലാമാസവും 20-ാം തീയതിക്കു മുമ്പായി ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.*


# ഐക്യദീപം മാസിക
## ഉപന്യാസം, ചെറുകഥ, കവിത മത്സരങ്ങൾ സംഘടിപ്പിക്കുന്നു

- ചെറുകഥ – 'കാറ്റ് അതിനിഷ്ടമുള്ളിടത്തേക്കു വീശുന്നു' (വി. യോഹ 3/8)
- ഉപന്യാസം – 'ദൈവം സൃഷ്ടിച്ച പ്രകൃതിയും മനുഷ്യനും'
- കവിത – സമകാലസാമൂഹ്യ വിഷയങ്ങൾ ഏതുമാകാം.

*സെപ്റ്റംബർ 30-ാം തീയതിക്കു മുമ്പായി ഐക്യദീപം ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.*



# അധികാര ചിന്തകൾ



**അരുൺ എഴുത്തച്ഛൻ**

വാട്സാപ്പിൽ നിങ്ങളിൽ ഭൂരിഭാഗവും വായിച്ചിരിക്കാൻ ഇടയുള്ള ഒരു സന്ദേശത്തിലേക്ക് ആദ്യമേ ശ്രദ്ധ ക്ഷണിക്കട്ടെ. സന്ദേശത്തിന്റെ ഉള്ളടക്കം മാത്രമാണ് ഇവിടെ പങ്കുവയ്ക്കുന്നത്; “ഒരു ക്ലാസ്സിൽ ഒന്നാം ബഞ്ചിലിരിക്കുന്നവർ നന്നായി പഠിച്ച് ഡോക്ടറോ എഞ്ചിനീയറോ ആവുന്നു. തൊട്ടുപുറകിലെ ബെഞ്ചുകളിൽ ഇരിക്കുന്നവർ പിന്നീട് സിവിൽ സർവ്വീസ് എടുത്ത് കലക്ടറോ ഉന്നതഉദ്യോഗസ്ഥനോ ആയി മാറുന്നു. പുറകിലെ ബെഞ്ചിൽ ഇരിക്കുന്ന മരമണ്ടന്മാർ രാഷ്ട്രീയത്തിലിറങ്ങുന്നു. അവർ പിന്നീട് മന്ത്രിമാരായി ആദ്യത്തെ രണ്ടു വിഭാഗങ്ങളെയും ഭരിക്കുന്നു.” ഇതാണ് ആ സന്ദേശം.

കിട്ടിയപാടെ, വായിച്ച പാടെ ഈ സന്ദേശം അടുത്തടുത്ത ഗ്രൂപ്പുകളിലേക്ക് ഫോർവേഡ് ചെയ്തു നിർവൃതി അടയുകയായിരുന്നു ഭൂരിഭാഗവും. മിടുമിടുക്കരായ പല ഉദ്യോഗസ്ഥരും, തങ്ങളുടെ ഏറെക്കാലത്തെ മാനസികസംഘർഷത്തെയും അതൃപ്തിയെയും തുടർന്നായിരിക്കണം അവരും ഇതെല്ലാം പല ഗ്രൂപ്പുകളിലേക്ക് അയയ്ക്കുന്നു. മരമണ്ടന്മാരായ രാഷ്ട്രീയക്കാർ കാണുന്നെങ്കിൽ കാണട്ടെ എന്ന ഒരു അജൻഡയും ഉണ്ട് ഇതിനു പിന്നിൽ.

ചോദ്യം ഇതാണ്; ഒന്നാം ബെഞ്ചിലും രണ്ടാം ബെഞ്ചിലും ഇരിക്കുന്നവരോട് ആരെങ്കിലും പറഞ്ഞോ, നിങ്ങൾ പൊതുപ്രവർത്തകർ ആവരുത് എന്ന്. നിങ്ങൾ മന്ത്രിമാരാവരുത് എന്ന്. ഇല്ല ഒന്നാം ബെഞ്ചുകാരും രണ്ടാം ബെഞ്ചുകാരും സ്വന്തം ഇഷ്ടപ്രകാരം തിരഞ്ഞെടുത്തതാണ് അവരുടെ വഴി. മന്ത്രിമാരാണ് ഈ രാജ്യം ഭരിക്കുക എന്ന് പഠിപ്പിൽ മിടുക്കരായ ആദ്യ ബഞ്ചുകാർക്ക് അന്ന് അറിയില്ലായിരുന്നോ? ഇത് ജനാധിപത്യ രാജ്യമായത് ഇന്ന് പുലർച്ചെയാണോ? അല്ലല്ലോ?

അധികാര സ്ഥാനങ്ങളിലേക്കെത്താൻ ഈ ആദ്യബെഞ്ചുകാർക്ക് അന്ന് ശ്രമിക്കാമായിരുന്നു. അവർ ശ്രമിച്ചില്ല. പകരം വിധേയപ്പെട്ടു നിൽക്കുന്ന ജോലികൾ അവർ തന്നെ തിരഞ്ഞെടുത്തു. ആ സമയത്ത് പിൻ നിരക്കാർ അധികാരത്തിലെത്തി. പിന്നെന്തിന് ഇവർ പിൻനിരക്കാരെ കുറ്റപ്പെടുത്തു

ന്നു എന്നതാണ് ചോദ്യം.

പലപ്പോഴും പല മേഖലയിലുള്ള ജോലിക്കാരും പറഞ്ഞു കേട്ടിട്ടുണ്ട്, രാഷ്ട്രീയക്കാരുടെയും ജനപ്രതിനിധികളുടെയും നിഷ്ക്രിയത്വത്തെക്കുറിച്ച്. എങ്ങനെയാണ് ഒരു ജനപ്രതിനിധി പ്രവർത്തിക്കേണ്ടത് എന്നതു സംബന്ധിച്ച് ഇവർക്കെല്ലാം വ്യക്തമായ ധാരണയും ഉണ്ട് എന്നതാണ് കൗതുകം. പിന്നെന്തുകൊണ്ട് നിങ്ങൾ ജനപ്രതിനിധിയായില്ല എന്നു ചോദിച്ചാൽ അവർ പറയും – “ഛെ, അതൊക്കെ നമുക്കു പറ്റിയ പണിയാണോ? നമുക്ക് കുടുംബം നോക്കണ്ടെ, ജോലിക്കു പോകണ്ടെ? – എന്ന്. ഇതു തന്നെയാണ് പ്രശ്നം. അന്തസ്സുള്ളവർക്ക് പറ്റിയ പണിയല്ല രാജ്യഭരണം എന്ന്. നമ്മൾ തന്നെ നമ്മളെ പറഞ്ഞു പഠിപ്പിച്ചിരിക്കുന്നു. എന്നിട്ട്, അവിടെത്തുന്നവരെല്ലാം കിഴങ്ങന്മാരാണെന്ന്.

തിരഞ്ഞെടുപ്പുകൾ അടുക്കുമ്പോഴെല്ലാം വോട്ട് ബഹിഷ്കരണം എന്ന തുറുപ്പു ചീട്ടുമായി ചിലർ പത്രമോഫീസുകളിൽ എത്താറുണ്ട്. ജനപ്രതിനിധികൾ ഒന്നും ചെയ്തു തന്നില്ല എന്നാണ് ഇവരുടെ പരാതി. എന്നാൽ, ഇക്കുറി നിങ്ങളിലൊരാൾ ജനപ്രതിനിധിയായി എങ്ങനെ പ്രവൃത്തിക്കണം എന്നൊന്നു കാണിച്ചു കൊടുത്തുകൂടെ എന്ന് അവരോട് ചോദിക്കുമ്പോൾ അവർ നെറ്റി ചുളിക്കും.

നമുക്ക് രാഷ്ട്രീയ പാർട്ടികളുടെയൊന്നും പിന്തുണ ഇല്ലല്ലോ, നമ്മളെ മുൻനിര രാഷ്ട്രീയ പാർട്ടികളൊന്നും മത്സരിപ്പിക്കില്ലല്ലോ എന്നതാണ് അവരുടെ മുടന്തൻ ചോദ്യം. നിലവിലുള്ളവർ എങ്ങനെയാണ് രാഷ്ട്രീയപാർട്ടിയിൽ ഇടം കണ്ടെത്തിയതെന്ന് ചോദിച്ചാൽ, അത് പത്തും ഇരുപതും വർഷം പണിയെടുത്തിട്ടല്ലേ, നമുക്ക് അങ്ങനൊരു പാരമ്പര്യമില്ലല്ലോ എന്നാവും അടുത്ത മുട്ടാപ്പോക്ക്.

ശരി, ഇന്ന് പൊതുപ്രവർത്തനരംഗത്തിറങ്ങി ഇരുപതു വർഷം കഴിഞ്ഞ് നാടിനെ നന്നാക്കികൂടെ എന്നു ചോദിച്ചാൽ അതിലവർക്കൊട്ടു താൽപര്യമില്ല.

എല്ലാവർക്കും നാട് നന്നാകണം, അത് വല്ലവനും നന്നാക്കിത്തരണം. ഞാനായിട്ട് ഒന്നും ചെയ്യില്ല. നല്ല മനോഭാവം!!

നിങ്ങൾ മടിച്ചു നിൽക്കുമ്പോഴാണ് പിൻബഞ്ചുകാർ മുന്നോട്ടു വരുന്നത്, പിന്നെ അധികാരം കൈയ്യടക്കുന്നത്, അവരുടെ വിഡ്ഢിത്തരങ്ങൾ നാം സഹിക്കേണ്ടിവരുന്നത്. അതുകൊണ്ട് മുൻബെഞ്ചുകാർ തന്നെ മുന്നോട്ടു വരട്ടെ. അധികാരം എവിടെയെന്ന് അറിഞ്ഞ് അവർ പ്രവർത്തിക്കട്ടെ. ഇനി, ഇതൊക്കെ ബുദ്ധിമുട്ടാണെന്നു തോന്നുന്നുവെങ്കിൽ, സോഷ്യൽ മീഡിയയിൽ വിപ്ലവകാഹളം മുഴക്കാതിരിക്കുകയെങ്കിലും ചെയ്യൂ.

വളർന്നു വരുന്ന ഒരു തലമുറയോട് ജനാധിപത്യം വിഡ്ഢികൾക്ക് അധികാരം കൊടുക്കലാണെന്ന് വിളംബരം ചെയ്ത് അവരെ ദേശവിരുദ്ധരും ജനാധിപത്യ വിരുദ്ധരും ആക്കാതിരിക്കൂ. നിങ്ങളുടെ കഴിവുകേടിന്റെ ഫലമാണ് നിങ്ങൾ അനുഭവിക്കുന്നതെന്നെങ്കിലും തിരിച്ചറിയൂ. ■

## മെത്രാഭിഷേക വാർഷികം


**ഓഗസ്റ്റ് 15**



**അഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമ്മീസ് കാതോലിക്കാ ബാവാ**

## മെത്രാഭിഷേക വാർഷികം

**ഓഗസ്റ്റ് 6**




**അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ തിമോത്തിയോസ്**



ബഹു. ജോസഫ്
ചെറുപുഴത്തോട്ടത്തിൽ അച്ചൻ
(1958 – 1992)

# നല്ല ഇടയൻ



**മോൺ. ഫാ. ചെറിയാൻ താഴമൺ**
വികാരി ജനറാൾ

പാലയൂരിൽ മാർത്തോമ്മാ ശ്ലീഹായിൽ നിന്നും സുവിശേഷം സ്വീകരിച്ച കാളികാവ് തറവാടിന്റെ പിൻതലമുറക്കാരനായ വലിയ വീട്ടിൽ വർക്കിയുടെ 17–ാം തലമുറയിൽപ്പെട്ട ചെറുപുഴത്തോട്ടത്തിൽ ചാണ്ടിയുടെ (ബേബി) മൂന്ന് ആൺമക്കളിൽ രണ്ടാമനാണ് ബഹു. ജോസഫ് ചെറുപുഴത്തോട്ടത്തിൽ അച്ചൻ.

ദൈവീക ശുശ്രൂഷയിലേക്ക് 1958 മാർച്ച് 16ന് ജാതനായ കർതൃദാസന്റെ പ്രാഥമിക വിദ്യാഭ്യാസം കടമാൻകുളം സെന്റ് മേരീസ് എൽ.പി. സ്കൂളിലും, തുടർപഠനം പുതുശ്ശേരി എം.ജി.ഡി. ഹൈസ്കൂളിലുമായി തുടർന്നു. തന്റെനിയോഗം തിരിച്ചറിഞ്ഞ കുഞ്ഞ് ജോസഫ് 1975 ജൂൺ 14–ാം തീയതി തിരുവല്ല ഇൻഫന്റ് മേരീസ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപഠനത്തിന് തുടക്കം കുറിച്ചു. തമിഴ്നാട്ടിലെ തൃശ്ശിനാപ്പള്ളി സെന്റ് പോൾസ് സെമിനാരിയിൽനിന്നും, കോട്ടയം വടവാതൂർ സെന്റ് തോമസ് സെമിനാരിയിൽ നിന്നും മറ്റുമായി വൈദീക പഠനം പൂർത്തീകരിച്ച് 1985 ഡിസംബർ 30–ാം തീയതി തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് തന്റെ സഹപാഠികളായ മാമ്മൻ ചക്കാലപ്പടിക്കൽ (അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത), ജോൺ തോമസ് കണ്ടത്തിങ്കൽ (തെള്ളിയൂർ), ചെറിയാൻ മാമ്പ്രക്കുഴി (കടമാൻകുളം), ജോസ് പൊയ്കയിൽ (ചെങ്ങരൂർ) തുടങ്ങിയ ബഹു. ശെമ്മാശ്ശന്മാരോടൊപ്പം അഭി. ഐസക്ക് മാർ യൂഹാനോൻ മെത്രാപ്പോലീത്തായുടെ കൈവയ്പ്പാൽ വൈദികഗണത്തിലേയ്ക്ക് അഭിഷിക്തനായി.

ചുവന്നമണ്ണ്, കൊമ്പഴ, അടിപ്പെരണ്ട, ചക്കുണ്ട് ഇടവകകളിലെ വികാരിയായിരുന്ന ബഹു. ആന്റണി ചെത്തിപ്പുഴ അച്ചന്റെ സഹായിയായി തുടക്കം കുറിച്ച ബഹു. അച്ചന്റെ അജപാലന ശുശ്രൂഷ, കൊമ്പഴ, അടിപ്പെരണ്ട, കുന്നിക്കുരുടി, മഴുവന്നൂർ, ചേലക്കര, കല്ലേപ്പാടം, കൊണ്ടാഴി ഇടവകകളിലൂടെ വ്യാപരിച്ച് അപ്പസ്തോലിക ധർമ്മത്തിന് ദിശാബോധം നൽകി. കുന്നിക്കുരുടി ഇടവകയുടെ നിർമ്മാണവും, ചേലക്കര ഇടവകയുടെ നിർമ്മാണത്തിന് തുടക്കം കുറിച്ചതും, ഇളനാട് സെന്റ് ജോൺസ് ഹൈസ്കൂൾ തിരുവല്ലാ അതിരൂപതയ്ക്കുവേണ്ടി വാങ്ങുന്നതിനുള്ള ആലോചനകൾക്ക് അടിത്തറ പാകിയതുമെല്ലാം തന്റെ സമർപ്പിത ശുശ്രൂഷയുടെ ആഴം വെളിവാക്കപ്പെടുന്നതാണ്. അജഗണങ്ങളിൽ തന്റെ

**ഉപകാര സ്മരണ**



**ചിന്നു സാമുവേൽ**

ശുശ്രൂഷ എത്രമാത്രം ആഴത്തിൽ ആഘോഷിക്കപ്പെട്ടു എന്നതിന്റെ അടയാളമാണ് ഇന്നും ബഹു. അച്ചന്റെ അനുസ്മരണം എല്ലാ ചരമദിനങ്ങളിലും ചേലക്കര ഇടവകയും കുന്നിക്കുരുടി ഇടവകയും കൊണ്ടാടുന്നത് എന്നു വേണം കരുതാൻ. നിയമിതനായ ഇടവകകളിലെല്ലാം തന്റെ ആടുകളെ ഒരേ ചരടിൽ കോർത്തിണക്കി അവരുടെ പരാതികൾക്കും പരിഭവങ്ങൾക്കും കാതോർത്ത് തന്റെ നാഥന്റെ സുവിശേഷം അക്ഷരാർത്ഥത്തിൽ വാരിവിതറി ക്രൂശിതനായ ദൈവപുത്രന്റെ സമപ്രായത്തിൽ തന്നെ ഒരു 'സ്കൂട്ടർ അപകടം' എന്ന ഹേതുവിലൂടെ 1992 ആഗസ്റ്റ് 8-ാം തീയതി സ്വർഗ്ഗീയ ദൂതഗണത്തിലേയ്ക്ക് ബഹു. ജോസഫ് ചെറുപുഴത്തോട്ടത്തിലച്ചൻ ചേർക്കപ്പെട്ടു.

കുന്ദംകുളം വൈദികജില്ലയിലെ എം.സി.വൈ.എം. ഡയറക്ടറായി പ്രവർത്തിച്ച രണ്ടു വർഷക്കാലത്തിലൂടെ സഭയോട് പ്രതിബദ്ധതയുള്ള നേതാക്കന്മാരെ വളർത്തിയെടുക്കുന്നതിൽ ബഹു. അച്ചന്റെ പങ്ക് ഇന്നും അഭിമാനത്തോടെ ഓർമ്മിക്കപ്പെടുന്നു. അതുപോലെ വൈദിക കൂടിച്ചേരലുകളുടെ അവസരങ്ങളിൽ സഹവൈദികരോടും മുതിർന്ന വൈദികരോടുമുള്ള ബഹു. അച്ചന്റെ സഹാനുഭൂതി നിറഞ്ഞ ഇടപഴലുകൾ മരണത്തിന് രണ്ട് നാൾ മുമ്പ് തിരുവല്ലയിൽ നടത്തപ്പെട്ട വൈദിക കൂട്ടായ്മയിൽ പങ്കെടുത്ത വൈദിക സഹോദരങ്ങളുടെ ഓർമ്മകളിൽ ഇന്നും നിറഞ്ഞു നിൽക്കുന്നു.

സ്വർഗ്ഗീയ നാഥൻ ഭരമേൽപ്പിക്കപ്പെട്ട ചുരുങ്ങിയ നാളുകളിലൂടെ അജഗണങ്ങളുടെയും അജപാലകരുടെയും ഹൃദയങ്ങളിൽ നേതൃത്വപാടവത്തിലൂടെയും ആത്മീയ സാന്നിധ്യത്തിലൂടെയും സുസ്മേരവദനനായി ചിരപ്രതിഷ്ഠ നേടിയ ബഹു. ജോസഫ് ചെറുപുഴത്തോട്ടത്തിലച്ചന്റെ സ്വർഗ്ഗീയ ശുശ്രൂഷയിൽ സഭയുടെ പ്രേഷിത ശുശ്രൂഷയും ചേർക്കപ്പെടും എന്നതിൽ സംശയം വേണ്ട. അത്രമാത്രം സഭയോടും, സഭാപിതാക്കന്മാരോടും, സ്വർഗ്ഗീയ നാഥനോടും തന്റെ അപ്പസ്തോല ദൗത്യത്തിലുടനീളം വിശ്വസ്തതയും വിശ്വാസ തീഷ്ണതയും വിധേയത്വത്തോടെ വെളിവാക്കപ്പെട്ട ബഹു. അച്ചന്റെ അജപാലനശുശ്രൂഷ എന്നും ചരിത്രത്താളുകളിൽ ഓർമ്മിക്കപ്പെടുക തന്നെ ചെയ്യും. ●


**ഉപകാര സ്മരണ**




**ഒരു വിശ്വാസി , കല്ലിശ്ശേരി**

**ഉപകാര സ്മരണ**



**ഒരു വിശ്വാസി , തിരുവല്ല**


## Matrimonial



**M - 225**

മലങ്കര കത്തോലിക്കാ യുവതി. വയസ്സ് 26, Msc Bed ബഹ്റൈനിൽ അദ്ധ്യാപികയായി ജോലി ചെയ്യുന്നു. വെളുത്ത നിറം, 165cm ഉയരം. Contact :- 9744678073

**M - 226**

തിരുവല്ല അതിരൂപതയിൽപ്പെട്ട യുവാവ്, (177) വയസ്സ് 29, X - Ray welder, ഷാർജയിൽ ജോലി ചെയ്യുന്നു. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്ന് ആലോചനകൾ ക്ഷണിക്കുന്നു. Bsc നഴ്സുമാർക്ക് മുൻഗണന.
Contact No: 9947065684, 9744052588

## വിവാഹ ഒരുക്ക സെമിനാർ 2017

**സ്ഥലം: ശാന്തിനിലയം, തിരുവല്ല.**

**ഫോൺ 0469-2603968, 9446270259, 9895556074**

**തീയതി:** **ആഗസ്റ്റ് 8, 9, 10 - 22, 23, 24**
**സെപ്റ്റംബർ 12, 13, 14 - 26, 27, 28**

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 1000 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.



# സ്വാതന്ത്ര്യത്തിന്റെ 70 വർഷങ്ങൾ



ബിനു ഏബ്രഹാം

At the Stroke of today's midnight hour, when the world sleeps India will awake to life and freedom. 1947 ആഗസ്റ്റ് മാസം 15-ാം തീയതി ഇന്ത്യ സ്വതന്ത്രരാഷ്ട്രമായ ദിനത്തിൽ നമ്മുടെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവിന്റെ ശ്രദ്ധേയമായ പ്രസംഗത്തിലെ വരികളാണ് മുകളിൽ പ്രസ്താവിച്ചത്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ നടത്തിയ ഉജ്ജ്വലമായ സ്വാതന്ത്ര്യസമരത്തിനൊടുവിൽ ഭാരതം ഒരു സ്വതന്ത്ര ജനാധിപത്യ റിപ്പബ്ലിക്കായി മാറി. ഗോപാലകൃഷ്ണ ഗോഖലെ, മഹാത്മാ ഗാന്ധി, സുഭാഷ് ചന്ദ്രബോസ്, ജവഹർലാൽ നെഹ്റു, സർദാർ വല്ലഭായി പട്ടേൽ, ബാലഗംഗാധര തിലക്, ദാദാഭായ് നവറോജി, സരോജിനി നായിഡു തുടങ്ങിയ നേതാക്കന്മാരുടെ ത്യാഗോജ്ജ്വലമായ നേതൃത്വം ഭാരതത്തിന്റെ സ്വാതന്ത്ര്യ സ്വപ്നങ്ങൾക്ക് നിറം പകർന്നു.

1950 ജനുവരി മാസം 26-ാം തീയതി ഭാരതം ഒരു പരമാധികാര ജനാധിപത്യറിപ്പബ്ലിക്കായി മാറി. 2 വർഷവും 11 മാസവും 7 ദിവസവും കൊണ്ട് ഇന്ത്യയുടെ ഭരണഘടനാ നിർമ്മാണസഭ ഏറ്റവും ബൃഹത്തായ ഒരു ഭരണഘടനയ്ക്ക് രൂപം നൽകി. കഴിഞ്ഞ 70 വർഷക്കാലം നമ്മുടെ ഭരണഘടനയുടെ കാവലാളായി രാഷ്ട്രത്തെ നയിച്ച ഭരണാധികാരികൾ ജനാധിപത്യ സമ്പ്രദായത്തെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിച്ചു. അയൽ രാജ്യങ്ങൾ 'ജനാധിപത്യ' വെല്ലുവിളികളെ നേരിട്ടപ്പോൾ ഇന്ത്യ ലോകത്തിലെ ഏറ്റവും ശക്തമായ ജനാധിപത്യ രാഷ്ട്രമായി തലയുയർത്തി നിന്നു. സ്വതന്ത്രരാഷ്ട്രമായപ്പോൾത്തന്നെ ഇന്ത്യയിൽ സാർവ്വത്രിക പ്രായപൂർത്തി വോട്ടകവാശം എല്ലാ പൗരന്മാർക്കും ലഭിച്ചു. എന്നാൽ സ്വാതന്ത്ര്യത്തിനുശേഷം 150 വർഷങ്ങൾ പിന്നിട്ടപ്പോഴാണ് അമേരിക്ക പോലെയുള്ള രാഷ്ട്രങ്ങളിൽ വോട്ടവകാശം എല്ലാ പൗരന്മാർക്കും ലഭ്യമായത്. ഇന്ത്യയുടെ അയൽ രാജ്യങ്ങളായ പാക്കിസ്ഥാൻ, ബംഗ്ലാദേശ്, മ്യാൻമാർ, നേപ്പാൾ,

ശ്രീലങ്ക എന്നീ രാഷ്ട്രങ്ങളിൽ ജനാധിപത്യ ഗവൺമെന്റുകൾ മതമൗലികവാദികൾ, സൈന്യം, തീവ്രവാദികൾ എന്നിവരുടെ ഭീഷണികൾക്കു മുമ്പിൽ കാലിടറുന്നതും 70 വർഷത്തിനിടയിൽ നമുക്ക് കാണേണ്ടിവന്നു. എല്ലാത്തരത്തിലുമുള്ള പ്രതിസന്ധികളെ തരണം ചെയ്ത്, ലോകരാഷ്ട്രങ്ങൾക്കിടയിൽ അംഗീകാരം നേടിയെടുക്കുവാൻ കഴിഞ്ഞതിൽ ഭാരതീയരായ നമുക്ക് അഭിമാനിക്കാം.

നമ്മുടെ രാജ്യത്തിന്റെ എല്ലാ മേഖലയിലും വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുവാൻ 70 വർഷത്തിനിടയിൽ നമുക്ക് കഴിഞ്ഞു. ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ അത്ഭുതകരമായ വളർച്ചയാണ് ഈ കാലഘട്ടത്തിൽ നമ്മുടെ രാഷ്ട്രം കൈവരിച്ചത്. ഏഷ്യയിലെ ആദ്യത്തെ ആണവ റിയാക്ടർ 1954 ആഗസ്റ്റ് 4 ന് ഇന്ത്യ നിർമ്മിച്ചു. ഇന്ന് 21 ആണവ റിയാക്ടറുകളും, 7 അണുശക്തി നിലയങ്ങളുമായി ഇന്ത്യ ലോകരാഷ്ട്രങ്ങൾക്കിടയിൽ മുൻപന്തിയിലാണ്. 1975 ൽ ഇന്ത്യ ആദ്യത്തെ ഉപഗ്രഹം (ആര്യഭട്ട) വിക്ഷേപിച്ചു. ഇന്ത്യയിലെ ബഹിരാകാശ ഗവേഷണ കേന്ദ്ര (ISRO) ന്റെ നേതൃത്വത്തിൽ ചൊവ്വാ പര്യവേഷണ പദ്ധതി വിജയകരമായി. ചൊവ്വാ ഗ്രഹത്തിന്റെ ഉപരിതലത്തിലെത്തുന്ന ലോകത്തിലെ 4-ാമത്തെ രാഷ്ട്രമായി ഇന്ത്യ മാറി. ചൊവ്വാ പര്യവേഷണത്തിന്റെ ആദ്യശ്രമത്തിൽത്തന്നെ വിജയിച്ച ഇന്ത്യ മറ്റ് രാഷ്ട്രങ്ങൾക്ക് മുമ്പിൽ അത്ഭുതമായി മാറി. ചന്ദ്രന്റെ ഉപരിതലത്തിൽ ജലകണികകളുടെ സാന്നിദ്ധ്യം പ്രവചിച്ച ഇന്ത്യയുടെ 'ചന്ദ്രയാൻ പദ്ധതി' ഇന്ത്യൻ ശാസ്ത്രജ്ഞന്മാരുടെ മികവ് പ്രകടമാക്കി.

സ്വാതന്ത്ര്യത്തിന്റെ സപ്തതി ആഘോഷിക്കുന്ന ഭാരതം '16' ലോകസഭാതെരഞ്ഞെടുപ്പുകൾ സമാധാനപരമായി നടത്തിയതിന് ചരിത്രം സാക്ഷിയാണ്. 1952 ലെ ആദ്യത്തെ ലോകസഭ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പുതിയ അംഗങ്ങളുള്ള ലോകസഭ എന്ന ബഹുമതിയും 16-ാം ലോകസഭയ്ക്ക് (2004) ഉണ്ട്. ആദ്യമായി ലോകസഭയിൽ അംഗമാകുകയും ആദ്യ തവണ തന്നെ പ്രധാനമന്ത്രിയാകുകയും ചെയ്ത അപൂർവ്വ റിക്കാർഡിന് നരേന്ദ്രമോദി അർഹനാകുന്നതിനും ഭാരതം സാക്ഷിയായി. ഇന്ത്യയിലെ പരമോന്നത പദവിയായ പ്രസിഡന്റ് പദത്തിൽ എൻഡിഎ സ്ഥാനാർത്ഥിയായിരുന്ന രാം നാഥ് കോവിന്ദ് എത്തിയതും ശ്രദ്ധേയമായി.

ഇന്ത്യയുടെ പ്രസിഡന്റ്, പ്രധാനമന്ത്രി, ലോകസഭാ സ്പീക്കർ എന്നീ പദവികളിൽ വനിതകൾ എത്തിച്ചേർന്നതും ചരിത്രസംഭവങ്ങളാണ്. ആദ്യത്തെ വനിതാ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി, ആദ്യത്തെ വനിതാ പ്രസിഡന്റായിരുന്ന പ്രതിഭാ പാട്ടീൽ, ആദ്യത്തെ വനിതാ ലോകസഭാ സ്പീക്കറായിരുന്ന മീരാ കുമാർ, ഇപ്പോഴത്തെ ലോകസഭാ സ്പീക്കറായ സുമിത്രാ മഹാജൻ, ഇപ്പോഴത്തെ വിദേശകാര്യ മന്ത്രി സുഷമ സ്വരാജ് എന്നിവർ കഴിവുതെളിയിച്ച വനിതാ നേതാക്കളാണ്.

സ്വാതന്ത്ര്യത്തിന്റെ 70 വർഷങ്ങൾക്കിടയിൽ പാക്കിസ്ഥാൻ, ചൈന എന്നീ രാജ്യങ്ങളുമായി ഇന്ത്യക്ക് യുദ്ധത്തിൽ ഏർപ്പെടേണ്ടി വന്നു. അതിർത്തി തർക്കങ്ങളുടെ പേരിലായിരുന്നു ഈ യുദ്ധങ്ങൾ നടന്നത്. ഇന്ത്യൻ സൈന്യത്തിന്റെ ശക്തി ഈ യുദ്ധങ്ങളിലൂടെ പ്രകടമായി. എന്നാൽ ഇന്ന് ലോകത്തിലെ ഏറ്റവും മികച്ച സൈനിക ശേഷിയുള്ള രാജ്യങ്ങളിൽ 3-ാം സ്ഥാനത്താണ് ഇന്ത്യ. 1.3 മില്ല്യൻ സൈനികർ ഇന്ന് ഇന്ത്യയ്ക്കുണ്ട്.

1951 ൽ ഇന്ത്യൻ റയിൽവെ ദേശസാൽക്കരിക്കപ്പെട്ടതോടുകൂടി ലോകത്തിലെ ഏറ്റവും ശക്തമായ പൊതുമേഖലാ സ്ഥാപനമായി ഇന്ത്യൻ റെയിൽവെ മാറി. ഓരോ ദിവസവും 23 മില്ല്യൻ യാത്രക്കാരാണ് റയിൽവേയുടെ സേവനം ഉപയോഗപ്പെടുത്തുന്നത്. ഇത് നമ്മുടെ രാഷ്ട്രത്തിന്റെ സാമ്പത്തിക മേഖലയെ മെച്ചപ്പെടുത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നു.

ലോകരാഷ്ട്രങ്ങൾക്കിടയിൽ സാമ്പത്തിക ശക്തിയായി ഇന്ത്യ മാറുന്ന കാഴ്ച ഏതൊരു ഭാരതീയനെയും പുളകംകൊള്ളിക്കുന്നതാണ്. 2017-18 സാമ്പത്തിക വർഷത്തിൽ 7.2 ശതമാനം വളർച്ചയാണ് ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ പ്രതീക്ഷിക്കുന്നത്. ചൈന, അമേരിക്ക എന്നീ രാഷ്ട്രങ്ങൾക്ക് തൊട്ടുപിറകിലാണ് ഇന്ത്യയുടെ GDP (Gross Domestic Products) എന്ന് Inter National Monitory Fund-ന്റെ റിപ്പോർട്ട് സൂചിപ്പിക്കുന്നത്. ഏതാനും വർഷങ്ങൾക്കുള്ളിൽ ലോകത്തിലെ സാമ്പത്തിക ശക്തികളിൽ ഒന്നായി ഇന്ത്യ മാറുമെന്നാണ് ഈ റിപ്പോർട്ട് നൽകുന്ന സൂചന. ഇത് സാമ്പത്തിക വളർച്ചയ്ക്ക് സഹായകമായതായി വിലയിരുത്തപ്പെടുന്നു. ഈ സാമ്പത്തിക വർഷം വിദേശ നിക്ഷേപത്തിന്റെ നിരക്ക് 8.1% ഉയരുന്നതായും പ്രതീക്ഷിക്കപ്പെടുന്നു. 122-ാം ഭരണഘടനാ ഭേദഗതിയിലൂടെ 2017 ജൂലൈ 1 മുതൽ ഇന്ത്യയിൽ നിലവിൽ വന്ന Goods and Service Tax (GST) സാമ്പത്തിക മേഖലയിൽ ശക്തമായ ചലനങ്ങൾ സൃഷ്ടിക്കുവാൻ കഴിയുന്നതാണ്.

സാമ്പത്തികമായി വളർച്ചാ നിരക്ക് ഇന്ത്യയിൽ കൂടുന്നുണ്ടെങ്കിലും സാമൂഹ്യ, വിദ്യാഭ്യാസ ആരോഗ്യ രംഗങ്ങളിൽ കൂടുതൽ മെച്ചപ്പെടണമെന്ന് സൂചിപ്പിക്കുന്നതാണ് 2017 മാർച്ച് 21ന് United Nations Development Programme (UNDP) പ്രസിദ്ധീകരിച്ച Human Development Report. ഇതനുസരിച്ച് ലോകരാഷ്ട്രങ്ങളുടെ ഇടയിൽ ഇന്ത്യക്ക് 131-ാം റാങ്കാണ് ഉള്ളത്. മാനവ വികസന സൂചിക (Human Development Index) യുടെ അടിസ്ഥാനത്തിൽ (2015

Datas) ഇന്ത്യയുടെ സ്ഥാനം മറ്റ് പല ഏഷ്യൻ രാജ്യങ്ങൾക്കും പിന്നിലാണ്. വികസന കാര്യങ്ങളിൽ ഇന്ത്യൻ ഭരണാധികാരികൾ കൃത്യമായി ശ്രദ്ധിക്കണമെന്ന് ഈ റിപ്പോർട്ട് സൂചിപ്പിക്കുന്നു. സിംഗപ്പൂർ, ജപ്പാൻ, ദക്ഷിണ കൊറിയ ഇസ്രായേൽ, ഖത്തർ, കുവൈറ്റ് എന്നീ ഏഷ്യൻ രാജ്യങ്ങൾ ലോക റാങ്കിംഗിൽ ഇന്ത്യയെക്കാൾ മുന്നിലാണ്.


ഇന്ത്യയിലെ സ്കൂളുകളിൽ നടപ്പിലാക്കിയ ഉച്ചഭക്ഷണ പദ്ധതി ലോകരാഷ്ട്രങ്ങൾക്കിടയിൽ വലിയ ശ്രദ്ധ ആകർഷിച്ചു. 120,000,000 കുട്ടികൾ 1,265,000 സ്കൂളുകളിൽ ഓരോ ദിവസവും ഈ പദ്ധതിയുടെ ഭാഗമായി ഭക്ഷണം കഴിക്കുന്നുണ്ട്. Edusat ന്റെ സഹായത്തോടെ മികച്ച വിദ്യാഭ്യാസം ലഭ്യമാക്കുവാൻ നമുക്ക് കഴിയുന്നുണ്ട്. എസ്.എസ്.എ. പദ്ധതിയിലൂടെ വിദ്യാലയങ്ങളുടെ മികവ് ഉയർത്തുവാനും ആർ. എം.എസ്.എ യിലൂടെ സെക്കന്ററി, ഹയർ സെക്കന്ററി വിദ്യാഭ്യാസമേഖലയിൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തുവാനും കഴിയുന്നു. വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ലക്ഷ്യമാക്കിക്കൊണ്ട് ആവിഷ്ക്കരിച്ചിരിക്കുന്ന അഡീഷണൽ സ്കിൽ അക്ക്യുസിഷൻ പ്രോഗ്രാ (ASAP) മിലൂടെ ഹയർസെക്കന്ററി തലത്തിലുള്ള വിദ്യാർത്ഥികൾക്ക് വ്യത്യസ്തമായ സ്കില്ലുകൾ നേടുന്നതിനുള്ള അവസരം ഇന്ന് രാജ്യത്ത് ഒട്ടാകെയുണ്ട്.

സാമൂഹ്യ അസമത്വങ്ങൾ ഇല്ലാതാക്കുന്നതിന് സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നിരവധി പ്രചോദനങ്ങൾ നടന്നിട്ടുണ്ട്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിരോധിക്കുന്നതിനും നമ്മുടെ ഭരണാധികാരികൾക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ശക്തമായ ജാതിവ്യവസ്ഥ ഇന്നും ഇന്ത്യൻ സമൂഹത്തിൽ നിലനിൽക്കുന്നു. ഈ വ്യവസ്ഥയെ തങ്ങൾക്ക് അനുകൂലമാക്കി മാറ്റുന്നതിന് രാഷ്ട്രീയ പാർട്ടികളും സംഘടനകളും ശ്രമിക്കുന്നത് സമകാലിക ഇന്ത്യയിൽ വർഗ്ഗീയ ധ്രുവീകരണം സൃഷ്ടിക്കുന്നതിന് കാരണമാകുന്നു. ഇന്ത്യയുടെ മതേതര സ്വഭാവം തകർക്കുന്നതിന് ഈ പ്രവണത കാരണമാകുന്നു. ഇന്ത്യയുടെ മതനിരപേക്ഷത സംരക്ഷിക്കുന്നതിന് ഈ കാലഘട്ടം നമ്മോട് ആവശ്യപ്പെടുകയാണ്. പരസ്പരം ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്ന സംസ്കാരം മതവിശ്വാസികൾ പുലർത്തുമ്പോഴാണ് മതേതരത്വം എന്ന ആശയം ശക്തമാകുന്നത്.

സ്വാതന്ത്ര്യത്തിന്റെ 70 വർഷങ്ങൾ നമ്മുടെ ജനാധിപത്യത്തെയും മതേതരത്വത്തെയും ശക്തിപ്പെടുത്തുവാൻ സഹായിച്ചിട്ടുണ്ട്. പ്രഗത്ഭരായ ഭരണാധികാരികൾ നമ്മുടെ രാഷ്ട്രത്തിന് ശക്തമായ നേതൃത്വം നൽകിയതും ഭരണഘടനയിൽ രേഖപ്പെടുത്തിയിട്ടുള്ള മൂല്യങ്ങൾ കാത്തു സൂക്ഷിച്ചതും ഭാരതത്തിന്റെ യശസ്സ് ഉയർത്തുന്നതിന് സഹായിച്ചു. എന്നാൽ വർത്തമാനകാലഘട്ടത്തിലെ ഇന്ത്യൻ സമൂത്തിന്റെ സ്വഭാവം നമ്മുടെ ഹൃദയങ്ങളെ വ്രണപ്പെടുത്തുന്നു. വർഗ്ഗീയതയും വിഘടനവാദവും രാഷ്ട്രത്തിന്റെ അന്തസ്സിന് കളങ്കം ചാർത്തുന്നു. ആഗോളവത്ക്കരണത്തിന്റെ ഭാഗമായി ഉണ്ടായ നേട്ടങ്ങൾ വ്യക്തികളുടെ സ്വഭാവങ്ങളെയും താത്പര്യങ്ങളേയും മാറ്റിമറിച്ചു. വിവര സാങ്കേതിക വിദ്യയെ ക്രിയാത്മകമായി ഉപയോഗിക്കുന്നതിനു പകരം ദുരുപയോഗം ചെയ്യുന്ന പ്രവണത വർദ്ധിച്ചുവരുന്നു. രാഷ്ട്രത്തോടുള്ള അർപ്പണബോധവും ആത്മാർത്ഥതയും കുറഞ്ഞുവരുന്നു. മതവിശ്വാസങ്ങൾക്കുപോലും അതിർ കൽപ്പിക്കുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുന്നു. എന്ത് കഴിക്കണമെന്നുള്ള പൗരന്മാരുടെ അവകാശങ്ങൾ പോലും നിയന്ത്രിക്കപ്പെടുന്ന കാലഘട്ടത്തിലൂടെയാണ് നാ കടന്നുപോകുന്നത്.

"Freedom is Responsibility". സ്വാതന്ത്ര്യമെന്നാൽ ഉത്തരവാദിത്വമാണ് എന്ന ബർണാഡ് ഷായുടെ വാക്കുകൾക്ക് സമകാലിക സാഹചര്യത്തിൽ പ്രസക്തിയുണ്ട്. ഉത്തരവാദിത്വമുള്ള പൗരന്മാർ തങ്ങൾക്ക് ലഭിച്ച സ്വാതന്ത്ര്യത്തെ അമൂല്യനിധിയായി കരുതണം. ഭരണഘടനയിലെ മൂല്യങ്ങൾ ജീവിതത്തിന്റെ ഭാഗമാക്കിമാറ്റാൻ അനേകം ധീരദേശാഭിമാനികളുടെ ത്യാഗത്തിന്റെ ഫലമായി ലഭിച്ച സ്വാതന്ത്ര്യത്തെ ഒരിക്കലും വിലകുറച്ച് കാണരുത്. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിലും രാഷ്ട്രത്തിന്റെ വ്യത്യസ്ത മേഖലകളിലും ക്രൈസ്തവർ നൽകിയിട്ടുള്ള സംഭാവനകൾ വിലമതിക്കപ്പെട്ടവയാണ്. ക്രിസ്ത്യൻ മിഷണറിമാർ നടത്തിയ വിദ്യാഭ്യാസരംഗത്തെ വിപ്ലവകരമായ പ്രവർത്തനങ്ങൾ ഒരു ജനതയുടെ ആത്മാവിന് സടകുടഞ്ഞെണീക്കുവാൻ പ്രേരണയായിട്ടുണ്ട്.

70-ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന സന്ദർഭത്തിൽ രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തു സൂക്ഷിക്കുവാൻ നമുക്ക് ജാഗ്രതയോടുകൂടി പ്രവർത്തിക്കാം. ഭാരതത്തിന്റെ അന്തസ്സ് ലോകരാഷ്ട്രങ്ങൾക്കിടയിൽ ഉയർത്തിയ ഭരണാധികാരികളെ നമുക്ക് നന്ദിയോടുകൂടി സ്മരിക്കാം. ആർഷ ഭാരതസംസ്കാരത്തിന്റെ ചൈതന്യം ഏവരിലും എത്തിക്കുന്നതിനായി നമുക്കൊരുമിച്ച് മുന്നേറാം. ഓരോ വ്യക്തിയുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം മറ്റുള്ളവരുടെ അവകാശങ്ങളുടെ കാവൽക്കാരനായി ഓരോ ഇന്ത്യാക്കാരനും മാറണം. 1948 ഡിസംബർ 10 ന് ഐക്യരാഷ്ട്രസഭ അന്താരാഷ്ട്രമനുഷ്യാവകാശപ്രഖ്യാപനം നടത്തി. ഇതനുസരിച്ച് പൗരന്മാരുടെ അന്തസ്സ് നിലനിർത്തുവാൻ വേണ്ട സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഓരോ രാഷ്ട്രത്തിലേയും ഭരണാധികാരികൾക്ക് ഉത്തരവാദിത്വമുണ്ട്. ■



# വി. ജോൺ മരിയ വിയാനി വിശുദ്ധിയുടെ ആൾരൂപം



ബ്ര. തോമസ്
ഇടത്തുംപടിയ്ക്കൽ

വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ നാം ആഘോഷിക്കുമ്പോൾ ആ പുണ്യവാന്റെ ജീവിതപന്ഥാവുകൾ ഏറെ ചിന്തോദ്ദീപകമാണെന്ന് തോന്നുന്നു. നരകതുല്യമായിരുന്ന ആർസിന്റെ താഴ്‌വരകളെ സ്വർഗ്ഗീയ സൗന്ദര്യം ധരിപ്പിച്ച പുണ്യവാൻ. ഫ്രാൻസിലെ ലയണസ് നഗരത്തിൽ ഡാർസിലി ഗ്രാമത്തിൽ മരിയ ബലൂസയുടെയും മാത്യു വിയാനിയുടെയും മകനായി 1786 മെയ് 8ന് ജനിച്ചു. ഫ്രെഞ്ചു വിപ്ലവത്തിന്റെ പശ്ചാത്തലത്തിലാണ് വിശുദ്ധൻ പിച്ചവെച്ചുനടന്നത്. സഭ ഏറെ പ്രതിസന്ധികൾ നേരിട്ടിരുന്ന കാലം; വിപ്ലവകാരികൾ പ്രാർത്ഥിക്കുന്നതു പോയിട്ട് ദൈവനാമം ഉച്ചരിക്കുന്നതു പോലും രാജ്യദ്രോഹമായി കണക്കാക്കി. വേഷപ്രച്ഛന്നനായി വൈദികൻ വി. കുർബാന രഹസ്യമായ് അർപ്പിക്കും എങ്കിലും സുകൃത ജീവിതത്തിനുടമകളായ വി. വിയാനിയുടെ മാതാപിതാക്കൾ വേദപഠനത്തിലും ഭക്തകൃത്യങ്ങൾ നിർവ്വഹിക്കുന്നതിൽ തീഷ്ണമതികളുമായിരുന്നതിനാൽ വിശുദ്ധന്റെ ജീവിതത്തിലും അതിന്റെ സ്ഫുരണങ്ങൾ വീശിത്തുടങ്ങി. പരി. അമ്മയുടെ ഒരു കളിമൺ രൂപവും കൊന്തയുമായിരുന്നു പുണ്യവാന്റെ ആകെ സമ്പാദ്യം. പഠനത്തിനുള്ള സാധ്യതകൾ ഇല്ലാതിരുന്നതിനാൽ കാലിമേയ്ച്ചു നടന്ന കൊച്ചു ജോൺ വിശുദ്ധരുടെയും പുണ്യവാന്മാരുടെയും ജീവചരിത്രം കൂട്ടുകാരോട് പറയുകയും ജപമാല അർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്തുവന്നു. അമ്മയാണ് തന്റെ ജീവിതത്തിൽ ഏറെ സ്വാധീനിച്ചിട്ടുള്ളതെന്ന് വിയാനി പലപ്പോഴും പറഞ്ഞിരുന്നു. കിരാത ഭരണത്തിനു ശേഷം നെപ്പോളിയൻ ബോണപ്പാർട്ട് ഫ്രാൻസിന്റെ ചക്രവർത്തിയായി. മതമർദ്ദനവും അവസാനിച്ചു. സ്ഥാപനങ്ങളും പള്ളികളും വീണ്ടെടുത്തെങ്കിലും വൈദികരുടെ അഭാവം സഭയെ തളർത്തി കളഞ്ഞു. അങ്ങനെയിരുന്ന കാലഘട്ടത്തിൽ സാർധിലിക്കടുത്ത് എക്കുളിയിൽ ഫാ. ബെയ്‌ലി സെമിനാരി സ്ഥാപിച്ചു. അപ്പോൾ ജോണും തന്റെ ചിരകാല സ്വപ്നമായ വൈദികപഠനത്തിനുള്ള ആഗ്രഹം മാതാപിതാക്കളെ അറിയിച്ചു. ഫാ. ബെയ്‌ലിയോടുള്ള പരിചയവും അതിന് മാറ്റുകൂട്ടി. എക്കുളിയിലെ സെമിനാരിയിൽ പഠനമാരംഭിച്ച ജോൺ ക്ലാസിലെ മുതിർന്ന കുട്ടിയായിരുന്നു. സഹപാഠികളേക്കാൾ പ്രായമു

ണ്ടായിരുന്ന ജോണിന്റെ മുമ്പിലെ കീറാമുട്ടിയായിരുന്നു ലത്തീൻ പഠനം. ഏറെ പ്രാർത്ഥനയിലും പരിത്യാഗത്തിലും നിമഗ്നനായി ജീവിച്ച പുണ്യവാൻ സഹനത്തിന്റെയും കഠിനപ്രയത്നത്തിന്റെയും ആൾരൂപമായിരുന്നു. ആ സമയമാണ് രാജ്യത്തിന്റെ പുരോഗതിയ്ക്കു വേണ്ടി 19 വയസ്സിനു മുകളിലുള്ളവർ സൈനിക സേവനത്തിന് സന്നദ്ധരാകണമെന്ന് ചക്രവർത്തിയുടെ കല്പനയുണ്ടായത്. വിയാനിയും പട്ടാളക്യാമ്പിലേയ്ക്കു നയിക്കപ്പെട്ടു. എങ്കിലും ആത്മാക്കളുടെ രക്ഷയെപ്രതി താൻ ഒരു വൈദികൻ ആകണമെന്ന് ഉറച്ചു വിശ്വസിച്ച ജോൺ പട്ടാള ക്യാമ്പിൽ നിന്നും ഒളിച്ചോടി. നടന്നു വലഞ്ഞ ക്ഷീണിതനായ ജോൺ നൊയെസ് എന്ന ഗ്രാമത്തിൽ എത്തി. അവിടെ ജെറോം എന്ന പേരിൽ താമസിച്ചു. സത് സ്വഭാവിയായ ആ ചെറുപ്പക്കാരനെ എല്ലാവർക്കും ബോധിച്ചു. കാലിമേയ്ച്ചും വയലിൽ അദ്ധ്വാനിച്ചും ജോൺ കാലം തള്ളി നീക്കി. ഈ സമയം യുദ്ധത്തിൽ ജയിച്ച നെപ്പോളിയൻ അനേകം കുറ്റവാളികൾക്കു മാപ്പ് കൊടുത്ത് പട്ടാളത്തിൽ നിന്ന് ഒളിച്ചോടിയവരെയും വെറുതെ വിട്ടു. തിരിച്ച് വീട്ടിലെത്തിയ ഏതാനും ദിവസങ്ങൾക്കു ശേഷം സ്നേഹനിധിയായ അമ്മ നിര്യാതയായി. ഈ ദുഃഖത്തിലും പിണ്യവാനെ നയിച്ചത് വൈദികനാകണമെന്നുള്ള ആഗ്രഹം തന്നെയാണ്. വീണ്ടും ഫാ. ബെയ്‌ലിക്കു കീഴിൽ പഠനം പുനരാരംഭിച്ചു. വിശുദ്ധൻ വെരയിരെയിലെ സെമിനാരിയിൽ ചേർന്നു പഠനം ആരംഭിച്ചു. മരമണ്ടൻ, വിഡ്ഢി എന്നൊക്കെയാണ് അദ്ധ്യാപകർ ജോണിനെ വിശേഷിപ്പിച്ചത്. പഠനം ജോണിന് മുമ്പിൽ പർവ്വതാകാരം പൂണ്ടു. സെമിനാരി പരീക്ഷകളിൽ എല്ലാം ജോൺ അമ്പേ പരാജയപ്പെട്ടു. സെമിനാരിയിൽ നിന്നും പുറത്താകുമെന്ന് ആയപ്പോൾ ഏറെ ദുഃഖിതനായ വിശുദ്ധൻ ഒരു ബ്രദർ ആയി ജീവിക്കുവാൻ തീരുമാനിച്ചു. ഗുരുനാഥൻ ബെയ്‌ലിയെ കണ്ട് യാത്ര ചോദിക്കുവാൻ ജോൺ എക്കുളിയിലെത്തി. പക്ഷേ ശിഷ്യനെ അറിയുന്ന ഗുരുനാഥന്റെ പ്രോത്സാഹനത്താൽ പറഞ്ഞ് വൈദിക പഠനം വീണ്ടും ആരംഭിച്ചു. മൂന്ന് മാസം ഫാ. ബെയ്‌ലിയുടെ കീഴിൽ ശിക്ഷണം സ്വീകരിച്ച ജോൺ രൂപതയിലെ പണ്ഡിതസംഘത്തിനു മുമ്പിൽ എത്തി. വൈദികാർത്ഥികളെ പരീക്ഷിക്കുന്ന സംഘത്തിന്റെ ചോദ്യങ്ങൾക്കു മുമ്പിൽ നിസഹായനായി നിൽക്കുവാനേ ജോണിനു കഴിഞ്ഞുള്ളൂ. വിവരം അറിഞ്ഞ് വന്ന ഫാ. ബെയ്‌ലി രൂപതയുടെ അഡ്മിനിസ്ട്രേറ്ററായ മോൺ. കേർബാണെയെ കണ്ടു. അദ്ദേഹത്തിന്റെ മറുപടി ഏറെ പ്രതീക്ഷ നിറഞ്ഞതായിരുന്നു. അച്ചൻ പറയുന്ന ഈ വിയാനിക്കു പ്രാർത്ഥന ചൊല്ലാൻ അറിയുമോ? മാതാവിനോട് ഭക്തിയുണ്ടോ? എങ്കിൽ അവന് പട്ടം കൊടുക്കുവാൻ ഞാൻ ശുപാർശ ചെയ്യും. അടുത്ത പരീക്ഷ ജോൺ കഷ്ടിച്ച് പാസായി. 1815 ആഗസ്റ്റ് 13-ാം തീയതി അയൽ രൂപതയായ ഗ്രേനോവിയിലെ സെമിനാരി ചാപ്പലിൽ വച്ച് വൈദികനായി അഭിഷിക്തനായി. സൻമാർഗ്ഗ ശാസ്ത്രത്തിൽ പ്രാവീണ്യം നേടിയിട്ടില്ലാതിരുന്നതിനാൽ ഒരു വർഷം കഴിഞ്ഞ് പാപമോചനാധികാരം നൽകിയാൽ മതിയെന്നായിരുന്നു പണ്ഡിതന്മാരുടെ ശുപാർശ. എങ്കിലും ഈശോയെ കൈകളിൽ സംവഹിച്ചപ്പോൾ ഫാ. ജോണിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. പഠനം തുടരുവാൻ ഫാ. ബെയ്‌ലിയുടെ അസിസ്റ്റന്റ് വികാരിയായി എക്കുളിയിൽ തന്നെ ഫാ. ജോൺ തീരുമാനിച്ചു. ഭക്തി നിർഭരമായ ആരാധനയും ദിവ്യബലിയും വിയാനി അച്ചന് മറ്റുള്ളവരിൽ നിന്നും വ്യതിരിക്തനാക്കി. സ്വയം മറന്ന് നാഥനോട് താദാത്മ്യം പ്രാപിച്ച് വിശുദ്ധ ബലിയർപ്പിക്കുന്ന അച്ചനെ ആളുകൾക്ക് ഇഷ്ടമായി. പഠനം പൂർത്തിയാക്കി പാപമോചനാധികാരവും സിദ്ധിച്ച് സമ്പൂർണ്ണ വൈദികനായ വിയാനിക്കു മുമ്പിൽ ആദ്യം മുട്ടുകുത്തിയത് വന്ദ്യവയോധികനായ ഗുരുനാഥൻ ഫാ. ബെയ്‌ലി തന്നെയാണ്. അവസാനമായി തന്റെ ഏകസമ്പാദ്യമായ മുള്ളരിഞ്ഞാണം ശിഷ്യന് സമ്മാനിച്ച് അദ്ദേഹം അന്ത്യയാത്ര പറഞ്ഞു.


വികാരിയായ് അച്ചൻ പോയത് ആർസിന്റെ താഴ്‌വരകളിലേയ്ക്കായിരുന്നു. മലനിരകളും കുന്നുകളും നിറഞ്ഞ ആർസ് ബാഹ്യബന്ധങ്ങളൊന്നുമില്ലാതിരുന്ന കൊച്ചുഗ്രാമമായിരുന്നു. ആരും നോക്കാനില്ലാതെ കാടും പടലും പിടിച്ചു കിടക്കുന്ന ഒരു കൊച്ചുപള്ളിയായിരുന്നു ആർസിലേത്. സ്വന്തമായി പള്ളിയും മറ്റും വൃത്തിയാക്കി പ്രാർത്ഥനയിലാണ്ട് അച്ചൻ ഗ്രാമത്തിൽ സഞ്ചരിച്ചു. അതിന്റെ ഫലമായി കുറേ കുട്ടികൾ ദേവാലയത്തിൽ വരുവാൻ തുടങ്ങി. ഞായറാഴ്ചയെങ്കിലും ആളുകളെത്തുമെന്ന് പ്രതീക്ഷിച്ച അച്ചൻ വളരെ നിരാശനായി. യുവാക്കളെല്ലാവരും അവധിദിവസം ആഘോഷിക്കുന്ന തിരക്കിലായിരുന്നു. മദ്യവും ലഹരിയും അസഭ്യവർഷവും അദ്ധ്വാനിക്കുന്നവരോടു കൂടെ അദ്ധ്വാനിച്ചും രോഗികളെ പരിപാലിച്ചും ജീവിതം കഴിക്കുന്ന വിയാനിയച്ചനെ എല്ലാവരും സാകൂതം വീക്ഷിച്ചു. ക്രമേണ വിയാനിയച്ചൻ ഗ്രാമത്തിൽ സംസാരവിഷയമായി. സുഖലോലുപതയിലും ദ്രവ്യാഗ്രഹത്തിലും മുഴുകിജീവിക്കാതെ എളിയവനായി അദ്ധ്വാനിക്കുന്ന വിയാനിയിൽ ശിഷ്യരുടെ പാദങ്ങൾ കഴുകുന്ന തമ്പുരാനെ അവർ കണ്ടു. പ്രാർത്ഥനയുടയും ധ്യാനത്തിന്റെയും ആൾരൂപമായ വിയാനിയച്ചൻ എന്റെ

പ്രിയപ്പെട്ട മക്കളെയെന്നു വിളിക്കുമ്പോൾ പിതൃസഹജമായ വാത്സല്യവും സ്നേഹവും അവർ തിരിച്ചറിഞ്ഞു. പ്രാർത്ഥനാപൂർവ്വമായ ഇടപെടലും സദാതുറന്നു കിടന്ന ദേവാലയവും ആർസിന്റെ മുഖഛായ തന്നെ മാറ്റി. ആർസിലെ ആളുകളുടെ സ്നേഹത്തിനും ആദരത്തിനും പാത്രമായി തീർന്ന വിയാനിയച്ചൻ അവരുടെ അനുദിനജീവിതത്തിലെ ഒരുഭാഗമായി തീർന്നു. കഷ്ടപ്പാടിന്റെയും കഠിനപ്രയത്നങ്ങളുടെയും ഇടയിൽ അവർക്കു ശക്തി പകർന്നത് വിയാനിയച്ചന്റെ പ്രാർത്ഥനയും സ്നേഹമസൃണമായ ഇടപെടലുകളുമാണ്. ആർസിലെ ഡാൻസ് പാർട്ടികളാണ് അവരെ ഏറെ ദുർമാർഗികമായി ക്ഷയിപ്പിച്ചുകൊണ്ടിരുന്നതെന്ന് മനസ്സിലാക്കിയ വിയാനി അച്ചൻ അക്ഷീണ പരിശ്രമത്തിലൂടെ അത് മാറ്റിയെടുത്തു. പിതൃസ്വത്തായി ലഭിച്ച തുകകൊണ്ട് ഒരു വിദ്യാലയം സ്ഥാപിച്ച് ആർസിന്റെ പുരോഗതിയ്ക്കുവേണ്ടി അക്ഷീണം പ്രയത്നിച്ചു. ഒരു ദിവസം 18 മണിക്കൂറോളം കുമ്പസാരക്കൂട്ടിൽ ചെലവഴിച്ച വിയാനിയച്ചൻ ജീവിച്ചിരിക്കുമ്പോൾ തന്നെ ഫ്രാൻസിലെ വിശുദ്ധൻ എന്നറിയപ്പെട്ടു. കഠിനമായ പ്രയത്നവും ശാരീരികപീഡനങ്ങളും വിയാനിയച്ചന്റെ ശരീരം ക്ഷീണിപ്പിച്ചു. ഉയിർപ്പുതിരുനാൾ ദിനം അച്ചൻ പള്ളിയിൽ മോഹാലസ്യപ്പെട്ടു വീണു. ഡോക്ടർമാർ പരിശോധനയ്ക്കിടയിൽ മുള്ളരഞ്ഞാണം കാണുകയുണ്ടായി. അച്ചൻ മരിച്ചു പോയേക്കുമെന്ന് ഭയപ്പെട്ട് ഗ്രാമവാസികളെല്ലാം കണ്ണീരൊഴുക്കി. തന്റെ ഇഹലോകവാസം അവസാനിക്കാറായെന്നു വിശുദ്ധനു മനസ്സിലായി. പ്രാർത്ഥനയുടെയും ത്യാഗത്തിന്റെയും മൂർത്തിഭാവമായ പുണ്യവാൻ 1859 ആഗസ്റ്റ് നാലാം തീയതി സ്വർഗ്ഗസമ്മാനത്തിനായ് വിളിക്കപ്പെട്ടു. ആർസിലെ ദേവാലയത്തിൽ സംസ്കരിച്ച വിയാനിയച്ചന്റെ ഭൗതികശരീരം അനേകർക്ക് സൗഖ്യം നൽകുന്ന ഉറവയായ് മാറി. ശാസ്ത്രയുക്തികൾക്ക് ഉത്തരം നൽകുവാൻ കഴിയാത്ത അത്ഭുതങ്ങളുടെ കലവറയായി ആർസിലെ വിയാനി മാറിക്കഴിഞ്ഞിരുന്നു. ബെല്ലിരൂപതാ മെത്രാന്റെ അഭ്യർത്ഥനപ്രകാരം 1905 ജനുവരി 8–ാം തീയതി വി. പീയൂസ് പത്താം മാർപാപ്പ ഫാ. ജോൺ മരിയ വിയാനിയെ വാഴ്ത്തപ്പെട്ടവനായ് പ്രഖ്യാപിച്ചു. വത്തിക്കാനിലെ വിദഗ്ധന്മാരുടെ പഠനത്തിനും അന്വേഷണത്തിനും ശേഷം 1925 മെയ് 31–ാം തീയതി പീയൂസ് പതിനൊന്നാമൻ മാർപാപ്പ ജോൺ മരിയ വിയാനിയെ വിശുദ്ധനായി പ്രഖ്യാപിച്ചു. അനവരതം സ്വർഗ്ഗീയമഹത്വത്തിൽ ആയിരിക്കുന്ന വി.ജോൺ മരിയ വിയാനി ഇപ്പോഴും ഭക്തലക്ഷങ്ങളുടെമേൽ അനുഗ്രഹങ്ങൾ ചൊരിഞ്ഞുകൊണ്ടിരിക്കുന്നു.

**വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനി**

**ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.**

# കിണർ



**അമരത്വ ജെ ആനന്ദ്**

കപ്പിയും കയറും
നല്ല ഉറപ്പുള്ളതായിരുന്നു.
ഇഴ പൊട്ടി തുടങ്ങിയപ്പോൾ
കയറും,
ഉരഞ്ഞുരഞ്ഞ് തേഞ്ഞ്
കപ്പിയും ചതിച്ചു
തൊട്ടി കിണറ്റിൽ പെട്ടു,
പ്രതികളെ പൊക്കാൻ
പാതാളക്കരണ്ടി തന്നെ വേണം.
കിണറപ്പോഴും എപ്പോഴും
ദാഹമകറ്റാനായ് കാത്തിരിപ്പിലാണ്.

കാറ്റടിച്ചു വീണ ഇലകൾ
അഴുക്കടിഞ്ഞ് ഉറവ മൂടിയിട്ടും
തേകി വറ്റിച്ചിട്ടും
എത്ര ഊറ്റി എടുത്തിട്ടും
ഒരു തൊട്ടി വെള്ളം പോലും
തിരിച്ചൊഴിക്കാഞ്ഞിട്ടും
ചില കിണറുകൾ
അതിന്റെ ഉറവ
ചുരത്തിക്കൊണ്ടേയിരിക്കും...

ഉറവ വറ്റാത്തൊരു കിണറാവാൻ
എന്നാണിനി നമുക്കാവുക!?




# കിഡ്നി സ്റ്റോൺ എങ്ങനെ തടയാം..!



ഡോ. സി. ഐറിൻ എസ്. ഐ. സി.

"Prevention is better than cure" എന്ന് പറയുന്നത് പോലെ ചില രോഗങ്ങൾ നമുക്ക് ഭക്ഷണക്രമീകരണത്തിലൂടെ തടയാൻ സാധിക്കും. അതിൽ ഒരു രോഗം ആണ് മൂത്രാശയക്കല്ല് (Urolithiasis).

പ്രത്യേകതരത്തിലുള്ള കിഡ്നി സ്റ്റോണുകൾ ഉണ്ട്. പ്രധാനമായിട്ടും കാൽസ്യം അല്ലെങ്കിൽ ഓക്സറ്റേ് സ്റ്റോണുകൾ, യൂറിക് ആസിഡ് സ്റ്റോണുകൾ, സ്ട്രൂവൈറ്റ് സ്റ്റോണുകൾ, സിസ്റ്റൈൻ സ്റ്റോണുകൾ. കൂടുതൽ കാണപ്പെടുന്നത് കാൽസ്യം അല്ലെങ്കിൽ ഓക്സലേറ്റ് സ്റ്റോണുകൾ ആണ്.

ഉയർന്ന അളവിൽ ഓക്സലേറ്റ് അടങ്ങിയ ഭക്ഷണം മൂത്രാശയക്കല്ലിൽ സാധാരണമായ ഓക്സലേറ്റ് സ്റ്റോൺ സാധ്യത വർദ്ധിപ്പിക്കുന്നു. യൂറിൻ ഓക്സലേറ്റിന്റെ അളവ് നിയന്ത്രിച്ചാൽ മൂത്രാശയക്കല്ല് ഉണ്ടാകാനുള്ള ഉയർന്ന അപകടം കുറയ്ക്കാം.

ശ്രദ്ധിക്കുക;

"8 ഔൺസിന്റെ 10–12 ഗ്ലാസ് വെള്ളം ദിവസവും കുടിക്കുക."

**മൂത്രാശയക്കല്ല് നിയന്ത്രിക്കാനുള്ള ഭക്ഷണക്രമീകരണ നിർദ്ദേശങ്ങൾ**

**കാൽസ്യം അല്ലെങ്കിൽ ഓക്സലേറ്റ് സ്റ്റോണുകൾ**

പാലുൽപ്പന്നങ്ങൾ, കോളകൾ, നിലക്കടല (peanuts), ചോക്കലേറ്റ് പോലുള്ള ഉയർന്ന അളവിൽ ഓക്സലേറ്റ് ഉള്ള ഭക്ഷണം നിയന്ത്രിക്കുക. അന്റാസിഡുകൾ അമിതമായി ഉപയോഗിക്കരുത്.

**യൂറിക് ആസിഡ് സ്റ്റോണുകൾ**

മത്സ്യം, മാംസം, കോഴിയിറച്ചി, ഓർഗൻ മീറ്റ്, പച്ചക്കറികൾ, മീൻമുട്ട, ബിയർ, വൈൻ എന്നിങ്ങനെ ഉയർന്ന പ്യൂറൈൻ ഉള്ളവ മിതമായി ഉപയോഗിക്കുക.

**സ്ട്രൂവൈറ്റ് സ്റ്റോണുകൾ**

ധാരാളം വെള്ളം കുടിക്കുക.

**സിസ്റ്റൈൻ സ്റ്റോണുകൾ**

മത്സ്യം കഴിക്കുന്നത് മിതമാക്കുക (ഇതിൽ ഉയർന്ന അളവിൽ മിതിയോനിൽ ഉണ്ട്).

ചില ഭക്ഷണപദാർത്ഥങ്ങളോട് നമുക്ക് "ആവാം" എന്നും; ചിലതിനോട് "അരുത്" എന്നും പറയാം.

**SAY YES! (ആവാം)**

തേങ്ങ വെള്ളം:– ഇതിലുള്ള ഡയോലിസിബിൾ ബയോമോളിക്യൂളുകൾ മിനറൽ ഫേസിന്റെ പ്രാഥമിക രൂപീകരണത്തെ മാത്രമല്ല അതിന്റെ വളർച്ചയേയും തടയും. ഒപ്പം, മുമ്പേ രൂപീകൃതമായ മിനറൽ ഫേസിന്റെ ഡീമിനറലൈസേഷൻ ഉത്തേജിപ്പിക്കുകയും ചെയ്യുന്നു.

പൈനാപ്പിൾ ജ്യൂസ്:– ഫൈബ്രിനുകൾ ഇല്ലാതാക്കുന്ന എൻസൈമുകൾ ഇതിൽ അടങ്ങിയിരിക്കുന്നു. അത് മൂത്രാശയക്കല്ല് ഉണ്ടാക്കുന്നത് തടയും.

നാരങ്ങ:– ഇതിൽ സിട്രേറ്റ്സ് സമ്പന്നമായതി

നാൽ കാൽസ്യം ഓക്സലേറ്റിനെ തടഞ്ഞ് കല്ലുണ്ടാകുന്നതിനെ പ്രതിരോധിക്കുന്നു.



കാരറ്റ്:- ഇതിൽ ഫോസ് ഫേറ്റും പ്ലാന്റ് ആസിഡും ധാരാളം ഉള്ളതിനാൽ അത് കല്ലിനെ പ്രതിരോധിക്കുന്നു. കല്ലുകൾ ഉണ്ടാകുന്നതിന് കാരണമായ വിറ്റാമിൻ 'എ'യുടെ അഭാവവും ഇത് നികത്തുന്നു.

ബാർലി:- ഡയൂറിക് പ്രവർത്തനത്തെ ഇത് ഉത്തേജിപ്പിക്കുന്നു. ശമനം നൽകുന്നതും ദൃഢപ്പെടുത്തുന്നതുമായ ഘടകങ്ങളും കല്ലുകൾ ഉണ്ടാകാതെ നോക്കുന്ന വസ്തുക്കളാൽ സമ്പന്നം.

വാഴപ്പഴം:- ഇതിൽ സമ്പന്നമായുള്ള വിറ്റാമിൻ 'ബി 6' ശരീരത്തിലെ ഓക്സാലിക് ആസിഡിനെ തടയുന്നു. അത് കല്ലുണ്ടാകുന്നത് പ്രതിരോധിക്കുന്നു.

മുതിര:- ഇതിൽ ജലാംശം ധാരാളം ഉള്ളതിനാൽ കല്ലുണ്ടാകുന്നത് തടയുന്നു.

**SAY NO! (അരുത്)**

ചീരയും, ചോളവും, തക്കാളിയും:- അതിൽ ഉയർന്ന അളവിൽ ഓക്സലേറ്റ് അടങ്ങിയിരിക്കുന്നതിനാലും ഓക്സലേറ്റ് ഉണ്ടാകുന്നതിനാലും.

കശുവണ്ടിയും വെള്ളരിക്കയും:- ഇതിൽ ഉയർന്ന അളവിൽ ഓക്സലേറ്റ് അടങ്ങിയിരിക്കുന്നു.

മത്തങ്ങയും കുമിളും:- ഇതി ൽ ഉയർന്ന അളവിൽ യൂറിക് ആസിഡ്/പ്യൂറൈൻ അടങ്ങിയിരിക്കുന്നു.

കത്തിരിക്ക:- ഇതിൽ ഉയർന്ന അളവിൽ യൂറിക് ആസിഡ്/പ്യൂറൈൻ അടങ്ങിയിരിക്കുന്നു.

കറുത്ത മുന്തിരിങ്ങ:- അതി ൽ ഉയർന്ന അളവിൽ ഓക്സലേറ്റ് അടങ്ങിയിരിക്കുന്നു.

കോളിഫ്ളവർ:- ഇതിൽ ഉയർന്ന അളവിൽ യൂറിക് ആസിഡ്/പ്യൂറൈൻ അടങ്ങിയിരിക്കുന്നു.

നെല്ലിക്കയും, ജാതിക്കയും:- ഇതിൽ ഉയർന്ന അളവിൽ ഓക്സലേറ്റ് അടങ്ങിയിരിക്കുന്നു.

എള്ള്:- ഇതിൽ ഉയർന്ന അളവിൽ ഓക്സലേറ്റ് അടങ്ങിയിരിക്കുന്നു.

ഇവയെല്ലാം ശ്രദ്ധിച്ചാൽ നമുക്ക് മൂത്രാശയക്കല്ലിനെ നിയന്ത്രിക്കാൻ സാധിക്കും...



ദൈവദാസൻ മാർ ഈവാനിയോസ് അനുസ്മരണ പദയാത്ര റാന്നി പെരുനാട് കുരിശുമല ദേവാലയത്തിൽ നിന്നും തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രലിലേക്ക് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ നേതൃത്വത്തിൽ ആരംഭിച്ചപ്പോൾ. മെത്രാപ്പോലീത്തമാരായ യൂഹാനോൻ മാർ ക്രിസോസ്റ്റം, സാമുവൽ മാർ ഐറേനിയോസ്, തോമസ് മാർ അന്തോണിയോസ് തുടങ്ങിയവർ മുൻ നിരയിൽ.



കഴിഞ്ഞ ലക്കം തുടർച്ച...

# അങ്ങേയ്ക്ക് തുല്യനായി ആരുമില്ല

**(നവതിയുടെ നിറവിൽ ബഹു. സൈമൺ പുളിയങ്കീഴ് അച്ചൻ)**

**മോൺ. ഫാ. ചെറിയാൻ താഴമൺ**

'ദേവാല' എന്ന സ്ഥലം വരെ ഉപ്പട്ടി ഇടവകക്കാരനായ ഒരാൾ സൗജന്യ യാത്ര ചോദിച്ചു. അയാളെ 'ദേവാല'യിൽ ഇറക്കിയിട്ട് യാത്ര തുടരുമ്പോൾ 'നാടുകാണി'യിൽ ഇരുമ്പുപാലത്തിൽ വച്ച് ഒരു പശു റോഡിനുകുറുകെ ചാടി, സ്കൂട്ടർ മറിഞ്ഞു. പാലത്തിന്റെ കൈവരിയിൽ അടിയവയർ ഇടിച്ച് അച്ചൻ വീണു. താഴെ അഗാധമായ കൊക്ക. പാലത്തിന്റെ കൈവരിയിൽ കാൽ ഉടക്കിയതുകൊണ്ട് കൊക്കയിലേക്ക് വീഴാതെ കിടന്നു. എഴുന്നേൽക്കാനോ താഴെ ഇരിക്കാനോ സാധിക്കാത്ത അവസ്ഥ. 'ആകാശത്തിനും ഭൂമിയ്ക്കും മധ്യേ'യുള്ള കിടപ്പ്. സ്വർഗവും ഭൂമിയും പാതാളവും ഒന്നിച്ചുകണ്ട സമയം. പത്ത് മിനിറ്റിനകം തമിഴ്നാട് വിദ്യുത്ഛക്തി വകുപ്പിന്റെ ഒരു വാഹനം അതുവഴി വന്നു. റോഡിൽ ഒരു സ്കൂട്ടർ അപകടത്തിൽപെട്ടിരിക്കുന്നത് കണ്ട് അവർ വണ്ടി നിർത്തി. പാലത്തിന്റെ കൈവരിയിൽ ഉടക്കി കിടന്നിരുന്ന അച്ചനെ എടുത്ത് ഗുഡല്ലൂർ ആശുപത്രിയിൽ എത്തിച്ചു. ഊട്ടി രൂപതവക ഗൂഡല്ലൂർ പള്ളിയിലെ വികാരിയായിരുന്ന പാലാ സ്വദേശി ബഹു. ജോസഫ് കണിപ്പള്ളിൽ അച്ചൻ ആശുപത്രിയിൽ എത്തി. ബഹു. സൈമണച്ചന്റെ അവസ്ഥയുടെ ഗൗരവം മനസിലാക്കിയ അദ്ദേഹം ഡോക്ടറുടെ അനുവാദത്തോടെ കപ്യാരെയും കൂട്ടി ബഹു. സൈമണച്ചനെ ആംബുലൻസിൽ അമ്പത് കിലോമീറ്റർ ദൂരെയുള്ള ഊട്ടിയിൽ എത്തിച്ചു. ഊട്ടി രൂപതാധ്യക്ഷനായിരുന്ന അഭിവന്ദ്യ ആന്റണി പടിയറ പിതാവ് ഊട്ടി ആശുപത്രിയിലെ പ്രധാന ഡോക്ടർ കുരുവിളയെ ഫോണിൽ വിളിച്ചുപറഞ്ഞ് അച്ചനെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യിച്ചു. വൈകിട്ടത്തെ വിശുദ്ധ കുർബാനയിൽ സംബന്ധിക്കാൻ പള്ളിയിൽ പോയിരുന്ന ഡോക്ടർ കുരുവിള വേഗത്തിൽ ആശുപത്രിയിലെത്തിയപ്പോൾ അച്ചന്റെ അവസ്ഥ വളരെ ഗൗരവമാണെന്ന് തിരിച്ചറിഞ്ഞു. ഉടൻതന്നെ ഓപ്പറേഷൻ നടത്തി വയർ തുറുന്നു. കുടലും മൂത്രസഞ്ചിയും പൊട്ടി മലവും മൂത്രവും രക്തവും കൂടി കലർന്ന അവസ്ഥ. കുടലിൽ പഴുപ്പ് ആരംഭിക്കുന്ന സ്ഥിതി. കുടൽ ഉടൻ തന്നെ മൂന്നടിയോളം മുറിച്ചുമാറ്റി, മൂത്രസഞ്ചി തുന്നിച്ചേർത്തു. വയറും കുത്തിക്കെട്ടി. മെഡിക്കൽ ശാസ്ത്ര പ്രകാരം കാര്യമായ പ്രതീക്ഷയ്ക്ക് വകയില്ലെന്ന് ഡോക്ടർ മാർ ആന്റണി പടിയറ പിതാവിനെ അറിയിച്ചു. പടിയറ പിതാവ് അപകടവിവരം തിരുവല്ല അരമനയിലേക്ക് അറിയിച്ചു. ബഹു. ഏബ്രഹാം കളക്കുടി, ബഹു. അലക്സാണ്ടർ പയ്യംപള്ളി എന്നീ വൈദികർ ഉടൻതന്നെ ഊട്ടിയിലേക്ക് തിരിച്ചു. പ്രതീക്ഷിച്ച രീതിയിൽ യാതൊരു അപകടവും (മരണം) സംഭവിക്കാഞ്ഞതിനാൽ ഡോക്ടർ കുരുവിള അച്ചന്റെ വയർ വീണ്ടും തുറന്ന് വേറൊരു പരീക്ഷണത്തിനു തയാറായി. വീണ്ടും കുടൽ മുറിച്ച് റബർ ട്യൂബ് കുടലിൽ ഘടിപ്പിച്ച് വയറിന് പുറത്തേക്ക് തുറന്നു വച്ചു. ഏതുവിധേനയും അച്ചന്റെ ജീവൻ രക്ഷിക്കുക അദ്ദേഹം ഒരു ദൗത്യമായി മനസിൽ ഏറ്റെടുത്തു.

അപ്രതീക്ഷിതമായ ഒരു

ഫോൺ സന്ദേശം ഡോ. കുരുവിളയെ തേടിയെത്തി. അദ്ദേഹത്തിന്റെ സഹോദരൻ ഫാ. ഹയാസിന്ത് ഒ.ഡി.സി മരണാസന്നനായിരിക്കുന്നു. ഡോക്ടർ മാനസികവ്യഥയിലായി. ഇവിടെ തന്റെ ശ്രദ്ധ ഏറ്റവുമധികം ആവശ്യമായിരിക്കുന്ന അവസ്ഥയിൽ ഫാ. സൈമൺ. അവിടെ മരണാസന്നനായി തന്റെ സഹോദരൻ. ഫാ. ഹയാസിന്ത്. ബഹു. സൈമൺ അച്ചന്റെ പരിചരണം സഹഡോക്ടർമാരെ ഏല്പിച്ചിട്ട് ഡോ. കുരുവിള ഉടൻതന്നെ ചെന്നൈയിലേക്ക് തിരിച്ചു. സൈമണച്ചന്റെ സ്ഥിതി ഇടയ്ക്കിടെ ഫോണിലൂടെ അന്വേഷിച്ചുകൊണ്ടുമിരുന്നു. വയറ്റിൽനിന്ന് പുറത്തേക്ക് തുറന്നുവച്ചിരിക്കുന്ന റബർ കുഴലിലൂടെ അല്പം ഗ്യാസ് പുറത്തേക്ക് വരുന്നുണ്ടെന്ന വാർത്ത ഡോക്ടർ കുരുവിളയിൽ പ്രതീക്ഷയുണർത്തി. 'എങ്കിൽ ഇനി ബാക്കി കാര്യങ്ങൾ ഞാൻ ഏറ്റു. നിങ്ങൾ അച്ചനെ നന്നായി പരിചരിച്ചുകൊള്ളണം' എന്ന നിർദേശവും നൽകി. രണ്ടു ദിവസം കഴിഞ്ഞ് ഡോക്ടർ മടങ്ങിയെത്തി അച്ചനെ നേരിൽ കണ്ട് ആരോഗ്യപുരോഗതിയിൽ സംതൃപ്തി രേഖപ്പെടുത്തി. ഡോക്ടർറുടെ അടുത്ത പരീക്ഷണം; അച്ചന്റെ വയറുഭാഗം മുഴുവൻ ബാൻഡേജ് ചുറ്റി മുറുക്കി നാല്പത് ദിവസം ഒരേ കിടപ്പ്. അതിനുശേഷം അടുത്ത ഓപ്പറേഷൻ നടത്തി പുറത്തേക്ക് തുറന്നിരുന്ന കുഴൽ മാറ്റി. വയറിന്റെ വലതുഭാഗത്ത് ഉണ്ടാക്കിയിരുന്ന സുഷിരം അടച്ചു. ബഹു. കളക്കുടി അച്ചനും പയ്യമ്പള്ളി അച്ചനും തിരുവല്ലായിലേക്ക് മടങ്ങിയിരുന്നതിനാൽ ബഹു. യോവാക്കിം നാഗഞ്ചേരിൽ അച്ചനും ബഹു. ചെറിയാൻ മൈലക്കാട്ട് അച്ചനും മാറിമാറിവന്ന് സഹായിച്ചുകൊണ്ടിരുന്നു. അഭി. മാർ ആന്റണി പടിയറ പിതാവ് എല്ലാ ദിവസവും വൈകിട്ട് ആശുപത്രിയിലെത്തി അച്ചനെ സന്ദർശിക്കുമായിരുന്നു. 'അനേകരുടെ പ്രാർത്ഥനയുടെ ഫലമായുള്ള അത്ഭുത സൗഖ്യം! ഡോക്ടറുടെ പ്രതികരണം അപ്രകാരമായിരുന്നു. സൈമൺ അച്ചന്റെ അനുഭവവും അപ്രകാരം തന്നെയായിരുന്നു.

## ഡോ. കുരുവിള കുന്നുങ്കൽ

ബഹു. സൈമൺ അച്ചന്റെ ജീവനെ തിരികെ വാങ്ങിത്തന്ന ഡോക്ടർ കുരുവിളയെ പരിചയപ്പെടുക ഒരു പുണ്യംതന്നെയാണ്. ബഹു. അച്ചന്റെ രണ്ടാമത്തെ ഓപ്പറേഷൻ സമയത്ത് 'സ്വന്തം രക്തമാണ്' ഡോക്ടർ അച്ചന് നൽകിയത്. ആശുപത്രിയിൽ അച്ചനോടൊപ്പം നിൽക്കാൻ ആരുമില്ലാതിരുന്നതിനാൽ ചെറിയ രോഗവുമായി ആശുപത്രിയിൽ ചികിത്സയ്ക്കായി പ്രവേശിപ്പിക്കപ്പെട്ടിരുന്ന ഒരു രോഗിയെ രോഗം സുഖപ്പെട്ടിട്ടും ഡിസ്ചാർജ് ചെയ്യാതെ അയാളുടെ അനുവാദത്തോടുകൂടി അച്ചന് സഹായിയായി ആശുപത്രിയിൽ തുടരാനുള്ള ക്രമീകരണം ചെയ്ത് സഹായിച്ചു. ചികിത്സ കഴിഞ്ഞപ്പോഴേക്കും ഡോ. കുരുവിളയും ബഹു. സൈമൺ അച്ചനും വലിയ സുഹൃത്തുക്കളായി മാറി. അത് തിരുവല്ലാ രൂപതയ്ക്ക് ഭാവിയിൽ വലിയ നന്മയായും ഭവിച്ചു.

ഡോ. കുരുവിള കുന്നുങ്കൽ കുടുംബത്തിലെ പതിമൂന്നു മക്കളിൽ മൂത്തപുത്രൻ. ആറു സഹോദരന്മാരും ആറു സഹോദരിമാരും. സഹോദരിമാർ എല്ലാവരും കുടുംബസ്ഥർ. സഹോദരന്മാർ ആറുപേരും വിവിധ സന്യാസ സമൂഹങ്ങളിൽ പ്രഗത്ഭരായ വൈദികർ. ഏറ്റവും ഇളയ സഹോദരൻ ജമ്മു-കാഷ്മീർ രൂപതയുടെ പ്രഥമ ഇടയനായിരുന്ന ബിഷപ് ഹിപ്പോളിറ്റസ് കുന്നുങ്കൽ O.F.M (Cap). ഡോ. കുരുവിളയുടെ രണ്ട് ആൺമക്കളും വൈദികർ ആയിരുന്നു. രോഗി പരിചരണം കർതൃശുശ്രൂഷയായി കണ്ടിരുന്ന ഡോക്ടർക്ക് എല്ലാദിവസവും കുർബാനയിൽ സംബന്ധിക്കണമെന്ന് നിർബന്ധമുണ്ടായിരുന്നു. സാധിക്കുമെങ്കിൽ കുർബാനയിൽ ശുശ്രൂഷകനാകാനും ശ്രദ്ധിച്ചിരുന്നു.

1962-ൽ ജില്ലാ മെഡിക്കൽ ഓഫീസർ സ്ഥാനത്തുനിന്നും വിരമിച്ച ഡോക്ടർ കുരുവിള അഭിവന്ദ്യ സക്കറിയാസ് മാർ അത്തനാസിയോസ് പിതാവിന്റെ ആവശ്യപ്രകാരം പുഷ്പഗിരി ആശുപത്രിയിൽ എത്തി ആറു വർഷക്കാലം സേവനം ചെയ്തു. ആശുപത്രിയുടെ അന്നത്തെ പരിമിതികളിൽ ഒതുങ്ങിനിന്ന് പ്രവർത്തിക്കുവാൻ അദ്ദേഹം കാണിച്ച സൗമനസ്യം ശ്രദ്ധേയമായിരുന്നു. ആദ്യവെള്ളിയാഴ്ചകളിൽ ആശുപത്രി ചാപ്പലിൽ നടത്തിയിരുന്ന വിശുദ്ധ കുർബാനയുടെ തിരുമണിക്കൂർ ആരാധനയിൽ ശുശ്രൂഷകനായി സഹായിക്കുന്നതിൽ അദ്ദേഹം അഭിമാനിച്ചിരുന്നു. വാട്ടർ ടാങ്കിന്റെ അടിയിൽ ആശുപത്രി അഡ്മിനിസ്ട്രേറ്റർ ബഹു. അലക്സാണ്ടർ പയ്യമ്പള്ളിൽ അച്ചന്റെ മുറിയോടു ചേർന്നുള്ള ഒരു ചെറിയ മുറിയിൽ താമസിക്കുന്നതിലും അദ്ദേഹത്തിന് യാതൊരു പരിഭവവുമില്ലായിരുന്നു.

ആറു വർഷത്തെ സേവനത്തിനുശേഷം പുഷ്പഗിരിയോട് വിടവാങ്ങി അദ്ദേഹം കൊഴുവനാൽ ഫാത്തിമാമാതാ ആശുപത്രിയിൽ ചുരുങ്ങിയ കാലം പ്രവർത്തിച്ചു. തുടർന്ന് അദ്ദേഹം താമസം കരിപ്പാപ്പറമ്പിൽ ജോസ് വിവാഹം ചെയ്തിരുന്ന മകളോടൊപ്പം എറണാകുളത്ത് പനമ്പള്ളി നഗറിലേക്ക് മാറി. ആലപ്പുഴ തുമ്പോളിയിലെ അദ്ദേഹത്തിന്റെ വീടും സ്ഥലവും തിരുവല്ലാ രൂപതയ്ക്ക് കൈമാറി. അവിടെയാണ് അതിരൂപതവക മാതാ സീനിയർ സെക്കൻഡറി സ്കൂൾ പ്രവർത്തിക്കുന്നത്. ബഹു. സൈമൺ അച്ചനുമായുണ്ടായിരുന്ന ബന്ധമാണ് പ്രസ്തുത സ്ഥലം അതിരൂപതയ്ക്ക് ലഭിക്കുവാൻ ഇടയാക്കിയത്. അങ്ങനെ ബഹു. അച്ചന്റെ അപകടവും അതിരൂപതയ്ക്ക് അനുഗ്രഹമായി ഭവിച്ചു. ഡോക്ടർ കുരുവിള നിര്യാതനായി കടവന്തറ ലിറ്റിൽ ഫ്ളവർ കത്തോലിക്കാ പള്ളി സെമിത്തേരിയിൽ അടക്കപ്പെട്ടു.

(തുടരും)



# മാതാപിതാക്കൾ ഭാവിഭാഗധേയ ശില്പികൾ



**സി. സെറീന എസ്.ഐ.സി.**
ബഥനി കോൺവന്റ്
തിരുവല്ല

പുത്തൻ പ്രതീക്ഷകളും സുന്ദരസ്വപ്നങ്ങളും ഒപ്പം ആശങ്കകളും സമ്മാനിച്ചു കൊണ്ട് ഇതാ ഒരു അദ്ധ്യായന വർഷം കൂടി ആരംഭിച്ചിരിക്കുന്നു. ഇന്നത്തെ ബാലികാബാലന്മാർ നാളത്തെ പൗരന്മാരാണ്. ഇതിലേക്ക് ഇവരെ സജ്ജരാക്കുവാൻ ഗുണമേന്മയുള്ളതും മൂല്യാധിഷ്ഠിതവും സമഗ്രവുമായ ഒരു വിദ്യാഭ്യാസം ഉറപ്പാക്കേണ്ടത് വ്യക്തിയുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും കൂട്ടുത്തരവാദിത്വമാണ്. Education Starts from the womb and ends in the tomb എന്നാണല്ലോ പറയാറ്. സുദീർഘവും സുപ്രധാനവും ഇടമുറിയാൻ പാടില്ലാത്തതും നിർണായകവുമായ ഈ പ്രക്രിയയിൽ മാതാപിതാക്കളും അദ്ധ്യാപകരും കുട്ടിയുമായി ഹൃദ്യമായ ഒരു മുപ്പിരിച്ചരടു ബന്ധം സംസ്ഥാപിക്കണം. ഈ ബന്ധത്തിന് ഊടും പാവും നൽകുന്നത് ദൈവമാണ്. ദൈവത്തോട് ചേർന്ന് നില്ക്കുക. ദൈവം നിങ്ങളോട് ചേർന്നു നില്ക്കും (യാക്കോബ് 4:8). സ്നേഹിച്ചും സഹകരിച്ചും ബഹുമാനിച്ചും മുന്നേറുന്ന നന്മ നിറഞ്ഞ മാതൃക കണ്ടുവളരുന്ന കുട്ടിയുടെ വാക്കും പ്രവർത്തിയും തമ്മിൽ പൊരുത്തമുള്ളതായിരിക്കും.

"മക്കൾ ദൈവത്തിന്റെ ദാനവും ഉദരഫലം അവിടുത്തെ സമ്മാനവുമാണ്" (സങ്കീ 127:3). മക്കളെ ദൈവമക്കളായി കരുതി അവരുടെ വ്യക്തിത്വത്തെ അംഗീകരിച്ച് ബഹുമാനിക്കണം (CCC 2222). മക്കൾക്ക് ധാർമ്മിക വിദ്യാഭ്യാസം കൊടുക്കുക എന്ന ഉത്തരവാദിത്വം മാതാപിതാക്കൾ ദൈവനിയോഗമായി കരുതണം. വാത്സല്യം, ക്ഷമാശീലം, ബഹുമാനം, വിശ്വസ്തത, നിസ്വാർത്ഥ സേവനം എന്നിവ സമഞ്ജസമായി നിർഗളിക്കുന്ന ഒരു സേവനം സൃഷ്ടിച്ചു കൊണ്ട് മാതാപിതാക്കൾ ഈ ഉത്തരവാദിത്വ നിർവ്വഹണം തെളിയിക്കണം. സുകൃതപാലനത്തിനും ആദ്ധ്യാത്മിക രൂപീകരണത്തിനും അനുയോജ്യമായ ശിക്ഷണം ലഭ്യമാകുന്ന സ്ഥലമാകണം ഭവനം. ഭൗതികവും സ്വഭാവികവുമായ മാനങ്ങളെ ആന്തരികവും ആദ്ധ്യാത്മികവുമായ മാനങ്ങൾക്ക് വിധേയമാക്കുവാൻ മാതാപിതാക്കൾ തങ്ങളുടെ മാതൃകയിലൂടെ മക്കളെ പഠിപ്പിക്കണം (CCC 2223). വിശ്വാസജീവിതത്തിന്റെ മുന്നോടികളായ മാതാപിതാക്കൾ മക്കളെ ശൈശവത്തിൽ തന്നെ സഭാജീവിതവുമായി ബന്ധിപ്പിക്കണം. വിശ്വാസശിക്ഷണത്തിന്റെ പ്രാഥമിക കേന്ദ്രമായ കുടുംബം പ്രാർത്ഥിക്കുവാൻ പഠിക്കുന്ന പ്രാഥമിക

കളരിയാണ്. ശൈശവത്തിൽ തന്നെ നടക്കേണ്ട വഴി പരിശീലിപ്പിക്കുക; വാർദ്ധക്യത്തിലും അതിൽ നിന്നു വ്യതിചലിക്കുകയില്ല (സുഭാ 22:6).

കുട്ടികളെ ഉത്തരവാദിത്വമുള്ള വ്യക്തിത്വത്തിന് ഉടമകളായി രൂപീകരിക്കുന്നതിൽ സമൂഹത്തിനും രാഷ്ട്രത്തിനും നിർണായകമായ പങ്കുണ്ട്. 1989 ൽ കുട്ടികളുടെ (0–18) അവകാശങ്ങൾ സംബന്ധിച്ച് ഐക്യരാഷ്ട്ര സംഘടന പുറത്തിറക്കിയ പത്രികയിൽ അവരുടെ അവകാശികളെ നാലു ഗണങ്ങളായി വിഭജിച്ചിട്ടുണ്ട്. 1. അതിജീവനം 2. സംരക്ഷണം 3. വികസനം 4. പങ്കാളിത്തം. 1992 ൽ ഇന്ത്യയും ഈ പത്രികയിൽ ഒപ്പുവച്ചു.

ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികൾക്ക് സംരക്ഷണം നൽകുന്ന നിയമം 2012 ൽ ഭാരത സർക്കാർ പാസാക്കുകയും ലൈംഗിക കുറ്റകൃത്യങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ശിക്ഷയും ഇതിൽ വ്യവസ്ഥ ചെയ്യുകയും ചെയ്തു. രാഷ്ട്രമായും സമൂഹമായും പേരിനെങ്കിലും മുൻകരുതലുകൾ സ്വീകരിച്ചിട്ടും നമ്മുടെ മക്കൾ ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ പ്രീതിയിൽ വളരുന്നുണ്ടോ? ഇല്ലെങ്കിൽ കുടുംബങ്ങളിലേക്ക് മാതാപിതാക്കളുടെ കടമയിലേക്ക് തന്നെ നമ്മുടെ ശ്രദ്ധതിരിക്കാം – കുടുംബങ്ങളുടെ തകർച്ച വ്യക്തികളുടെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെ തന്നെ തകർച്ചയാണ്. തകർക്കപ്പെടുന്ന കുടുംബബന്ധങ്ങളും സമാധാനമില്ലാത്ത കുടുംബാന്തരീക്ഷവും കുട്ടികളെ അസ്വസ്ഥരാക്കും. ഉദാത്തമായ സ്നേഹത്തിന്റെ പങ്കുവയ്ക്കലിലൂടെ പരസ്പരം മനസ്സിലാക്കുവാനും, കഴിവും കഴിവുകേടുകളും തിരിച്ചറിഞ്ഞ് അംഗീകരിക്കുവാനും കുടുംബാംഗങ്ങൾക്കും കഴിയണം.

ആധുനിക വിവരസാങ്കേതിക വിദ്യയുടെ പരിജ്ഞാനവും വിനിയോഗവും ഇന്നിന്റെ അവശ്യഘടകമാണ്. എന്നാൽ ഇവയുടെ അമിത ഉപയോഗവും ദുരുപയോഗവും നിയന്ത്രണവിധേയമാക്കുവാനാവശ്യമായ ധാർമ്മികബോധവും സാമാന്യജ്ഞാനവും വളർത്തിയെടുക്കുവാൻ കുടുംബാന്തരീക്ഷവും വിദ്യാലയാന്തരീക്ഷവും സദാ സജ്ജമായിരിക്കണം. 2000 ഒക്ടോബർ 17 ന് ഇൻഫർമേഷൻ ടെക്നോളജി ആക്ട് (IT ACT) എന്ന പേരിൽ സൈബർ നിയമത്തിന് ഇന്ത്യയിൽ അംഗീകാരം ലഭിച്ചു. ഐ.ടി. ആക്ടിൽ പ്രതിപാദിച്ചിരിക്കുന്ന പ്രധാനവിഷയം കമ്പ്യൂട്ടർ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ എന്നിവയുമായി ബന്ധപ്പെട്ട സൈബർ കുറ്റകൃത്യങ്ങൾ ആണ്. ഈ കുറ്റകൃത്യങ്ങളുടെ വ്യാപ്തിയെക്കുറിച്ചും അനന്തരഫലത്തെക്കുറിച്ചും ചെന്നുപെട്ടേക്കാവുന്ന ചതിക്കുഴികളെക്കുറിച്ചുമുള്ള ബോധവത്ക്കരണം ഗാർഹിക ശിക്ഷണത്തിലൂടെ കുട്ടികൾക്ക് ലഭ്യമാക്കണം. വിവരസാങ്കേതിക വിദ്യയ്ക്ക് ഊന്നൽ കൊടുക്കുന്ന ഇന്നത്തെ വിദ്യാഭ്യാസം പലപ്പോഴും ജീവിത വിജയത്തിന് ഉപകരിക്കുന്നില്ലായെന്ന് അനുഭവം നമ്മെ പഠിപ്പിക്കുന്നു. പക്ഷിയെപ്പോലെ വിഹായസ്സിൽ പറക്കുവാനും മത്സ്യത്തെപ്പോലെ ആഴിയുടെ അഗാതതയിൽ ചലിക്കുവാനും കഴിയുന്ന ആധുനിക മനുഷ്യനെപ്പോലെ ഭൂമിയിൽ ജീവിക്കുവാൻ സാധിക്കുന്നില്ലായെന്നത് വിരോധാഭാസമായി തോന്നിയേക്കാം. ഒരു പക്ഷിയ്ക്ക് അതിന്റെ വിജയപ്രദമായ പറക്കലിന് രണ്ടു ചിറകുകൾ എപ്രകാരമോ അപ്രകാരമാണ് വിജയപ്രദമായ കുടുംബജീവിതത്തിന് മാതാപിതാക്കളുടെ കൂട്ടുത്തരവാദിത്വം. അവർ പരസ്പരം മത്സരിക്കേണ്ടവർ അല്ല അനുപൂരകങ്ങളായി ചേർന്നു നില്ക്കേണ്ടവർ




ആണ്. (not to compete, but to complement); ഭരണ – പ്രതിപക്ഷമനോഭാവം പാടില്ല.

മാതാപിതാക്കളേ! നിങ്ങൾക്ക് മക്കളെ ഭയപ്പെടാതിരിക്കണമോ ദൈവത്തെ ഭയപ്പെടുക. ദൈവത്തോട് ആലോചന ചോദിക്കുകയും ദൈവഹിതത്തിന് മുൻതൂക്കം കൊടുക്കുകയും ചെയ്യുക. എന്റെ അഭയശിലയും വിമോചകനുമായ കർത്താവേ! എന്റെ അധരങ്ങളിലെ വാക്കുകളും ഹൃദയത്തിലെ വിചാരങ്ങളും അങ്ങയുടെ ദൃഷ്ടിയിൽ സ്വീകാര്യമായിരിക്കട്ടെ! (സങ്കീ 19:14) എന്നു പ്രാർത്ഥിച്ചു കൊണ്ട് ദിനാരംഭം കുറിക്കുവാൻ മക്കളെ ശീലിപ്പിക്കുക. മാധ്യമങ്ങൾക്ക് മക്കളുടെ മേലുള്ള സ്വാധീനത്തേക്കാൾ നൊന്ത്പ്രസവിക്കുകയും

**കവിത**

# ധ്യാനം



**രാജീവ് ആലുങ്കൽ**
പിന്നണി ഗാനരചയിതാവ്
ചെയർമാൻ
കുമാരനാശാൻ സ്മാരക സമിതി
കേരള സർക്കാർ

ധ്യാനമൊരുകേവലം മിഴിപ്പൂട്ടലല്ല
വേദാന്തവഴിയിൽ ചിദാനന്ദമല്ല
ആനന്ദമൊഴുകും തപോയാനമല്ല
ആത്മാങ്കുരത്തിൻ കൊടുംവേനലല്ലോ

ധ്യാനമൊരു ദുഃഖം, നിരാമയസത്യം
വാക്കുകളില്ലാതെ എഴുതുന്നകാവ്യം
കർപ്പൂരഹൃദയ വിഭാതം, കലർപ്പൊട്ടു
മില്ലാതെപകരും പ്രകാശപ്രകീർത്തനം

ഞാനില്ലനീയില്ല, നമ്മളെന്നുള്ളൊരു
മാനംതെളിഞ്ഞ, മഹത്വസുഷുപ്തിയിൽ
നിർവ്വാണനിത്യ, നിരാമയബിന്ദുവിൽ
ബോധിത്തണൽതൊട്ടിരിയ്ക്കുന്നതേ ധ്യാനം

അന്ധകാരത്തിൻ അകത്താവളങ്ങളിൽ
ആയിരംസൂര്യരുദിയ്ക്കുവാനല്ലെങ്കിൽ
ധ്യാനമൊരുകേവലം മിഴിപൂട്ടൽമാത്രമായ്
തീർത്തുനാമെന്തിനിരിക്കുന്നു പിന്നെയും...?

●

ഊട്ടി വളർത്തുകയും ചെയ്ത മാതാപിതാക്കൾക്ക് മക്കളുടെ മേൽ സ്വാധീനം ഉണ്ടായിരിക്കണം. വിജയ പരാജയങ്ങളിൽ താങ്ങും തണലുമായി ചേർത്തു നിർത്തണം. പ്രായം, ലിംഗം ഇവയ്ക്കനുസൃതമായ വസ്ത്രധാരണം, കൂട്ടുകെട്ട്, ഭവനത്തിലെ ജോലിക്കാര്യത്തിലുള്ള പങ്കാളിത്തം, ഭക്ഷണക്രമീകരണം ഇവയിൽ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം. സ്വഭാവ രൂപീകരണം ഒരു Quick fix പരിപാടിയല്ല; നിരന്തര പരിശ്രമവും നിദാന്ത ജാഗ്രതയും ആവശ്യമുള്ള ഒരു പ്രക്രിയയാണ്.

മക്കളുടെ രൂപീകരണത്തെയും പഠനത്തെയും ദോഷമായി ബാധിക്കുന്ന ഘടകങ്ങളെക്കുറിച്ച് മാതാപിതാക്കൾക്ക് ബോധ്യമുണ്ടായിരിക്കണം. സ്വാർത്ഥ താല്പര്യങ്ങൾക്ക് കുട്ടിയെ ഉപകരണമാക്കരുത്. മക്കളുടെ സാധ്യതകളും സർഗശക്തികളും കണക്കിലെടുത്തുവേണം അവരിൽ പ്രതീക്ഷയർപ്പിക്കുവാൻ. കുടുംബത്തിൽ മക്കളുടെ എണ്ണക്കുറവ്, സമപ്രായക്കാരുടെ സമ്മർദ്ദം, താരതമ്യപ്പെടുത്തൽ, മാതാപിതാക്കളുടെ ദുർമാതൃക, പ്രാർത്ഥനയുടെ അഭാവം, മക്കളോടൊപ്പം ഫലപ്രദമായി സമയം ചെലവഴിക്കുന്നതിനുള്ള അനാസ്ഥ, സമാധാനമില്ലാത്ത കുടുംബാന്തരീക്ഷം എന്നിവ ഏതാനും ഉദാഹരണങ്ങൾ മാത്രം.

അമ്മയാൽ വളർത്തപ്പെടുക എന്നത് ഒരു കുഞ്ഞിന്റെ ഭാഗ്യമെങ്കിൽ അമ്മയുടെ മുലപ്പാൽ കുടിച്ച് വളരുക എന്നതും ഒരു നല്ല ബാല്യം ലഭിക്കുക എന്നതും ഓരോ കുഞ്ഞിന്റെയും ജന്മാവകാശമാണ്. കുടുംബം ജീവൻ സംരക്ഷണ കേന്ദ്രമാണ്. മാതാപിതാക്കൾ ജീവന്റെ സംരക്ഷകരും പരിപാലകരും പരിപോഷകരുമാണ്. മാതൃത്വത്തിന്റെ മഹിമ മറക്കുകയും സ്വന്തം സുഖസൗകര്യങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്യുന്ന അമ്മമാരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്നു. മക്കളെ വാത്സല്യത്തോടെ ചേർത്തു നിർത്തുന്ന ആർദ്രതയും, ഊഷ്മളതയും, ത്യാഗമനോഭാവവും മാതൃഭാവത്തിൽ നിന്നും അടർന്നു പോയോ എന്ന് ശങ്കിക്കേണ്ടിയിരിക്കുന്നു. ദൈവം മനുഷ്യരാശിക്ക് നൽകിയിരിക്കുന്ന ഏറ്റവും വലിയ സമ്മാനമാണ് ജീവൻ. “ദയവായി കുഞ്ഞുങ്ങളെ നശിപ്പിക്കരുത്, അവർ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിയ്ക്കപ്പെട്ടവരാണ്. മനുഷ്യജീവൻ നശിപ്പിക്കുന്ന രാഷ്ട്രങ്ങളും ജനതകളുമാണ് ഏറ്റം ദരിദ്രം” (മദർ തെരേസ) എന്നത് നമ്മുടെ കാതുകളിൽ മുഴങ്ങട്ടെ.

പ്രതികൂലങ്ങളെയും പരാജയങ്ങളെയും ഉപരിസാദ്ധ്യതകളാക്കി മാറ്റുവാനുള്ള മാതാപിതാക്കളുടെ ദൗത്യം പകരം വയ്ക്കാനാവാത്തതാണ്. അമ്മമാർ കേറ്ററിംഗ് മാനേജർമാരായും അപ്പൻമാർ ബാങ്ക് മാനേജർമാരായും വിദ്യാഭ്യാസ

കാലം നേട്ടങ്ങൾക്കു വേണ്ടിയുള്ള പടയോട്ടം മാത്രമായും തരം താഴ്ന്നുപോകരുത്. വരുമാനമനുസരിച്ച് ചെലവുകൾ ക്രമീകരിക്കുകയും ഉള്ളതുകൊണ്ട് തൃപ്തിപ്പെടുകയും ചെയ്യുന്ന ജീവിതശൈലി കുടുംബത്തിൽ നടപ്പാക്കണം. നന്മതിന്മകളെ വിവേചിച്ചറിഞ്ഞ് ക്രിയാത്മകമായി ജീവിക്കുവാനുള്ള വൈകാരിക പക്വതയും ആത്മധൈര്യവും മക്കൾ കുടുംബത്തിൽ നിന്നും നേടണം. ദൈവം എല്ലാം നൻമയ്ക്കായി പരിണമിപ്പിക്കും, ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല എന്ന ഉറച്ച വിശ്വാസം കുട്ടികളിൽ രൂഢമൂലമാകണം. മനുഷ്യവ്യക്തിത്വ വികാസം സാക്ഷാത്ക്കരിക്കുന്നതിനുള്ള ഏറ്റം അനുയോജ്യമായ ഇടമാണ് കുടുംബം.

കുടുംബത്തിൽ വളർത്തിയെടുക്കുന്ന പരസ്പര വിശ്വാസവും വിശ്വാസ്യതയും ഭാവി പ്രവർത്തനങ്ങൾക്ക് പിൻബലം നൽകും. നേട്ടങ്ങളെ എന്നപോലെ പരാജയങ്ങളെയും സമചിത്തതയോടെ ഏറ്റുവാങ്ങുവാനുള്ള മാനസിക പക്വതയും രണ്ടാമനാകുക എന്നത് ജീവിത പരാജയമല്ല മറിച്ച് ഉപരി നന്മയ്ക്കായി പരിശ്രമിക്കുവാനുള്ള ഒരു സാധ്യതയാണെന്ന തിരിച്ചറിവും നമ്മുടെ മക്കൾക്ക് ഉണ്ടാകണം. ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളായ ശൈശവം, ബാല്യം, കൗമാരം, യൗവ്വനം ഇവ പക്വമായി പൂർത്തീകരിക്കുന്നവരാണ് അർത്ഥവത്തും സംതൃപ്തവുമായ വാർദ്ധക്യത്തിലേക്ക് കടക്കുക. "ചൊട്ടയിലെ ശീലം ചുടലവരെ" എന്ന ചൊല്ല് നമുക്ക് സുപരിചിതമാണല്ലോ.

കുയിലിന്റെ മുട്ടയിൽ ഗാനം ഉൾച്ചേർന്നിരിക്കുന്നതുപോലെ നമ്മുടെ മക്കൾ അനന്തസാധ്യതകളുടെ കലവറകളാണ്. സത്യധർമ്മാദികളിൽ ഉറപ്പുള്ള സോക്രട്ടിസുമാരും, അജഞ്ചലമായ ആത്മ വിശ്വാസവും വിട്ടുവീഴ്ചയില്ലാത്ത കഠിനാധ്വാനവും ബുദ്ധിപൂർവ്വകങ്ങളായ ആസൂത്രണങ്ങളും അദമ്യമായ ആഗ്രഹങ്ങളും വിജയം വരെ പോരാടുക എന്ന തത്വശാസ്ത്രവും കൈമുതലായുള്ള നെപ്പോളിയന്മാരും, പാർശ്വവത്ക്കരിക്കപ്പെട്ടവരെന്നും ഹതഭാഗ്യരെന്നും മുദ്രകുത്തപ്പെട്ടവരിൽ ദൈവികഛായ ദർശിച്ച് അവരെ ഓടയിൽ നിന്നും കുപ്പകുഴിയിൽ നിന്നും കോരിയെടുത്ത് സ്നേഹ സാന്ത്വനം നൽകി പരിചരിച്ച് കാരുണ്യ വഴികളിലൂടെ ദൈവസമ്പാദനം ജീവിത ശൈലിയാക്കി മാറ്റിയ മദർ തെരേസമാരും നമ്മുടെ മക്കൾക്കിടയിലുണ്ട് എന്നതും നാം തിരിച്ചറിയണം. ജീവിതത്തിലെ നിഷേധാത്മക ചിന്തകൾക്കു കടിഞ്ഞാണിട്ട്, പരാജയങ്ങളെയും പിൻതള്ളലുകളെയും സധൈര്യം നേരിട്ട് വിജയമകുടം ചൂടുവാൻ നമ്മുടെ മക്കൾ കരുത്തുറ്റവരാകണം. മനോഭാവങ്ങൾ ആണ് വ്യക്തിത്വത്തെ നിർണയിക്കുന്നത് (Attitude determines the altitude). ചിന്തകൾ എത്ര മാത്രം വിശുദ്ധവും പ്രചോദനാത്മകവുമായിരിക്കുന്നുവോ അത്രമാത്രം ജീവിതം വിശുദ്ധവും ചൈതന്യപ്രദവും സംതൃപ്തവുമായിരിക്കും. സത്ജനസംസർഗവും സത്ഗ്രന്ഥപാരായണവും നല്ല വ്യക്തിത്വരൂപീകരണത്തിനു സഹായിക്കും. സ്വന്തം മതാചാരങ്ങളോട് വിശ്വസ്തയായിരിക്കുകയും മതഗ്രന്ഥങ്ങൾ കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്നു വായിച്ച് മനനം ചെയ്യുകയും ചെയ്യുക വഴി മാനസിക പിരിമുറുക്കങ്ങളിൽ നിന്നും വിമുക്തി നേടാം.

"Happy child, Nations Pride"എന്നാണല്ലോ നമ്മുടെ രാജ്യത്തിന്റെ Slogan. മക്കളിലൂടെ രാഷ്ട്രനിർമ്മിതിയിൽ പങ്കാളികളാകുന്നശില്പികളാണ് മാതാപിതാക്കൾ; കുടുംബാന്തരീക്ഷം അതിനുള്ള മൂശയും. ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കായി ആശംസിക്കപ്പെട്ട സമാധാനത്തിന്റെ വക്താക്കളായി വ്യാപരിക്കുവാൻ മാതാപിതാക്കൾക്കും മക്കൾക്കും സാധിക്കട്ടെ!

●

**ഉപകാര സ്മരണ**



**ജിന**

**ഉപകാര സ്മരണ**



**ഒരു വിശ്വാസി**
**കളമ്പാല**



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ജിസൻ & മായ തിരുമൂലപുരം**



# അതിജീവന മാർഗ്ഗത്തിലൂടെ



മെറിൻ ഫിലിപ്പ്, കോട്ടൂർ

ഭാവിതലമുറകൾക്ക് ഭൂമിയിൽ നന്നായി ജീവിക്കാൻ കഴിയുന്നതിനു വേണ്ടി – അതിനെ അതിന്റെ ജീവശാസ്ത്രപരമായ നിയമങ്ങളോടും വർഗങ്ങളുടെ വൈവിധ്യത്തോടും സ്വഭാവിക സൗന്ദര്യത്തോടും കുറഞ്ഞുകൊണ്ടിരിക്കുന്ന വിഭവങ്ങളോടും കൂടെ പരിപാലിക്കണം. അങ്ങനെ ചെയ്യുമ്പോൾ സൃഷ്ടിയെ സംബന്ധിച്ച ദൈവകല്പന നാം നിറവേറ്റുകയാണ്. ജീവയോഗസ്ഥാനമായി നാം അതിനെ സംരക്ഷിക്കണം. (YOUCAT, 2415)

ഇന്ന് ലോകത്തിലെ എല്ലാ ജീവജാലങ്ങളും മാലിന്യപ്രശ്നത്താൽ വീർപ്പുമുട്ടുന്നു. ഏതു സമയവും മനുഷ്യനെ നശിപ്പിക്കുന്ന ഒരു പകർച്ച വ്യാധിപൊട്ടിപ്പുറപ്പെടാൻ പ്രകൃതി ഒരുങ്ങിക്കൊണ്ടിരിക്കുന്നു. രാഷ്ട്രീയ സാമൂഹിക സാമുദായിക സംഘടനകളും സമൂഹവും എല്ലാം ഇതിനെതിരെ കൂട്ടായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിലും പിന്നെയും എന്തുകൊണ്ടാണ് ഇത്തരം ദുരന്തങ്ങൾ മനുഷ്യനെ പിന്തുടരുന്നത്? ഇത്രയും വലിയ ഗുരുതര പ്രശ്നങ്ങൾ പ്രകൃതിയിൽ ഒരുക്കിയിട്ടും പരിഹാരമുണ്ടാക്കാമെന്ന് വാക്കുകൾ കൊണ്ട് പറയുന്നുണ്ടെങ്കിലും പ്രവർത്തിയാൽ ഒരു ചലനം പോലും സൃഷ്ടിക്കാൻ കഴിയുന്നില്ല.

നമ്മൾ മാലിന്യപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നത് അയൽക്കാരന്റെ പറമ്പിൽ നിക്ഷേപിക്കുക എന്നതാണ്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടിനിടയാണ് മാലിന്യപ്രശ്നങ്ങൾ രൂക്ഷമായത്. ഇത്തരം പ്രശ്നങ്ങൾക്ക് കാരണമായി ചൂണ്ടിക്കാണിക്കുന്നത് വർദ്ധിച്ചുവരുന്ന ജനസംഖ്യയാണ്. എന്നാൽ വലിച്ചെറിയൽ സംസ്കാരത്തെപ്പറ്റി ആരും ശ്രദ്ധകൊടുക്കുന്നില്ല. നഗരങ്ങളിൽ മാത്രമല്ല ഗ്രാമപ്രദേശങ്ങളിലും ഇത്തരം പ്രവണതകൾ കൂടിക്കൊണ്ടിരിക്കുകയാണ്. അതിവേഗം വളരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ, ഫാസ്റ്റ് ഫുഡ് ശീലങ്ങൾ, പാനീയ കുപ്പികൾ തുടങ്ങിയവയെല്ലാം ഇത്തരം പ്രശ്നങ്ങൾക്ക് വഴിതെളിയിക്കുന്നു.

പുതിയ മോഡലുകൾ കൈവശമാക്കുമ്പോൾ പഴയതു വലിച്ചെറിയുന്ന ഒരു "ബോൾപോയിന്റ്" പെൻ സംസ്കാരം ഇന്ന് വളർന്നുകൊണ്ടിരിക്കുന്നു. മണ്ണിൽ ലയിച്ചു ചേരാത്ത അജൈവമാലിന്യങ്ങൾ ജലത്തിലും ഭൂമിയിലും കെട്ടികിടന്ന് സമൂഹത്തിനു മുഴുവൻ നാശം ഉണ്ടാക്കുന്നു.

"Laudato Si"യിൽ ഫ്രാൻസിസ് മാർപ്പാപ്പ മനുഷ്യർക്ക് പ്രപഞ്ചത്തോടുള്ള വലിയ ഉത്തരവാദിത്വത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്.

"സൃഷ്ടിയും മനുഷ്യനും തമ്മിൽ ഗാഢമായ ബന്ധമുണ്ടെന്നും പരിസ്ഥിതി മാനവകുലത്തിന്റെ പൊതുവായ പൈതൃകമാണ്, അതിനാൽ സകലരും അതിന്റെ പരിരക്ഷണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതാണ്" (95). യഥാർഥത്തിൽ മാലിന്യസംസ്കരണം വിഷമമുള്ള കാര്യമല്ല. പക്ഷേ ജനങ്ങളുടേയും സർക്കാരിന്റെയും കൂട്ടായ പ്രവർത്തനങ്ങൾ ആവശ്യമാണ്. അതിനാൽ തന്നെ പ്രവർത്തനങ്ങൾ തുടങ്ങേണ്ടത് ഓരോ മനുഷ്യരിൽ നിന്നുമാണ്.

ഭൂമിയിൽ തങ്ങിനിൽക്കുന്ന (Land fill) മാലിന്യങ്ങളാണ് പരിസ്ഥിതിയെ കാര്യമായി

ബാധിക്കുന്നത്. ഇത്തരം ഖര മാലിന്യസംസ്കരണം (Combustion) വഴി ഒരു പരിധി വരെ കുറയ്ക്കാവുന്നതാണ്. ഇതു വഴി ഖരമാലിന്യത്തിന്റെ 20 മുതൽ 30 ശതമാനം വരെ കുറയ്ക്കാം.

പുനസംസ്കരണം വഴി ഖര മാലിന്യങ്ങൾ ഒരു പരിധിവരെ ഉപയോഗ്യമായി മാറ്റിയെടുക്കാവുന്നതാണ്. പുനസംസ്കരണം ചെയ്യാൻ കഴിയാത്തവ, താപം, വൈദ്യുതി, ഇന്ധനം എന്നിവയുടെ ഉൽപാദനത്തിന് സാധിക്കും. ഇങ്ങനെ പുനസംസ്കരണം വഴി ഖരമാലിന്യങ്ങളുടെ തോത് കുറയുകയും വായു മലിനീകരണവും ജലമലിനീകരണവും കുറയുകയും ഗ്രീൻ ഹൗസ് ഗ്യാസിന്റെ ഉൽപാദനം നിയന്ത്രിക്കാനും സാധിക്കും.

മാലിന്യസംസ്കാരത്തിന്റെ പുതിയ രീതിയാണ് plasma gasification. ഇതുവഴി ദ്രാവക/ഖരമാലിന്യങ്ങൾ plasma treatment വഴി syngas ആക്കി മാറ്റിയെടുക്കുന്നു. ജൈവമാലിന്യങ്ങൾ കമ്പോസ്റ്റിംഗ് വഴി ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കും. ഇത് പ്രകൃതിയിൽ തന്നെ നടക്കുന്ന ജൈവസംസ്കാരമാണ്.

Waste to Energy (W to E) വഴി പുനസംസ്കരണം ചെയ്യാൻ പറ്റാത്ത ഖരമാലിന്യങ്ങൾ എനർജി ഉൽപാദനത്തിന് സാധിക്കും. എപ്പോഴും മാലിന്യ സംസ്കരണത്തിന്റെ ഏറ്റവും നല്ല മാർഗ്ഗം കമ്പോസ്റ്റിംഗും പുനസംസ്കരണവുമാണ്.

ജലശുദ്ധീകരണം വഴിയായി മലിനജലം ശുദ്ധീകരിച്ച് ഉപയോഗിക്കാവുന്നതാണ്. Chemical plant, biological plant എന്നിവയെല്ലാം ഇതിനുദാഹരണങ്ങൾ ആണ്. ഇന്ത്യയിലെ ഗംഗാ ശുദ്ധജല പദ്ധതിയുടെ യമുനാനദീതട പദ്ധതികളും ഇതിന്റെ വലിയ ഉദാഹരണങ്ങൾ ആണ്. കേരളത്തിലും ഇത്തരം മലിനജല ശുദ്ധീകരണ പ്ലാന്റുകൾ ധാരാളം ഉണ്ട്.

ഉയർന്ന ജനസാന്ദ്രതയുള്ള നെതർലാൻഡിന്റെ മാലിന്യ സംസ്കരണ പരിപാടികൾ മറ്റെല്ലാ രാജ്യങ്ങൾക്കും മാതൃകയാണ്. 1979 ൽ ലാൻസിങ്ക് എന്ന രാഷ്ട്രീയക്കാരനാണ് ഇത് അവതരിപ്പിച്ചത്. ഇത് അറിയപ്പെടുന്നത് ലാൻസിങ്ക് ലാഡർ എന്നാണ്. പ്രധാനമായും അഞ്ചു സ്റ്റെപ്പുകളാണ് ഇതിലുള്ളത്. മാലിന്യങ്ങൾ പരമാവധി കുറയ്ക്കുക, പഴയസാധനങ്ങൾ വീണ്ടും ഉപയോഗിക്കുക, മാലിന്യങ്ങൾ പലതായി തരംതിരിച്ച് പുനസംസ്കരണം ചെയ്യുക, മറ്റുള്ളവ കത്തിക്കുക, ബാക്കി വരുന്നവ മാത്രം തരിശുസ്ഥലത്ത് നിക്ഷേപിക്കുക.


1985 ൽ 50% മാലിന്യങ്ങൾ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന നെതർലാൻഡിൽ സാങ്കേതിക വിദ്യകളും നല്ല രീതികളും കൂട്ടിയിണക്കിയപ്പോൾ 2007ൽ 3% മാലിന്യങ്ങൾ നിക്ഷേപിക്കുന്നതായി. ജൈവമാലിന്യങ്ങളിൽ നിന്നും ബയോഗ്യാസ് ഉണ്ടാക്കുന്നു. 85% അധികം വസ്തുക്കൾ പുനസംസ്കരണം ചെയ്യുന്നു 12% വസ്തുക്കൾ കത്തിച്ചു വൈദ്യുതി ഉണ്ടാക്കുന്നു.

പല യൂറോപ്യൻ രാജ്യങ്ങളിലും മാലിന്യങ്ങൾ നിക്ഷേപിക്കേണ്ട സ്ഥലങ്ങളിൽ നിക്ഷേപിച്ചില്ലെങ്കിൽ 200 യൂറോ മുതൽ 2000 യൂറോ വരെ പിഴ ഈടാക്കുന്നുണ്ട്. മാലിന്യങ്ങളിലൂടെ ഊർജ്ജഉൽപാദനം ആക്കി മാറ്റുന്നു. ജൈവമാലിന്യങ്ങൾ കമ്പോസ്റ്റ്, ബയോഗ്യാസ് എന്നിവയ്ക്കു ഉപയോഗിക്കുന്നു. കുപ്പി, ചില്ല് എന്നിവ 70% വരെ glass പുനസംസ്കാരം ചെയ്യുന്നു.

തൊണ്ണൂറുകളുടെ അവസാനത്തിൽ പേപ്പർ ഇറക്കുമതി ചെയ്തിരുന്ന രാജ്യമായ ഇറ്റലി ഇന്ന് പുനസംസ്കരണം വഴി പേപ്പർ കയറ്റുമതി ചെയ്യുന്ന രാജ്യമായി മാറി. എത്ര തവണ പുനസംസ്കരണം ചെയ്താലും സ്വാഭാവിക ഗുണങ്ങൾ നഷ്ടപ്പെടാത്ത അലൂമിനിയം (A1) പുനസംസ്കരണം വഴി 95% ഊർജ്ജവും 100% അലൂമിനിയവും സംരക്ഷിക്കപ്പെടുന്നു. ഇങ്ങനെ നമുക്ക് പ്രകൃതിയെ സംരക്ഷിച്ചു കൊണ്ട് വരും തലമുറയ്ക്ക് കൈമാറാം.

മനുഷ്യർ ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടവനാകയാൽ അജപാലകനെപ്പോലെയും കാര്യസ്ഥനെപ്പോലെയും ദൈവത്തിന്റെ സൃഷ്ട പ്രപഞ്ചം പരിപാലിക്കണം. കാരണം " ഏദൻതോട്ടം കൃഷി ചെയ്യാനും സംരക്ഷിക്കാനും ദൈവമായ കർത്താവ് മനുഷ്യനെ അവിടെയാക്കി." (ഉൽപ. 2:15)

## Plasma Gasification Process





# സഭ, ശ്രേഷ്ഠബന്ധങ്ങളുടെ സ്വർഗ്ഗീയ പറുദീസ



**ബ്രദർ ബിജിൻ കുരിശുംമൂട്ടിൽ**

ദേവാലയത്തിലേയ്ക്ക് ഞാനവരെ ഘോഷയാത്രയായി നയിച്ചു. ആഹ്ലാദാരവും കൃതജ്ഞതാ ഗീതങ്ങളും ഉയർന്നു. ജനം ആർത്തുല്ലസിച്ചു. ഹൃദയം പൊട്ടിക്കരയുമ്പോൾ ഞാൻ ഇതെല്ലാം ഓർക്കുന്നു' (സങ്കീ42:4).

Ecclesia എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് 'സഭ' എന്ന വാക്ക് ഉണ്ടായത്. വിശ്വസിക്കുന്നവരുടെ കൂട്ടം എന്നാണ് ഇതിനർത്ഥം. കൂടിവരുന്നവർ തമ്മിലുള്ള സ്നേഹവും ഐക്യവും സന്തോഷവുമാണ് സഭയെ ജീവനുള്ളതാക്കുന്നത്. സ്നേഹത്തിന്റെ ആത്മാവിൽ വിശ്വാസികൾ ഒരുമിക്കുമ്പോൾ നമുക്ക് നിശ്ചയമായും വൻ കാര്യങ്ങൾ ചെയ്ത് തീർക്കാൻ സാധിക്കും. നാം ഓരോരുത്തരും ഇന്ന് ആരായിരിക്കുന്നു എന്നതിനു പിന്നിൽ ദൈവീക കാരുതലിന്റെ കൃത്യതയുള്ള കരങ്ങൾ ഉണ്ട്. അതുകൊണ്ടു തന്നെ നാം ദൈവത്തിനായി ഫലം പുറപ്പെടുവിക്കാൻ ബാധ്യസ്ഥരാണ്. ഫലം വൃക്ഷത്തിന്റെ ആത്മാവിഷ്കാരമാണ്. ഓരോ വൃക്ഷത്തേയും ഫലം കൊണ്ട് തിരിച്ചറിയാം. നമുക്ക് ദൈവം ഒരുപാട് കഴിവുകളും സാധ്യതകളും നല്കിയിട്ടുണ്ട്. നമ്മുടെ ആന്തരീക സാധ്യതകളൊക്കെ യാഥാർത്ഥ്യ മാകുന്നത് ഫലത്തിലൂടെയാണ്. ദൈവം ആഗ്രഹിക്കുന്ന ഫലം ഇല്ലാതെ പോകുന്നു, എന്നാൽ നാം നമ്മെത്തന്നെ കണ്ടെത്താതെ പോകുന്നു എന്നർത്ഥം. എല്ലാം വീണ്ടും ആരംഭിക്കുവാൻ ദൈവം മനസ്സിനോട് സംസാരിക്കുന്നില്ലേ? തകർന്നു പോയ ബന്ധങ്ങളെ വിളക്കിയോജിപ്പിക്കുവാൻ ക്ഷമയുടെ, വിട്ടുവീഴ്ച്ചയുടെ മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ വിളക്ക് കെടുന്നതിന് മുമ്പ് സഹോദരങ്ങൾക്ക് വെളിച്ചം പകരാൻ നമുക്ക് സാധിക്കണം.

തിരക്കുകൾ വർദ്ധിക്കുന്ന ആധുനിക ലോകത്ത് ബന്ധങ്ങളിലെ ഉലച്ചിലുകൾ മനസ്സിനെ വല്ലാതെ മരവിപ്പിക്കുന്നുണ്ട്. ശിഥിലത ഏറെ ചർച്ചചെയ്യപ്പെടുന്ന വിഷയമാകുമ്പോൾ ത്തന്നെ അകൽച്ചകൾ വർദ്ധിക്കുകയാണ്. ഒരുമയുടെ സന്തോഷം നഷ്ടപ്പെടുത്തി സ്വന്തം ഇച്ഛകൾക്ക് അനുസരിച്ച് ഒറ്റപ്പെടലിന്റെ തുരുത്തുകളിലേക്ക് യാത്ര ചെയ്യുകയാണ് ആധുനിക മനുഷ്യൻ. ജീവിതം അർത്ഥപൂർണ്ണമാകുന്നത് ആരോഗ്യകരമായ പരസ്പര ബന്ധങ്ങളിലാണ്. മനുഷ്യബന്ധങ്ങളിൽ കാണാത്ത ധമനികളാൽ ഹൃദയങ്ങൾ അന്യഹൃദയങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ജീവിതയാത്രയിൽ ഈ കാണാധമനികൾ അറ്റുപോകാതെ സൂക്ഷിക്കുവാൻ നമുക്ക് സാധിക്കണം. സഭയെന്നത് അറ്റുപോകാത്ത സ്നേഹത്തിന്റെ കണ്ണികളാൽ കൂട്ടിച്ചേർക്കപ്പെടുന്ന വിശ്വാസികളുടെ കൂട്ടമാണ്. വലയിലെ ഒരു കണ്ണിയുടെ ചലനം വലയെ മുഴുവൻ ഉലയ്ക്കുന്നതുപോലെ ബന്ധങ്ങളിലെ ശിഥിലത സഭയെയും സമൂഹത്തെയും ഒരുപോലെ ബാധിക്കുന്നു. രാവിലെ മുളച്ച് വൈകുന്നേരം വാടിപ്പോകുന്ന പുല്ലിനോട്, കൊഴിഞ്ഞുപോകുന്ന പൂവിനോട്, നീർക്കുമിളകളോട് ഒക്കെയാണ് മനുഷ്യജീവിതത്തെ ഉപമിക്കുന്നതെന്ന് ഓർക്കുക. നാം നഷ്ടപ്പെടുത്തിക്കളയുന്ന ഇന്ന് നാളെ നമുക്ക് തിരികെ കിട്ടുകയില്ല. ലഭിക്കുന്ന നാളുകൾ പ്രാർത്ഥനാപൂർവ്വം നമുക്ക് വിനിയോഗിക്കാം.

ദൈവം ഈ സഭയെ നമ്മുടെ കരങ്ങളിൽ ഭരമേല്പ്പിച്ചിരിക്കുന്നു. നമ്മില്നിന്ന് വേറിട്ട് സഭയ്ക്ക് നിലനില്പ്പില്ല. നമുക്ക് നമ്മുടെ സഭയെ സ്നേഹിക്കാം. ആരാധനകളിൽ മുടങ്ങാതെ നമുക്ക് പങ്കെടുക്കാം. നാം ക്രിസ്തുവിൽ ഒന്നാണ് എന്ന ബോദ്ധ്യത്തോടെ തുടർന്നും സഭയുടെ വളർച്ചയ്ക്കായി ഒരുമിച്ച് നമുക്ക് അദ്ധ്വാനിക്കാം. ഹൃദയപൂർവ്വം സ്നേഹി ക്കുവാനും പൊറുക്കുവാനും കരുതുവാനും കഴിയുന്ന ഒരുമയുടെ ദൃശ്യസാക്ഷ്യം പേറുന്ന സദ്സംഘമായി നമുക്ക് പ്രയാണം തുടരാം.



# അമ്മ എന്ന പുണ്യം

**ജീവിതത്തിൽ സ്ത്രീ എന്ന നിലയിലും അമ്മയെന്ന നിലയിലും ഏതൊക്കെ പരീക്ഷണങ്ങളിലൂടെ കടന്നുപോകുന്നുവോ അതിന്റെയൊക്കെ പാരമ്യതയിലൂടെ കടന്ന് ദൈവഹിതത്തിനു മുമ്പിൽ ജീവിതത്തെ ഒരു ബലിയാക്കി മാറ്റിയവളാണ് പരിശുദ്ധ അമ്മ.**



**ജെസ്സി മാത്യു തെക്കേടത്ത്**

അമ്മ എത്രയോ ആഴമുള്ള ഒരു പദം. സ്ത്രീ ഇല്ലാതെ ഈ ഭൂതലത്തിൽ മാനവരാശി ഉണ്ടോ? അമ്മയില്ലാതെ ജന്മമുണ്ടോ? അമ്മ എത്രയോ ധന്യ. മാതൃത്വം ഒരു ദൈവികദാനമാണ്, ദൈവത്തിന്റെ സ്നേഹസമ്മാനമാണ്. ഓർമ്മയിൽ ഒരു വാരിപുണരൽ, ശ്വാസം പകർന്ന് കവിളിൽ ഒരു മുത്തം, വേനൽ ചൂടിൽ വീശുന്ന വിശറി നിറയെ പൂവുള്ള മരം, ജീവിതത്തിന്റെ നിർണ്ണായകനിമിഷങ്ങളിൽ ആദ്യം തെളിയുന്ന മുഖം, ആശ്വാസം കണ്ടെത്തുന്ന വിളി ഇവയൊക്കെയാണ് മാതൃത്വം.

കടമ, മാതൃത്വം, സ്വാദ് തുടങ്ങിയ സങ്കൽപങ്ങളിൽ കുരുങ്ങി ജീവിതത്തെ ഒരു തിരിയായി സ്വയം ഉരുക്കി തീർക്കുന്നവൾ. തോളുകളിൽ ജീവിതഭാരം ചുമന്നതിന്റെ പാടുകളും, സ്വയം ശൂന്യമാക്കി മറ്റുള്ളവർക്കു തന്നെത്തന്നെ പകർന്നതിന്റെ ക്ഷതങ്ങളും പേറുന്നവൾ. പരിസരങ്ങളിൽ നിന്ന് അവൾ ജീവിതത്തെ മെനഞ്ഞെടുക്കുന്നു. ഒരു നല്ല കുടുംബത്തെ കെട്ടിപ്പടുക്കുവാൻ ഒരു നല്ല അഭ്യാസിയായി വ്യവസ്ഥയ്ക്കുള്ളിൽ നിന്നുകൊണ്ട് വ്യവസ്ഥയോട് പൊരുതാൻ കരുത്തും, ബുദ്ധിയും ആർജിച്ചവൾ. പ്രജ്ഞയും പ്രസരിപ്പുമുള്ള സ്ത്രീ ഒരു രാഷ്ട്രം തന്നെയല്ലേ? ഒരു മഹാസമുദ്രം.

പരിശുദ്ധ കന്യകാമറിയത്തിന്റെ ജീവിതം ഒരു അമ്മയുടെ ജീവിതത്തിന്റെ യഥാർത്ഥ ചിത്രം നമുക്ക് മുമ്പിൽ വരച്ചുകാണിക്കുന്നു. ജീവിതത്തിൽ സ്ത്രീ എന്ന നിലയിലും അമ്മയെന്ന നിലയിലും ഏതൊക്കെ പരീക്ഷണങ്ങളിലൂടെ കടന്നുപോകുന്നുവോ അതിന്റെയൊക്കെ പാരമ്യതയിലൂടെ കടന്ന് ദൈവഹിതത്തിനു മുമ്പിൽ ജീവിതത്തെ ഒരു ബലിയാക്കി മാറ്റിയവളാണ് പരിശുദ്ധ അമ്മ. ജീവിതത്തിൽ മുഴുവൻ അവഗണനകളും ഭാരവും നെഞ്ചോട് ചേർത്തപ്പോൾ തന്റെ തിരുപുത്രന്റെ വരാനിരിക്കുന്ന പീഢകളുടെയും കർമ്മങ്ങളുടെയും വാളുകളുടെയും തുടക്കം മാത്രമാണതെന്ന് തിരിച്ചറിയാൻ അമ്മയ്ക്കു കഴിഞ്ഞു. നമ്മുടെ ജീവിത സമരത്തിൽ മദ്ധ്യസ്ഥയായി പരിശുദ്ധ അമ്മയെ കണ്ടുകൊണ്ട് മാതൃത്വത്തെ ഒരു വലിയ ദൈവവിളിയാക്കാൻ ഓരോ മാതാവിനും കഴിയണം. ഒരു പട്ടണത്തെ മുഴുവൻ തന്റെ സാക്ഷ്യത്തിലൂടെ യേശുവിന്റെ അടുക്കലേക്ക് കൊണ്ടുവന്ന സമരിയാക്കാരിയെപ്പോലെ ദൈവസന്നിധിയിലേക്ക് മറ്റുള്ളവരെ അടുപ്പിക്കാൻ ഓരോ സ്ത്രീകൾക്കും സാധിക്കണം. അതിനാൽ തങ്ങൾക്ക് ഏൽപ്പിക്കപ്പെട്ട ഭാഗം കൃത്യമായും, കാര്യക്ഷമതയോടെയും ചെയ്തു തീർത്ത് ദൈവത്തിൽ നിന്ന് അംഗീകാരവും ആദരവും പ്രാപിക്കാൻ സ്ത്രീകൾക്കു കഴിയട്ടെ.

സ്ത്രീ ശാക്തീകരണത്തിനു വേണ്ടി മുറവിളി കൂട്ടാതെ മാതൃത്വത്തിന്റെയും സ്ത്രീത്വത്തിന്റെയും മൂല്യം മനസ്സിലാക്കാനും ഉത്തമബോധ്യങ്ങളോടും, വിശ്വാസചൈതന്യത്തോടും മുന്നേറാനും സാധിച്ചാൽ മാതൃത്വം അതിന്റെ മഹനീയതയിൽ എത്തുമെന്ന് തീർച്ച. ഇന്നിന്റെ മാറുന്ന സാമൂഹികസാഹചര്യങ്ങളിൽ സ്ത്രീ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും ഒട്ടനവധിയാണ്. മനുഷ്യസംസ്കാരത്തിന് അതിന്റെ സുദീർഘയാത്രക്കിടയിൽ നഷ്ടപ്പെട്ടുപോയ ഒന്നായി മാറിയിരിക്കുന്നുവോ അമ്മയെന്ന പദം. ഇന്നു സമൂഹം

സ്ത്രീയെ വെറുക്കുന്നുവെങ്കിൽ അവർ ആദ്യം വെറുത്തത് സ്വന്തം അമ്മയെയാണ്.

ഭാരതീയ സങ്കല്പം സ്ത്രീയെ ദേവിയും പൂജ്യയു മൊക്കെയായി കരുതിയപ്പോൾ അവൾ ഒരു സമൂഹത്തിന്റെ ഹൃദയസ്ഥാനത്തേയ്ക്ക് ഉയർക്കപ്പെടുകയായിരുന്നു.

എല്ലാ വർഷവും മെയ് മാസ ത്തിലെ രണ്ടാം ഞായറാഴ്ച മാതൃദിനമായി നാം ആചരിക്കു ന്നു. വിദൂരത്തായാലും, ചാര ത്തായാലും അമ്മയെ ഓർക്കാൻ, അമ്മയ്ക്കരികിൽ എത്താൻ ഒരു ദിനം. നമ്മുടെ സാമീപ്യം, ഒരു ചെറിയ സമ്മാനം, ഒന്നിച്ചിരുന്ന് ഒരു നേരത്തെ ഭക്ഷണം, നാം അമ്മയെ സ്നേഹിക്കുന്നു എന്നറിയിക്കുന്ന ദിനം. നാളെ ജീവിതതിരക്കിൽ നാം ഇതൊക്കെ മറന്നാലും ഇതിന്റെ ഓർമ്മകളെ ഒരു നിധി പോലെ സൂക്ഷിക്കുന്നവളാണ് അമ്മ.

ജീവിതത്തിന്റെ ഉത്തരവാദി ത്വങ്ങളിൽ കുടുങ്ങി സ്വന്തം കാര്യം നോക്കാൻ മറന്നു പോകുന്ന അമ്മമാരേ, ഈ സമൂഹം, നിസ്വാർത്ഥരും ത്യാഗ മയികളും ആയിക്കൂടാ നിങ്ങൾ എന്ന വലിയ പാഠം തരു ന്നുണ്ടോ? നമ്മുടെ ജീവി തത്തെ ഉലയാതെ കാത്തു നിർത്തിയ ബുദ്ധിയും സാമ്പ ത്തിക ബോധവും നമ്മുടെ അമ്മയാണെങ്കിൽ ഈ ലോക ത്തിൽ അമ്മയ്ക്ക് പകരം വയ്ക്കാൻ മറ്റൊന്നില്ലെന്ന യാഥാർത്ഥ്യം നാം തിരിച്ചറിയ ണം. നമ്മുടെ കൺമുമ്പിൽ തന്നെ അവരെ വഴിയിൽ തള്ളുന്ന, നമ്മുടെ മുമ്പിൽ കരു ണയ്ക്കായി കൈനീട്ടുന്ന ഒരവ സ്ഥയിലേക്ക് അവരെ നയിക്കാ തിരിക്കുക. ഇതിനുള്ള ദിശാ ബോധം നാം നേടിയെടുത്തേ മതിയാകൂ. ●

# ദൈവദാസൻ മാർ ഈവാനിയോസ് ഓർമപ്പെരുന്നാൾ ആചരിച്ചു

തിരുവല്ല: പുനരൈക്യശില്പി ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ 64-ാം ഓർമ്മപ്പെരുന്നാൾ പുനരൈക്യത്തിന്റെ പിള്ളത്തൊട്ടിലായ സെന്റ് മേരീസ് മലങ്കര കത്തോ ലിക്കാ ദൈവാലയത്തിൽ ആചരിച്ചു. വൈകുന്നേരം നാലുമണിക്ക് ബഹു. മോൺ. ചെറി യാൻ താഴമൺ അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ട വിശുദ്ധ കുർബ്ബാനയിൽ ഫാ. മാത്യു പുനക്കുളവും ഫാ. പ്രദീപ് വാഴത്തറമലയിലും സഹകാർമ്മികരായിരുന്നു. ഷെവ. ബെന്നി പുന്നത്തറ വചനപ്രഘോഷണം നടത്തി. തുടർന്ന് ആർച്ച് ബിഷപ്പ് തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത, അഭി. ഫിലിപ്പോസ് മാർ സ്തേഫാനോസ് തിരുമേനി, അഭി. ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് തിരുമേനി തുടങ്ങിയവരുടെ നേതൃത്വത്തിൽ സന്ധ്യാ പ്രാർത്ഥനയും നടന്നു. ബേദ് ആബോദ് സ്മൃതിമണ്ഡപത്തിൽ (മലങ്കരയുടെ പിതൃഗൃഹം) നിന്നാരംഭിച്ച മെഴുകുതിരി പ്രദക്ഷിണം തിരുമൂലപുരം ജംഗ്ഷനിലെത്തി തിരികെ ദൈവാ ലയത്തിൽ എത്തിച്ചേർന്നു. തുടർന്ന് സമാപന ആശിർവാദവും നേർച്ചവിളമ്പും നടന്നു.



*ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ഓർമപ്പെരുന്നാളിനോടനുബ ന്ധിച്ച് ആർച്ച്ബിഷപ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ നേതൃത്വ ത്തിൽ തിരുമൂലപുരത്ത് നടന്ന മെഴുകുതിരി പ്രദക്ഷിണം.*






**ഫാ. മാത്യു ചിറയിൽ**

# മാർ ഗ്രിഗോറിയോസ് മെമ്മോറിയൽ ബഥനി ശാന്തിഭവൻ, കടമാൻകുളം

"ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനുമാണ്" (യോഹ 10:10).

ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ജന്മനാട്ടിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ സമഗ്ര വളർച്ച ലക്ഷ്യമാക്കി 1999 മെയ് 25 -ാം തീയതി അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവ് ഉദ്ഘാടനം നിർവ്വഹിച്ച് തുടക്കം കുറിച്ച സ്പെഷ്യൽ സ്കൂളാണ് മാർ ഗ്രിഗോറിയോസ് മെമ്മോറിയൽ ബഥനി ശാന്തിഭവൻ സ്കൂ ൾ. 14 കുട്ടികളുമായി തുടക്കം കുറിച്ച ഈ സ്ഥാപനത്തിന് 2005ൽ എജ്യുക്കേഷൻ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള അംഗീകാരം കിട്ടുകയുണ്ടായി. ഇപ്പോൾ ഇവിടെ 167 കുട്ടികൾ വിവിധ മേഖലകളിൽ പരിശീലനം നേടുന്നു.

കുട്ടികളെ അവരുടെ ബുദ്ധിയുടെ അളവും പ്രായവും അനുസരിച്ച് വിവിധ ക്ലാസുകളിലായി പ്രത്യേക വിദ്യാഭ്യാസം നൽകുന്നു. Case Study, Psychological test, Councelling വഴിയായി കുട്ടിയെ പരിശോധന നടത്തി അവരുടെ ലെവൽ കണ്ടുപിടിക്കുന്നു. Daily living skill മുതൽ ട്രെയിനിംഗ് നൽകുന്നു. പഠനത്തോടൊപ്പം തെറാപ്പി ആവശ്യമായിരിക്കുന്നവർക്ക് സ്പീച്ച് തെറാപ്പി, ഫിസിയോ തെറാപ്പി, ഒക്യുപേഷണൽ തെറാപ്പി, കൂടാതെ ഓട്ടിസം, ഹൈപ്പർ ആക്ടീവ് കുട്ടികൾക്കായി Sensory Room ന്റെ സഹായത്തോടെ ട്രെയിനിംഗ് നൽകുന്നു. കൂടാതെ യോഗ, മ്യൂസിക്, ഡാൻസ്, സ്പോർട്സ്, ഗെയിംസ് എന്നിവയിലും പ്രത്യേക ട്രെയിനിംഗ് നൽകുന്നു. 2014-15 ൽ ഏഷ്യാ പെസഫിക് സ്പെഷ്യൽ ഒളിമ്പിക്സിൽ ഈ സ്കൂളിൽ നിന്ന് ഇൻഡ്യയെ പ്രതിനിധീകരിച്ച് റീനാ ആനി ഏബ്രഹാം ഷോട് പുട്ടിൽ സ്വർണ്ണമെഡലും റിലേയിൽ വെങ്കല മെഡലും നേടി. കേരള ഗവൺമെന്റിന്റെ പ്രത്യേക അഭിനന്ദനങ്ങളും ലഭിച്ചു. കൂടാതെ 2016-17 ൽ ബംഗ്ലാദേശ് ധാക്കയിൽ വച്ചുനടന്ന ഇന്റർനാഷണൽ ക്രിക്കറ്റ് ടൂർണമെന്റിൽ ഇൻഡ്യൻ ടീമിൽ ഈ സ്കൂളിൽ നിന്നും മൈക്കിൾ ഏബ്രഹാം പങ്കെടുക്കുകയും ടീമിന് സെക്കൻഡ് പ്രൈസ് ലഭിക്കുകയും ചെയ്തു. കൂടാതെ നാഷണൽ ലെവലിൽ കുട്ടികൾ ഈ സ്കൂളിൽ നിന്നും സ്പോർട്സ് സംബന്ധിച്ച് നിരവധി സമ്മാനങ്ങൾ നേടുന്നുണ്ട്. കൂടാതെ കലാരംഗത്തും കുട്ടികൾ മുൻപന്തിയിൽ നിൽക്കുന്നു. സ്പെഷ്യൽ സ്കൂൾ സ്റ്റേറ്റ് കലോത്സവത്തിൽ കുട്ടികൾ പങ്കെടുത്ത് സമ്മാനങ്ങൾ നേടുന്നു. കുഞ്ഞുങ്ങളുടെ സമഗ്രവളർച്ച ലഭ്യമാക്കിക്കൊണ്ടുള്ള പരിശീലന പരിപാടികളാണ് ഇവിടെ നടക്കുന്നത്. Mental retardetion, Learning disability autism, Hyperactive, down Syndrome, Multiple disability cerebral Patry എന്നിങ്ങനെയുള്ള കുഞ്ഞുങ്ങൾക്കാണ് ഇവിടെ ട്രെയിനിംഗ് നൽകി വരുന്നത്. കൂടാതെ 4,7,10 ക്ലാസുകളിൽ തുല്യതാ പരീക്ഷ എഴുതിപ്പിക്കുന്നു. 18 വയസ്സിനു ശേഷമുള്ള കുട്ടികൾക്ക് സ്വന്തമായി തൊഴിൽ ചെയ്ത് ജീവിക്കാനുള്ള തൊഴിൽ പരിശീലനം കൊടുക്കുന്നു. മെഴുകുതിരി നിർമ്മാണം, തയ്യൽ, കോഴി വളർത്തൽ, പച്ചക്കറിത്തോട്ടം, ഔഷധസസ്യങ്ങൾ വളർത്തൽ, പൂന്തോട്ട നിർമ്മാണം, മുയൽ വളർത്തൽ, കമ്പ്യൂട്ടർ ട്രെയിനിംഗ് എന്നിവ നൽകി കുഞ്ഞുങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാനുള്ള പരിശ്രമമാണ് ഇതിലൂടെ നടക്കുന്നത്. ജാതിമത ഭേദമന്യേ കേരളത്തിലും വെളിയിലുമുള്ള കുഞ്ഞുങ്ങൾ പരിശീലനം നൽകുന്നു.

പെൺകുട്ടികളെ താമസിപ്പിച്ചു പഠിപ്പിക്കുന്നുണ്ട്. 52 പെൺകുട്ടികൾ ഹോസ്റ്റലിൽ താമസിക്കുന്നു. കൂടാതെ 10 വയസ്സിനു താഴെയുള്ള ആൺകുട്ടികളെയും താമസിപ്പിക്കുന്നുണ്ട്. നമ്മുടെ വിവിധ ഇടവകകളിൽ നിന്ന് മാതൃസമാജം, എം.സി. വൈ.എം., സണ്ടേസ്കൂൾ കുട്ടികൾ തുടങ്ങിയവർ ഇവിടെ സന്ദർശനം നൽകുന്നു. കൂടാതെ നല്ലവരായ നാട്ടുകാർ വിവാഹ വാർഷികം, മാമോദീസ, വിവാഹം, ജന്മദിനങ്ങൾ തുടങ്ങിയവ ഈ കുട്ടികളോടൊപ്പം ആഘോഷിക്കുന്നു. ഇവിടെ താമസിക്കുന്ന കുഞ്ഞുങ്ങളുടെ മദ്ധ്യസ്ഥപ്രാർത്ഥനകളിലൂടെ നിരവധി ആളുകൾ അനുഗ്രഹങ്ങൾ പ്രാപിക്കുന്നു. ബഥനി സന്യാസിനി സഭയിലെ 5 സിസ്റ്റേഴ്സ് ഇവിടെ സേവനം അനുഷ്ഠിക്കുന്നു. ഈ ഭവനം സന്ദർശിച്ച് കുട്ടികൾക്ക് ആവശ്യമായ സഹായവും, സഹകരണവും നൽകുന്നത് ദൈവാനുഗ്രഹപ്രദമാണ്.

**മേൽവിലാസം**
**ഡയറക്ടർ**
**മാർ ഗ്രിഗോറിയോസ് മെമ്മോറിയൻ ശാന്തിഭവൻ**
**കടമാൻകുളം, മല്ലപ്പള്ളി**
**ഫോൺ : 9400145656**

# ഇവിടെ 'ഇര'യാണ് താരം !!!



**ഷാജി കാരയ്ക്കൽ**

**എ**ല്ലാത്തരം അഴിമതിയും സകലമാന പീഡനങ്ങളും ഇന്ന് മൊത്തമായും ചില്ലറയായും കിട്ടുന്ന ഒരിടമായി മാറിയിരിക്കുകയാണ് മാധ്യമരംഗം. ടി.വി-ഓൺലൈൻ മാധ്യമയുഗത്തിന് മുമ്പ് ഇതൊന്നും ഇല്ലായിരുന്നോ എന്ന് ചോദിച്ചാൽ നമ്മുടെ പൂർവ്വികരുടെ പുരാതനകൃതികൾ എടുത്ത് പരിശോധിച്ചാൽ മതി ഇതിലൊക്കെ ഗമണ്ടൻ അഴിമതികളുടെയും പീഡനങ്ങളുടെയും കഥകൾ ചുരുളഴിയും. പക്ഷെ അതിനൊക്കെ ഒരു പരിധിയുണ്ടായിരുന്നു, എന്തെന്നാൽ നാടും നാട്ടാരും രാജാവിന് സ്വന്തം. അങ്ങനെ കക്കുന്നതും പീഡിപ്പിക്കുന്നതും മൊത്തത്തിൽ ക്വട്ടേഷൻ എടുത്തിരുന്നത് രാജാവും, നാട്ടുരാജാക്കന്മാരും കിങ്കരന്മാരും മാത്രം. അല്ലാത്തവന് കുറ്റകൃത്യത്തിന്റെ തോതനുസരിച്ച് നാക്കും മൂക്കും കൈയും കാലും നഷ്ടപ്പെട്ട് കൂടായ്ക ഇല്ലാതില്ലാതില്ലത്രേ!!

അധികാരം നഷ്ടപ്പെട്ട് രാജാവും കിങ്കരന്മാരും മൂലയ്ക്കായപ്പോൾ എ നിലവറയും ബി നിലവറയും തുറന്ന് പുട്ടടിക്കാമെന്ന് പൂതിപൂണ്ട രാജാവ് സ്വപ്നത്തിൽ വിചാരിച്ചു കാണില്ല. മുൻജന്മത്തിലെ ശത്രു മാധ്യമപ്പടയുടെ രൂപത്തിൽ വരുമെന്ന്. അങ്ങനെ 'കാത്തോളണേ ദൈവമേ' ന്ന് ജപമാലയും ചൊല്ലി ഇരിക്കുമ്പോളാണ് തലയിലൊരു ബൾബ് കത്തിയത്; 'അല്ല ഇവിടെ ആരാ ഇര..?'

ഇന്ന് അഴിമതിയും പീഡനങ്ങളും നിറഞ്ഞ ഉദ്വേഗജനകമായ വാർത്തകൾ മാധ്യമങ്ങളിലൂടെ പെരുമഴയായി പെയ്തിറങ്ങുമ്പോൾ 'എന്തുകൊണ്ട് എനിക്കായിക്കൂടാ' എന്ന ചിന്ത സ്വാഭാവികമായും മുച്ചീട്ട് കളിക്കാരനും രാജപ്രമാണിമാർക്കും താരപ്രമുഖന്മാർക്കും തോന്നിത്തുടങ്ങിയാൽ ആരെ കുറ്റം പറയും...?

വിചാരണ കോടതിയിലെ ജഡ്ജിമാരെ മൂലയ്ക്കിരുത്തി നമ്മുടെ സാമൂഹ്യ, സാഹിത്യ, രാഷ്ട്രീയ, മത നേതാക്കന്മാരെ വിചാരണ ചെയ്യുന്ന ദൃശ്യമാധ്യമ ജഡ്ജിമാരുടെ ചൂണ്ടുവിരൽ കുറ്റാരോ പിതനെ മുൻകൂട്ടി നിശ്ചയിച്ച് കുറ്റവാളിയായി ചിത്രീകരിക്കുമ്പോൾ ശേഷിച്ച നാലുവിരലുകളുടെ ചോദ്യത്തിന് ആര് ഉത്തരം പറയും..?

സമാധാനത്തോടെ ജീവിക്കാൻ ആഗ്രഹിക്കുന്ന ഭൂരിപക്ഷ സമൂഹത്തിനോ, പരിവേദനങ്ങളിലൂടെ ജീവിതം തള്ളിനീക്കുന്ന സാധാരണക്കാരനോ പഥ്യമല്ലാത്ത ഈ പുതുസംസ്കാരമാണോ നവമാധ്യമ സംസ്കാരം എന്ന് പൊതുസമൂഹത്തിന് തോന്നിത്തുടങ്ങിയെങ്കിൽ ചെങ്കോൽ നഷ്ടപ്പെട്ട രാജാവിന്റെ ചിന്തകൾക്കും കാര്യമായ അടിസ്ഥാനമുണ്ടെന്നുവേണം കരുതാൻ; 'ഇനി ഞാൻ തന്നെയോ ഇര..!!'

അതെ, ഇത്രനാളും പീഡിപ്പിക്കുകയും, ഒരുനാൾ പീഡിതനാകുകയും ചെയ്യുമ്പോഴാണ് ഞാനായിരുന്നോ യഥാർത്ഥ 'ഇര' എന്ന് തോന്നിത്തുടങ്ങുക. തന്റെ ജനതയെ അതിക്രൂരമായി പീഡിപ്പിക്കുകയും, മനുഷ്യത്വരഹിതമായി കൊല്ലാക്കൊല ചെയ്യുമ്പോഴും ക്ഷമയോടെ ഒരു അശരീരി അവനെ തേടിയെത്തി; "സാവൂൽ, സാവൂൽ..., നീ എന്തിന് എന്നെ പീഡിപ്പിക്കുന്നു..?" (അപ്പ. 9:4). വേട്ടക്കാരനെത്തന്നെ ഇരയാ ക്കുന്ന, ജീവിക്കുന്ന ഒരു ദൈവം എല്ലാം കാണുന്നുണ്ടെന്നത് നമ്മുടെ ചിന്തകളിൽ നിറയട്ടെ. തെറ്റ് ചെയ്യുന്നവൻ നാട്ടുനടപ്പുള്ള ശിക്ഷ അനുഭവിക്കട്ടെ, അവനെ കല്ലെറിയാൻ യോഗ്യതയുള്ളവൻ കല്ലെറിയട്ടെ. ●






# മാർ ഈവാനിയോസ് തീർഥാടന പദയാത്ര

**രഞ്ജു ഇരവിപേരൂർ**

പത്തനംതിട്ട: പുനരൈക്യശിൽപിയും മലങ്കര സുറിയാനി കത്തോലിക്കാസഭ യുടെ പ്രഥമ മെത്രാപ്പോലീത്തയുമായിരുന്ന ദൈവദാസൻ ആർച്ച് ബിഷപ് ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ 64-ാം ഓർമ്മപ്പെരുനാളി നോടനുബന്ധിച്ച് മലങ്കര കാത്തലിക് യൂത്ത് മൂവ് മെന്റിന്റ് നേതൃത്വത്തിൽ റാന്നി പെരുനാട് കുരിശുമല ദേവാലയത്തിൽ നിന്നും പട്ടം സെന്റ് മേരീസ് കത്തീഡ്രലി ലേക്ക് തീർത്ഥാടന പദയാത്ര നടത്തി.

40-ാമത് പദയാത്രയാണിത്. കാഷായ വസ്ത്രധാരികളായ തീർഥാടകർ കൈയിൽ ജപമാലയും വഹിച്ച് പ്രാർഥനകളോടെ പദയാത്രയിൽ പങ്കെടുത്തു. കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവയാണ് പദയാത്രയ്ക്കു നേതൃത്വം നല് കിയത്. ജൂലൈ പത്തിന് ആരം ഭിച്ച പദയാത്ര 14നു വൈകുന്നേരമാണ് തിരുവനന്തപുരം പട്ടം സെൻറ് മേരീസ് കത്തീഡ്രലിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ കബറിങ്കലെത്തിയത്.

പുനരൈക്യത്തിന്റെ പിള്ളത്തൊട്ടിലായ പെരുനാട് കുരിശുമലയിലെ തീർത്ഥാടന ദേവാലയത്തിൽ നടന്ന വിശുദ്ധ കുർബാനയോടെയാണ് പദയാത്രയ്ക്കു തുടക്കം കുറിച്ചത്. മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ വിശുദ്ധ കുർബാനയ്ക്കു മുഖ്യകാർമികത്വം വഹിച്ചു. പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ യൂഹാനോൻ മാർ ക്രിസോസ്റ്റം, പൂനെ - കട്ക് എക്സാർക്കേറ്റ് അദ്ധ്യക്ഷൻ തോമസ് മാർ അന്തോണിയോസ്, തിരുവനന്തപുരം മേജർ അതിരൂപത സഹായ മെത്രാൻ സാമുവൽ മാർ ഐറേനിയോസ് എന്നിവർ സഹകാർമികരായിരുന്നു. പത്തനംതിട്ട രൂപത മുഖ്യവികാരി ജനറാൾ മോൺ. ജോൺ തുണ്ടിയത്ത്, റവ.ജോസ് ചാമക്കാലായിൽ കോർ എപ്പിസ്കോപ്പ, റവ. ഡോ. കുര്യാക്കോസ് തടത്തിൽ തുടങ്ങിയവരും സന്നിഹിതരായിരുന്നു.

നിലയ്ക്കൽ വനത്തിൽ നിന്നും വെട്ടിയെടുത്ത വള്ളിക്കുരിശ് ആശിർവദിച്ച് പത്തനംതിട്ട ഭദ്രാസന എംസിവൈഎം പ്രസിഡന്റ് ജോബിൻ ഈനോസും എംസിവൈഎം പതാക ജനറൽ സെക്രട്ടറി ജിജോ കുഞ്ഞുമോനും കാതോലിക്കാ പതാക സഭാതല പ്രസിഡന്റ് ടിനു കുര്യാക്കോസും ഏറ്റുവാ ങ്ങിയതോടെയാണ് പദയാത്രയ് ക്കു തുടക്കമായത്.

കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമ്മീസ് കാതോലിക്കാബാവയും തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്തയും മുഴുവൻ പദയാത്രയിലും പങ്കുചേർന്നു. വടശേരിക്കര, മണ്ണാരക്കുളഞ്ഞി, മൈലപ്ര എന്നീ ദേവാലയങ്ങൾ സന്ദർശിച്ച് കുമ്പഴയിൽ കോന്നി വൈദികജില്ലയിൽ നിന്നുള്ള പദയാത്രയും പത്തനംതിട്ട വൈദികജില്ല പദയാത്രയും പ്രധാനപദയാത്രയോടു സംഗമിച്ചു.

അടൂരിൽ വ്ച്ച് തിരുവല്ല അ തിഭദ്രാസനത്തിന്റെ നേതൃത്വ ത്തിലുള്ള പദയാത്ര പ്രധാന പ ദയാത്രയുമായി സംഗമിച്ചു.

വിവിധ സ്ഥലങ്ങളിൽ ഇതര രൂപതകളിൽ നിന്നും വൈദികജില്ലകളിൽ നിന്നുമുള്ള പദയാത്രകൾ പ്രധാന പദയാത്രാ സംഘത്തോടൊപ്പം സംഗമിച്ചു.

എംസിവൈഎം പത്തനംതിട്ട ഭദ്രാസന ഡയറക്ടർ ഫാ. മാത്യു പുതുപ്പറമ്പിൽ പ്രസിഡൻറ് ജോബിൻ ഈനോസ്, ജനറൽ സെക്രട്ടറി ജിജോ കുഞ്ഞുമോൻ, തിരുവനന്തപുരം മേജർ അതിഭദ്രാസന ഡയറക്ടർ ഫാ. വർഗീസ് കിഴക്കേക്കര, അസിസ്റ്റൻറ് ഡയറക്ടർ ഫാ. അരുൺ ഏറത്ത്, പ്രസിഡൻറ് കിഷോർ, ജനറൽ സെക്രട്ടറി ഷൈജു ജോസഫ്, സഭാതലസമിതി ഡയറക്ടർ ഫാ. തോമസ് കയ്യാലയ്ക്കൽ, പ്രസിഡൻറ് ടിനു കുര്യാക്കോസ്, ജനറൽ സെക്രട്ടറി സാൻ ബേബി എന്നിവരാണ് നേതൃത്വം നൽകുന്നത്.



# പ്രബോധനം

## തിരുവചനത്തിന്റെ പുനർവായന

മാതൃസമാജങ്ങളിലും കുടുംബകൂട്ടായ്മകളിലും വായനയ്ക്കും പഠനത്തിനും ...

ഫാ. യോഹന്നാൻ കരപ്പനശ്ശേരിമലയിൽ – ഫാ. ജേക്കബ് അരീക്കൽ

## ആഗസ്റ്റ് 6

**തേജസ്സ്ക്കരണ ഞായർ**
**ലൂക്കോ 9 : 28–36**

സഭ ഇന്ന് തേജസ്ക്കരണപെരുന്നാൾ ആഘോഷിക്കുകയാണ്. ഇന്നത്തെ നമ്മുടെ വിചിന്തനഭാഗം വി. ലൂക്കോസ് എഴുതിയ സുവിശേഷം 9-ാം അദ്ധ്യായം 28 മുതൽ 36 വരെയുള്ള വാക്യങ്ങളാണ്.

പീഡാനുഭവത്തെയും മരണത്തെയും കുറിച്ച് യേശു തന്റെ ശിഷ്യന്മാരോട് പ്രവചിക്കുന്നു. കഠിനമായ ഈ പ്രവചനത്തിന്റെ പൊരുൾ തേടി ശിഷ്യന്മാരും, പ്രവചനത്തിന്റെ പൂർത്തീകരണത്തെക്കുറിച്ചുള്ള വ്യവസ്ഥയാൽ ക്രിസ്തുവും ചിന്താധീനരാണ്. എട്ടു ദിവസത്തെ ധ്യാനനേരങ്ങൾക്കൊടുവിൽ ഒരു വെളിപാടു പോലെ ക്രിസ്തു ശിഷ്യരിൽ മൂന്നു പേരെ വിളിച്ചുകൊണ്ട് താബോറിൽ എത്തുന്നതാണ് ഇന്നത്തെ വചന സന്ദർഭം.

രൂപാന്തരീകരണം ക്രൈസ്തവജീവിതത്തിലെ ഒരു സാധ്യതയല്ല, അനിവാര്യതയാണ്. ആഴമായ ദൈവാനുഭവത്തിൽ ആയിരിക്കുമ്പോൾ ലഭിക്കുന്ന ഒരവസ്ഥയാണ് രൂപാന്തരീകരണം. താബോർ അനുഭവം യേശുവിനും ശിഷ്യന്മാർക്കും ഒരു അനിവാര്യത ആയിരുന്നു. താൻ ദൈവപുത്രനായ മിശിഹായാണെന്നും നിയമത്തിന്റെയും പ്രവാചകന്മാരുടെയും പൂർത്തീകരണം തന്നിലാണെന്നും അറിയിക്കുവാൻ യേശുവിന് രൂപാന്തരീകരണം അനിവാര്യമായിരുന്നു. ഈ രൂപാന്തരികാനുഭവം നമ്മുടെ ജീവിതത്തിലും അനിവാര്യമാണ്. ജീവിതത്തിലെ ദൈവീകഇടപെടലുകളെ തിരിച്ചറിയുവാനും രൂപാന്തരീകരണം വരുത്തുവാനും കഴിയുമ്പോൾ അത് നമുക്കൊരു താബോർ അനുഭവം ആയിരിക്കും. ജീവിതത്തിനുണ്ടാകുന്ന കുറവുകളും തെറ്റുകളും മനസ്സിലാക്കി ധൂർത്തപുത്രനെപ്പോലെ ഒരു തിരിച്ചുവരവ് – രൂപാന്തരീകരണം – നമുക്ക് ആവശ്യമാണ്. ഇപ്രകാരമുള്ള ഒരു രൂപാന്തരീകരണാനുഭവം ഇല്ലാതെ ക്രൈസ്തവ ജീവിതത്തിന് അർത്ഥമില്ലെന്ന് ഓർക്കുക.

ക്രിസ്തുവിന്റെ രൂപാന്തരീകരണത്തിന് അവന്റെ മരണവുമായും ഉയർത്തെഴുന്നേൽപ്പുമായും അഭേദ്യമായ ബന്ധമുണ്ട്. ജറുസലേമിൽ നടക്കേണ്ട കടന്നുപോകലായിരുന്നു മോശയുടേയും ഏലിയായുടേയും യേശുവിന്റേയും സംസാരവിഷയമെന്ന് സുവിശേഷം വ്യക്തമാക്കുന്നു. അതുകൊണ്ടാവാം എട്ടു ദിവസത്തെ ഒരുക്കത്തിനു ശേഷം ക്രിസ്തു താബോറിൽ എത്തുന്നത്. ദൈവം പ്രതീക്ഷിക്കുന്നതുപോലെ ജീവിതം സമർപ്പിക്കുവാൻ, ജീവിതത്തെ രൂപാന്തരീകരണത്തിലേക്ക് ഒരുക്കുവാൻ നമുക്ക് കഴിയുമോ? ക്രിസ്തു രൂപാന്തരീകരണത്തിനു വേണ്ടി തീവ്രമായി ആഗ്രഹിച്ചെങ്കിൽ ശിഷ്യന്മാർ അത്രയൊന്നും ഒരുങ്ങിയിരുന്നില്ല. എങ്കിലും അവർ രൂപാന്തരീകരണ ഒരുക്കത്തിന് യോഗ്യരായി. ഇവിടെ ശിഷ്യന്മാരുടെ അഞ്ചു ഭാവങ്ങൾ ശ്രദ്ധേയമാണ്. 1. അവർ നിദ്രാ വിവശരായിരുന്നു; എങ്കിലും ഉണർന്നിരുന്നു 2. അവർ മഹത്വം ദർശിച്ചു 3. ഇവിടെ ആയിരിക്കാൻ ഇഷ്ടപ്പെടുന്നു 4. അവർ ഭയപ്പെട്ടു 5. അവർ മൗനം അവലംബിച്ചു.

പ്രിയമുള്ളവരെ, രൂപാന്തരീകരണം ക്രൈസ്തവജീവിതത്തിൽ അത്യന്താപേക്ഷിതമാണ്. അത് ക്രിസ്തുവിനെപ്പോലെ തീവ്രവും ആഴവുമായ നമ്മുടെ ആഗ്രഹവും ഒരുക്കവും വഴി സമ്പാദിക്കാം. അതോടൊപ്പം ഉണർന്നിരിക്കാനുള്ള മനസ്സുകൊണ്ട്, ശിഷ്യരെപ്പോലെ രൂപാന്തരീകരണാനുഭവത്തിലേക്ക് ദൈവത്താൽ ക്ഷണിക്കപ്പെടുകയുമാവാം. ദൈവികപദ്ധതിയുടെ പൂർത്തീകരണത്തിലേക്കുള്ള എന്റെ പാഥേയമാണ് തേജസ്ക്കരണം. ഞാൻ അത് നേടിയേ മതിയാകൂ. നമുക്ക് അതിന് കഴിയട്ടെ.

## ആഗസ്റ്റ് 13

**തേജസ്സ്ക്കരണത്തിനുശേഷം ഒന്നാം ഞായർ**
**മത്തായി 21 : 28–32**

രണ്ട് പുത്രന്മാരുടെ ഉപമയെക്കുറിച്ചാണ് ഇന്ന് നാം ചിന്തിക്കുന്നത്. യഹൂദമതത്തിലെ പ്രധാന പുരോഹിതരും ജനപ്രമാണിമാരുമാണ് ഈ മൂത്ത പുത്രന്മാർ. യഹൂദർ ദൈവത്തിന്റെ സ്വന്തം ജനമെന്ന് അഭിമാനിക്കുന്നവരായിരുന്നു. ഉടമ്പടിയുടെ മക്കളായി സ്വയം വിശേഷിപ്പിച്ചിരുന്നവരും ജീവിച്ചിരുന്നവരുമാണവർ. അവർക്കു മാത്രമാണ് കൽപനകൾ നൽകപ്പെട്ടത്. അവരോടാണ് ദൈവം സമാഗമ കൂടാരത്തി

ലൂടെയും മേഘത്തൂണുകളിലൂടെയും സംസാരിച്ചത്. അവർക്കു മാത്രമാണ് മന്നായും കാടപ്പക്ഷിയും നൽകപ്പെട്ടത്. എന്നാൽ അവരോളം ദൈവത്തെ ധിക്കരിച്ചവരും പാപം ചെയ്തവരുമില്ല. ഒരുനാളും പാപം ചെയ്യില്ല എന്നാണയിട്ടവർ പാപത്തിന്റെ മൊത്തക്കച്ചവടക്കാരായി മാറുന്നതാണു കാണുന്നത്. മതത്തിന്റെ അനുഷ്ഠാനങ്ങളിൽ മുഴുകി ദൈവത്തെ മതത്തിനു പുറത്ത് നിറുത്തിയവർ മൂത്ത പുത്രന്റെ സ്ഥാനം വഹിക്കുന്നു.

എന്നാൽ ദൈവത്തിന്റെ ജനമെന്നു വിളിക്കപ്പെടാൻ യോഗ്യതയില്ലാത്തവരുമുണ്ടായിരുന്ന വിജാതിയർ! അശുദ്ധരക്തം പേറുന്നവർ. പാപികളെന്നു മുദ്രകുത്തപ്പെട്ടവർ അവർക്ക് കൽപനകളൊന്നും നൽകപ്പെട്ടിരുന്നില്ല. എങ്കിലും ഹൃദയത്തിലെഴുതപ്പെട്ട നിയമങ്ങളിലൂടെ അവർ ജീവിച്ചു. ഉടമ്പടിയുടെ രക്തത്തേക്കാൾ അനുതാപത്തിന്റെ കണ്ണുനീരാൽ നിർമ്മലീകരിക്കപ്പെട്ടവരായിരുന്ന അവരാണ് ഇളയപുത്രന്റെ സ്ഥാനത്തായിരിക്കുന്നത്.

ക്രിസ്തുവിനോടുള്ള ഒരുവന്റെ പ്രതികരണമാണിത്. സുവിശേഷത്തോട് ഒരുവന് ഇത്തരത്തിൽ രണ്ടു രീതികളിൽ പ്രതികരിക്കാം. എല്ലാം അറിയാം എന്ന അഹന്തയിൽ ക്രിസ്തുമൂല്യങ്ങളിൽ നിന്നു വഴിമാറി നിൽക്കുന്ന ആധുനിക ക്രൈസ്തവനാകാം മൂത്ത പുത്രൻ. അഴിമതിക്കും, അക്രമത്തിനും, മദ്യത്തിനും, മയക്കുമരുന്നിന്റെ ഉപയോഗത്തിനും വിതരണത്തിനും ക്രിസ്തുദർശനങ്ങളുടെ മാലചാർത്തി കച്ചവട വസ്തുവാക്കുന്ന വിശ്വാസിയാകാം മൂത്തപുത്രൻ.

മറുവശത്ത് നിശബ്ദരായി ക്രിസ്തു വാക്യങ്ങളെ നെഞ്ചോടുചേർത്ത് ആരാലും അറിയപ്പെടാൻ താൽപ്പര്യമില്ലാത്ത നിശബ്ദ മനുഷ്യനാകാം ഇളയപുത്രൻ. ഗാന്ധിജിയെപ്പോലെ ക്രിസ്തുവിനെ സ്നേഹിച്ച് നെഞ്ചോടു ചേർത്തുവച്ചവരാണവർ.

നാം ഇപ്പോൾ പതിനഞ്ചു നോമ്പിന്റെ കാലയളവിലൂടെ കടന്നുപോകുകയാണല്ലോ. പരി. കന്യകമറിയം ദൈവേഷ്ടത്തോട് എപ്രകാരം പ്രതികരിച്ചു എന്നത് ഈ ഉപമയോട് ചേർത്ത് വായിക്കാവുന്ന ഒന്നാണ്. മറിയത്തിന്റെ പ്രതികരണം, ജീവിതത്തിൽ ആനന്ദങ്ങൾക്കൊക്കെ അവധി നൽകിക്കൊണ്ട് ദൈവസ്വരത്തിന് വിമുഖതയില്ലാത്ത മറുപടി നൽകിയവൾ; എനിക്കൊന്നും അറിയില്ല, എങ്കിലും നിന്റെ ഇഷ്ടംപോലെ നടക്കട്ടെ എന്ന് പറഞ്ഞ് സമ്മതം മൂളിയപ്പോൾ ദൈവം തന്നെ അവൾക്കുള്ളിലായി. ദൈവം അവളിലായി. തലമുറകൾ അവളെ ഭാഗ്യവതി എന്നു പ്രകീർത്തിച്ചു. ഒരു യഥാർത്ഥ ക്രിസ്തുശിഷ്യന് ജീവിതത്തിൽ മാതൃകയാക്കാവുന്ന ഉത്തമപ്രതികരണമാണ് പരി. കന്യകമറിയത്തിന്റേത്.

നമുക്ക് ആത്മശോധന ചെയ്യാം. ഈ മൂന്നു പ്രതികരണങ്ങളിൽ നമ്മുടേത് ഏത് പ്രതികരണമാണ്. മൂത്തപുത്രന്റെ പ്രതികരണമാണെങ്കിൽ കാരുണ്യവാനായ ദൈവമുമ്പാകെ ക്ഷമ ചോദിക്കാം. ഇളയപുത്രന്റെ പ്രതികരണമാണെങ്കിൽ ദൈവത്തിന് നന്ദി പറഞ്ഞ് കൊണ്ട് പരി. മറിയത്തിന്റെ പ്രതികരണത്തിലേക്ക് ഉയരാം.

## ആഗസ്റ്റ് 20

**തേജസ്സ്ക്കരണത്തിനുശേഷം രണ്ടാം ഞായർ**

**മർക്കോസ് 12 : 28 – 34**

മാർക്കോസിന്റെ സുവിശേഷം അനുസരിച്ച്, യേശുവിന്റെ പരസ്യജീവിതം ആരംഭിക്കുന്നതും തുടർന്നുള്ള പ്രവർത്തനങ്ങളും ഗലീലിയയിൽ നിന്ന് വിഭിന്നമായി ജറുസലേമിലെ തന്റെ പരസ്യജീവിത ശുശ്രൂഷയ്ക്ക് പൊതുവിൽ എതിർപ്പുകളാണ് നേരിടേണ്ടി വന്നത്. എന്നിരുന്നാലും ചുരുക്കം ചില വിവരണങ്ങളിൽ യേശുവിനും അവിടുത്തെ സുവിശേഷത്തിനും അനുകൂലമായ പ്രതികരണം ലഭിക്കുന്നതായി നാം വായിക്കുന്നുണ്ട്. അത്തരത്തിലുള്ളൊരു സംഭവമാണ് ഈ സുവിശേഷ ഭാഗത്ത് നാം കാണുന്നത്.

തന്നെ വിമർശിക്കുന്നവരിൽ നിന്നും വേറിട്ട് ഒരാളെക്കുറിച്ച് യേശു പറയുന്നു; "നീ ദൈവരാജ്യത്തിൽ നിന്ന് അകലെയല്ല" എന്ന്. അയാളുടെ മനോഭാവം കണ്ടറിയുന്ന യേശു ദൈവസ്നേഹത്തെയും പരസ്നേഹത്തെയും സംബന്ധിക്കുന്ന കല്പനകൾ പരമപ്രധാനമായി കാണുന്ന ആ മനുഷ്യനെ അംഗീകരിക്കുകയാണ്. യേശുവും ഈ നിയമജ്ഞനും തമ്മിലുള്ള സംവാദം നാം ശ്രദ്ധയോടെ നിരീക്ഷിക്കണം. അവിടെ യേശുവിന്റെ ഉത്തരം (12:29–31) പ്രധാനമായും നിയമാവർത്തന പുസ്തകത്തിൽ നിന്നുള്ള ഒരു ഉദ്ധരണിയാണ് (നിയമ. 6:4–5). ഈ വിശുദ്ധ ഗ്രന്ഥഭാഗമാകട്ടെ യഹൂദർക്കെല്ലാം വളരെ സുപരിചിതമാണ്. അവർ ദിവസവും രണ്ടുപ്രാവശ്യം ചൊല്ലുന്ന 'ഷമാ ഇസ്രായേൽ' എന്ന പ്രാർത്ഥന ഈ വിശുദ്ധ ഗ്രന്ഥഭാഗമാണ്. "ഇവയേക്കാൾ വലിയ കല്പന മറ്റൊന്നും ഇല്ല (വാക്യം 31). ഇവ എല്ലാ ദഹനബലികളേയും യാഗങ്ങളേയുംകാൾ മഹനീയമാണ്" (വാക്യം 33). എല്ലാ യഹൂദരും ദിനംപ്രതി ഏറ്റുപറയുന്ന ആ വിശുദ്ധ ഗ്രന്ഥത്തിന്റെ ചൈതന്യവും പ്രസക്തിയും മനസിലാക്കാനായതുകൊണ്ട് ആ നിയമജ്ഞൻ ദൈവരാജ്യത്തിൽനിന്ന് അകലെയല്ലാത്തവനായി. അങ്ങനെയെങ്കിൽ ഈ വിശുദ്ധ ഗ്രന്ഥഭാഗത്തിന്റെ അർത്ഥം നാം നന്നായി മനസിലാക്കേണ്ടതുണ്ട്.

നിയമജ്ഞൻ പരമപ്രധാനമായ കല്പനയെക്കുറിച്ചാണ് ചോദിക്കുന്നതെങ്കിൽ യേശുവിന്റെ ഉത്തരം രണ്ട് കല്പനകളെക്കുറിച്ചാണ്; ദൈവസ്നേഹത്തെക്കുറിച്ചുള്ള കല്പനയും, പരസ്നേഹത്തെക്കുറിച്ചുള്ള കല്പനയും. പരസ്നേഹമില്ലാതെ ദൈവസ്നേഹം പൂർത്തിയാകില്ല. അതുപോലെതന്നെ മറിച്ചും. ഇവ മറ്റു പുതിയ നിയമഗ്രന്ഥങ്ങളിലും ഊന്നിപ്പറയുന്നുണ്ട് (യോഹ. 15:12–14, ലൂക്കോ. 10:27; യോഹ. 1:8–11; 3:9–10, 4:20). നിയമജ്ഞൻ അടിവരയിട്ട് പറയുന്നു; "ഇവ എല്ലാ ദഹനബലികളെയും യാഗങ്ങളെയുംകാൾ മഹനീയമാണ്" (മർക്കോ. 12:33) എന്ന്.

ലേവ്യരുടെ പുസ്തകം 1 മുതൽ 7 വരെയും, 16–ാം അദ്ധ്യായത്തിലും യാഗങ്ങളെയും പാപപരിഹാര ദിനത്തിലെ ബലികളെയും പറ്റി പ്രതിപാദിക്കുന്നു. ഇവ ബലികളുടെ പ്രാധാന്യമാണ് കാണിക്കുന്നത്. എന്നാൽ മേൽ പറഞ്ഞ പരമപ്രധാനമായ രണ്ട് കല്പനകളും മറ്റെല്ലാ യാഗങ്ങളെയും ബലികളെയുംകാൾ ശ്രേഷ്ഠമാണെന്നാണ് ഇന്നത്തെ വചനഭാഗം പഠിപ്പിക്കുന്നത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ, ഇസ്രായേലിലെ വിശുദ്ധീകരണത്തിനും പാപപരിഹാരത്തിനുമായി നല്കപ്പെട്ട ബലികളെക്കാൾ ശ്രേഷ്ഠമാണ് ദൈവസ്നേഹവും പരസ്നേഹവും.

ക്രൈസ്തവ ജീവിതത്തിന്റെ കാതൽ ഈ ദൈവസ്നേഹവും പരസ്നേഹവും ആണ്. ഈ സ്നേഹത്തിൽ നിന്ന് ഉരുത്തിരിയുന്നതാണ് നമ്മുടെ ജീവിതവും പ്രവർത്തനവും.

## ആഗസ്റ്റ് 27

**തേജസ്സ്ക്കരണത്തിനുശേഷം മൂന്നാം ഞായർ**

**ലൂക്കോസ് 18 : 9–14**

കർത്താവിനാൽ ഏറ്റവും സ്നേഹിക്കപ്പെട്ടവരേ, നാം തേജസ്ക്കരണത്തിനു ശേഷം നാലാമത്തെ ഞായറാഴ്ചയിലേക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ. മഹത്വത്തിന്റെ കൂടാരം വിട്ട് യേശുവിനോടൊപ്പം പീഡാനുഭവത്തിന്റെ കൂടാരം തേടി ജറുസലേമിലേക്ക് യാത്ര ചെയ്യാനുള്ള ആഹ്വാനമാണ് ഈ ഞായറാഴ്ച തിരുസഭ നമ്മുടെ വിചിന്തനത്തിനായി നൽകിയിരിക്കുന്നത്. ഇവിടെ പ്രാർത്ഥനയ്ക്കായി ദേവാലയത്തിലേയ്ക്ക് കടന്നുവരുന്ന ഫാരിസേയനിലൂടെയും ചുങ്കക്കാരനിലൂടെയും നമുക്ക് മൂന്ന് കാര്യങ്ങളെക്കുറിച്ച് പ്രത്യേകമായി ചിന്തിക്കാം.

1. ഫാരിസേയൻ സ്വയം നീതിമാനായി കരുതുകയും മറ്റുള്ളവരെ പുച്ഛിക്കുകയുമാണ് ഇവിടെ. ഞാൻ എന്ന ഭാവത്തിൽ അഹങ്കാരം നിറഞ്ഞ അയാൾ ദൈവത്തോടല്ല പ്രാർത്ഥിക്കുന്നത്, ദൈവതിരുമുമ്പാകെ താൻ എന്താണെന്ന് വിസ്മരിച്ചു എന്നതാണ് അയാളുടെ ഏറ്റവും വലിയ കുറവ്. എന്നാൽ ചുങ്കക്കാരൻ തന്റെ കുറവുകൾ മനസ്സിലാക്കി പ്രാർത്ഥിക്കുന്നു. അവൻ ഫാരിസേയനെപ്പോലെ മറ്റുള്ളവരെയല്ല വിധിക്കുന്നത്, പകരം തന്നെത്തന്നെ തുറക്കുകയാണ്. ദൈവത്തിന്റെ മുമ്പിൽ നിൽക്കുവാൻ അയോഗ്യനായി കാണുകയാണ് അയാൾ. നമ്മുടെ പ്രാർത്ഥനകളിലും ഈ സുതാര്യത - തുറന്ന അവസ്ഥയാണ് ഉണ്ടാകേണ്ടത്.

2. നിയമത്തിന്റെ മുമ്പിൽ ആ ഫാരിസേയൻ വളരെ നല്ല മനുഷ്യനായിരുന്നു. അയാൾ ഉപവസിക്കുന്നു, എല്ലാറ്റിന്റെയും ദശാംശം കൊടുക്കുന്നു, കവർച്ച, വ്യഭിചാരം, അനീതി ഇവയൊന്നും ചെയ്യുന്നില്ല, എന്തുകൊണ്ടും യോഗ്യനായ ഒരു യഹൂദൻ. എന്നാൽ ആത്മപ്രശംസയ്ക്കുള്ള ഒരു വേദിയായി അയാൾ പ്രാർത്ഥനയെ കാണുന്നു. എളിമയ്ക്ക് പകരം അഹങ്കാരവും ദൈവാശ്രയബോധത്തിനു പകരം തന്നിൽ ആശ്രയിക്കുകയും ചെയ്യുന്നവനാണ് ആ ഫാരിസേയൻ. എളിമയും ദൈവാശ്രയബോധവും വളർത്തി അനുതാപത്തോടെയുള്ള പ്രാർത്ഥനയിലൂടെ ദൈവതിരുമുമ്പാകെ സ്വീകൃതമാകുന്നതിനായി നമ്മുടെ പ്രാർത്ഥനകൾ മാറണം. നാം ചിന്തിക്കേണ്ടത് എന്റെ പ്രാർത്ഥന ഒരു അനുഷ്ഠാനമാണോ, അതോ ഞാനും എന്റെ ദൈവവും തമ്മിലുള്ള സ്വകാര്യസംഭാഷണമാണോ എന്നതാണ്. ചുങ്കക്കാരനെപ്പോലെ കർത്താവെ, പാപിയായ എന്നിൽ കനിയണമെ എന്നു പറഞ്ഞുകൊണ്ട് മാറത്തടിച്ച് പ്രാർത്ഥിക്കുവാൻ നമുക്ക് സാധിക്കണം.

3. “തന്നെത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും” എന്ന വചനം ഉൾക്കൊണ്ട് സർവ്വശക്തനായ ദൈവത്തിന്റെ തിരുമുമ്പിലാണ് ഞാൻ പ്രാർത്ഥിക്കാൻ നിൽക്കുന്നതെന്ന അവബോധം നമ്മെത്തന്നെ ദൈവതിരുമുമ്പിൽ താഴ്ത്താൻ പ്രാപ്തനാക്കും. തന്നെത്തന്നെ സ്വയം ശൂന്യനാക്കിക്കൊണ്ട് വി. പൗലോസ് ശ്ലീഹാ യേശുവിനെപ്പറ്റി പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഇവിടെ ശ്രദ്ധേയമാണ്. ക്രിസ്തു തന്റെ വചനം, അതായത് എളിമയുടെ വചനം തന്റെ ജീവിതത്തിലൂടെ കാണിച്ചു തന്നുവെന്ന് പൗലോസ് ശ്ലീഹാ സാക്ഷ്യപ്പെടുത്തുന്നു. നമുക്കും ഒരു ഉത്തമ ക്രിസ്ത്യാനിയായി ജീവിക്കുവാനുള്ള ആഹ്വാനമാണ് ഈ ദൈവവചനം പ്രചോദനമാകുന്നത്.

പ്രിയമുള്ളവരെ, പ്രാർത്ഥന സുതാര്യതയുള്ളതാക്കി തീർത്ത്, ഒരു തുറന്ന പുസ്തകമാക്കിക്കൊണ്ട് എളിമയോടും അനുതാപത്തോടും ദൈവാശ്രയബോധത്തോടും കൂടി ഓരോ പ്രാർത്ഥനയും നമുക്ക് ദൈവതൃപ്പാദത്തിങ്കൽ സമർപ്പിക്കാം. ●

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.

**റോസമ്മ മാത്യൂസ്,**
**ചെമ്പനാൽ, നെല്ലിമല**

## അമ്മ മനസ്സ്



**ഷാജി കാരയ്ക്കൽ & ബ്രദർ ജോൺ പുറത്തൂട്ട്**

മലയാള സിനിമയിലൂടെ മലയാളിയുടെ മനസ്സിൽ എക്കാലത്തും നിറഞ്ഞു നിൽക്കുന്ന മാതൃസങ്കല്പമാണ് കവിയൂർ പൊന്നമ്മ. സിനിമയിലെ അമ്മയിൽ നിന്നും മലയാളിയുടെ ആകെ അമ്മയായി കവിയൂർ പൊന്നമ്മ എന്ന അഭിനേത്രി മാറിയെങ്കിൽ അത് ആ കലാകാരിയുടെ അഭിനയമികവിനുള്ള ഏറ്റവും വലിയ അംഗീകാരമാണ്. കിരീടം, തനിയാവർത്തനം, കുടുംബപുരാണം, നന്ദനം, തിങ്കളാഴ്ച നല്ല ദിവസം തുടങ്ങി ഒട്ടേറെ ചിത്രങ്ങളിലെ അമ്മവേഷം പ്രേക്ഷകരിൽ ഇന്നും നൊമ്പരമായി മാറുന്നു. പ്രേംനസീർ, സത്യൻ, മധു തുടങ്ങി പുതുതലമുറ നായകന്മാരുടെ വരെ അമ്മയായി ഇന്നും വെള്ളിത്തിരയിൽ വിരാജിക്കുന്ന മലയാളിയുടെ മാനസ മാതൃത്വം കലാജീവിതത്തിൽ അഞ്ചരപതിറ്റാണ്ട് പിന്നിട്ട് എഴുപത്തിമൂന്നിന്റെ പടിവാതിൽക്കൽ എത്തി നിൽക്കുന്നു. നാലു തവണ മികച്ച സഹനടിക്കുള്ള സംസ്ഥാന അവാർഡ് നൽകി കേരളം ആദരിച്ച ഈ അഭിനയ കുലപതി 'അമ്മമനസ്സ്' എന്ന പംക്തിയിലൂടെ ഐക്യദീപം മാസികയ്ക്കു മുമ്പിൽ മനസ്സു തുറക്കുന്നു.

# പൊന്നമ്മ മനസ്സ്

## കവിയൂർ പൊന്നമ്മ

പത്തനംതിട്ട ജില്ലയിലെ തിരുവല്ലായ്ക്ക് അടുത്ത് കവിയൂർ ഗ്രാമം എന്റെ അച്ഛന്റെ കുടുംബമാണ്. കവിയൂർ പൊന്നമ്മ എന്ന പേരിൽ ഞാൻ അറിയപ്പെടുന്നുണ്ടെങ്കിലും കവിയൂരിൽ ഞാൻ അധികകാലം താമസിച്ചിട്ടില്ല എന്നതാണ് സത്യം. പൊൻകുന്നത്ത് അന്ന് അച്ഛന് കടനോക്കി നടത്തേണ്ടതുണ്ടായിരുന്നതുകൊണ്ട് എന്റെ ഒൻപത് വയസ്സുവരെയുള്ള ബാല്യകാലം അച്ഛന്റെ കൂടെ പൊൻകുന്നത്തായിരുന്നു. മക്കളിൽ മൂത്തത് ഞാനായതുകൊണ്ടാവാം അച്ഛനും അമ്മയും ഏറെ സ്നേഹിച്ചാണ് എന്നെ വളർത്തിയത്. സംഗീതം പ്രത്യേകം പഠിച്ചിരുന്നില്ലെങ്കിലും അച്ഛൻ നല്ലൊരു സംഗീതാസ്വാദകനായിരുന്നു. അങ്ങനെയിരിക്കെ പൊൻകുന്നത്തെ കച്ചേരി ഏറെ സ്വാധീനിച്ചിട്ടുണ്ട്. പട്ടുസാരിയും ഉടുത്ത്, വൈരക്കമ്മലും, വൈരവളയും, വൈരനെക്ലസും മറ്റും ചൂടി സ്വർണ്ണ വിഗ്രഹം പോലുള്ള ആ രൂപത്തിന്റെ സൗന്ദര്യത്തിന് മാറ്റുകൂട്ടുന്ന നെറ്റിയിലെ വലിയപൊട്ടുമെല്ലാം സംഗീതത്തേക്കാളുപരി എന്നെ ഏറെ ത്രസിപ്പിച്ചിരുന്നു. അങ്ങനെ ഞാനും ക്രമേണ സംഗീതത്തിലേയ്ക്ക് ആകർഷിക്കപ്പെടുകയായിരുന്നു. അതുകൊണ്ടുതന്നെ കുട്ടിയെ പഠിപ്പിക്കുമ്പോൾ കണ്ട ഹാർമോണിയം പെട്ടി എനിക്കും വേണമെന്ന കലശലായ മോഹം അച്ഛനോട് പറഞ്ഞുവെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടുമൂലം അച്ഛൻ ഒഴികഴിവ് പറഞ്ഞ് മാറ്റിവയ്പിച്ചു. അപ്രതീക്ഷിതമായി ഒരു ദിവസം ഹാർമോണിയം പെട്ടിയും വാങ്ങി വരുന്ന



ഞങ്ങളുടെ വീടിനടുത്ത് ഒരു കൊച്ചുകുട്ടിയെ സംഗീതം പഠിപ്പിക്കുന്നത് കണ്ടതാണ് എന്റെ ജീവിതത്തിലുണ്ടായ ഒരു വഴിത്തിരിവ് എന്നു തന്നെ പറയാം.

അച്ഛനോടൊപ്പം പല സ്ഥലങ്ങളിലും പോയി കച്ചേരി കാണുക അക്കാലത്തെ ഒരു പതിവായിരുന്നു. അക്കൂട്ടത്തിൽ എം.എസ്.സുബ്ബലക്ഷ്മിയുടെ അച്ഛന്റെ മുഖം ഞാനിന്നും ഓർക്കും. 5-ാം വയസ്സിൽ പൊൻകുന്നത്ത് തുടക്കം കുറിച്ച സംഗീത പഠനത്തിന്റെ തുടർച്ചയ്ക്കാണ് അച്ഛന്റെ കുടുംബവീടായ കവിയൂരിൽ എത്തുന്നത്. അങ്ങനെ എൽ.പി.ആർ. വർമ്മ സാറിന്റെ ശിക്ഷണത്തിൽ സംഗീത പഠനം തുടർന്നു. ഇതിനിടയ്ക്ക്

നാലഞ്ച് അദ്ധ്യാപകർ മാറി. 11-ാം വയസ്സിൽ കവിയൂർ എൻ. എസ്.എസ്. സ്കൂൾ ഗ്രൗണ്ടിൽ വലിയ ഒരു ജനസഞ്ചയത്തിന്റെ മുമ്പിൽ സംഗീതത്തിൽ അര ങ്ങേറ്റം കുറിച്ചു. നെറ്റിയിൽ വലിയ പൊട്ടും തൊട്ട് ആഭരണ ങ്ങളുമണിഞ്ഞ് എം.എസ്. സുബ്ബലക്ഷ്മിയെ മനസ്സിൽ ധ്യാനിച്ച് - അവരെപ്പോലെ ആകാൻ ശ്രമിച്ച് അവിടെ ഞാൻ അരങ്ങേറ്റ കച്ചേരി നട ത്തുമ്പോൾ നീണ്ട കരഘോഷം തന്നെയായിരുന്നു. 'പ്രശസ്ത സംഗീതജ്ഞ കവിയൂർ രേവമ്മ യെപ്പോലെ നമ്മുടെ പ്രിയപ്പെട്ട പൊന്നമ്മയും കവിയൂർ പൊന്ന മ്മയായി മാറട്ടെ' എന്ന സ്ഥലത്തെ പ്രധാനിയുടെ ആശംസ സംഗീതത്തിൽ നിന്നും ഞാൻ വഴുതി മാറി അഭിനയ ജീവിതത്തിൽ എത്തി പ്പെട്ട് സ്വാർത്ഥകമായി എന്ന താണ് യാഥാർത്ഥ്യം.

ആരോ പറഞ്ഞറിഞ്ഞാണ് തോപ്പിൽ ഭാസി സുഹൃത്തുക്ക ളായ പറവൂർ ദേവരാജനും ശങ്കരാടിക്കുമൊപ്പം അദ്ദേഹ ത്തിന്റെ നാടകത്തിൽ പാട്ടുപാ ടാൻ ക്ഷണിച്ച് വീട്ടിലെത്തുന്ന ത്. അച്ഛന്റെ അനുഗ്രഹ ത്തോടെ, അമ്മയുടെ എതിർപ്പു കൾ അനുകൂലമാക്കി തോപ്പിൽ ഭാസിയുടെ നാടകട്രൂപ്പിൽ പാടി യും, പിന്നീട് അഭിനയിക്കാൻ നായിക എത്താതിരുന്നതിനെ തുടർന്ന് 'മൂലധനം' എന്ന നാട കത്തിൽ അഭിനയിച്ചും അഭി നയ ജീവിതത്തിന് തുടക്കം കുറിച്ചു. പിന്നീട് 14-ാം വയ സ്സിൽ 'ശ്രീരാമപട്ടാഭിഷേകം' എന്ന സിനിമയിൽ 'മണ്ഡോ ദരി' എന്ന കഥാപാത്രത്തിലൂടെ വെള്ളിത്തിരയിലും എത്തി.

എന്റെ അഭിനയജീവിത ത്തിലെ പ്രത്യേകത, ഒരിക്ക ലൊഴിച്ച് ഇന്നോളം അമ്മവേഷ ങ്ങളിലാണ് അഭിനയിച്ചിട്ടുള്ളത് എന്നതാണ്. സത്യൻ മാഷിന്റെ അമ്മയായി വേഷമിടുമ്പോൾ അദ്ദേഹത്തിന് എന്റെ അച്ഛ നോളം പ്രായമുണ്ടായിരുന്നു. 'കിരീടം' എന്ന സിനിമയിൽ മോഹൻലാലിന്റെ അമ്മയായി അഭിനയിക്കുമ്പോൾ ഗുണ്ട യുടെ വേഷത്തിൽ വീട്ടിലേക്ക് കയറി വരുന്ന മകനെ അപ്പൻ (തിലകൻ) ഇറക്കി വിടുന്ന ഒരു രംഗമുണ്ട്. അപ്പോൾ പിന്നാലെ ഓടിച്ചെല്ലുന്ന എന്നോട് 'അമ്മേ, ജീവിതം എനിക്ക് കൈവിട്ടുപോകുന്നു എന്തു ചെയ്താലും അവസാനിക്കു ന്നത് വലിയ തെറ്റിലാ. എന്തായി തീരുമെന്ന് എനിക്ക് ഉറപ്പുപറയാൻ വയ്യാ...' എന്ന മോഹൻലാലിന്റെ സംഭാഷണം ഇടയ്ക്കൊക്കെ ഓർക്കുമ്പോൾ ഇന്നും എന്റെ നെഞ്ചൊന്ന് കാളും. ഇത്തരത്തിൽ ഓർത്തി രിക്കാവുന്ന നല്ല ചില മുഹൂർത്തങ്ങളും സിനിമ സമ്മാനിച്ചിട്ടുണ്ട്.

ഇതുവരെ ആയിരത്തോളം സിനിമയിൽ അഭിനയിച്ചിട്ടുണ്ടെ ന്നാണ് ഓർമ്മ. ഏറെക്കുറെ എല്ലാ പ്രമുഖ നടന്മാർക്കൊ പ്പവും അഭിനയിക്കാൻ ഭാഗ്യമു ണ്ടായതു വലിയ അനുഗ്രഹ മായി തന്നെ കരുതുന്നു. അന്നൊക്കെ ഒരു കുടുംബാംഗ ങ്ങളെപ്പോലെയാണ് നിർമ്മാ താവും സംവിധായകനും നടീ നടന്മാരുമൊക്കെ കഴിഞ്ഞിരുന്ന ത്. പാത്രമില്ലെങ്കിൽ എല്ലാവരും വട്ടം കൂടിയിരുന്ന് ഒരു പാത്ര ത്തിൽ കഴിച്ചിട്ടുണ്ട്. പരസ്പര സ്നേഹവും, ബഹുമാനവും, കരുതലും അന്ന് ഒരു പ്രത്യേ കത തന്നെയായിരുന്നു. ഇന്നോളം ആരിൽ നിന്നും ഒരു മോശപ്പെട്ട വാക്കോ, നോട്ടമോ, പ്രവൃത്തിയോ എനിക്കുണ്ടായി ട്ടില്ല. പക്ഷേ ഈ കാലഘട്ട ത്തിലെ പത്രവാർത്തകൾ കാണുമ്പോൾ പെൺകുട്ടികൾ കുറച്ചുകൂടി 'ബോൾഡ്' ആവ ണമെന്നാണ് എന്റെ പക്ഷം. അഭിനയിക്കാൻ അവസരം വച്ചുനീട്ടി 'മാനം' ചോദിക്കുന്നു വെങ്കിൽ അത്തരം ആളുകളുടെ സിനിമകളിൽ അഭിനയിക്കില്ല എന്ന് പറയാനുള്ള തന്റേടം പെൺകുട്ടികൾക്ക് ഉണ്ടാകണം. കേവലം ഒരു അഭിനയമോഹ ത്തിനു അടിയറവു വയ്ക്കാനു ള്ളതല്ല പെണ്ണിന്റെ മാനം എന്നത് ബോധ്യപ്പെടുത്തി കൊടുക്കാനുള്ള ആർജവം നമ്മുടെ കുട്ടികളിൽ ഉണ്ടാക ണം. ഉറച്ച ദൈവവിശ്വാസം ഉണ്ടെങ്കിൽ നമ്മിൽ ചേരേണ്ട തൊക്കെ അതാത് സമയങ്ങ ളിൽ വന്നു ചേർന്നുകൊള്ളും.

എന്റെ അഭിനയജീവിത ത്തിലെ തിരക്കിനിടയിൽ എന്റെ ഏക മകളെ ലാളിക്കാൻ എനിക്ക് അധിക അവസരങ്ങൾ ഉണ്ടായിട്ടില്ല. ഭർത്താവിനും കുട്ടികൾക്കുമൊപ്പം അമേരിക്ക യിൽ സന്തോഷത്തോടെ കഴി യുമ്പോഴും ഈയൊരു 'പരി ഭവം' ഇന്നും അവളിലുണ്ട്. ജീവിതപ്രാരാബ്ദത്തിനിടയിൽ അന്ന് അങ്ങനെയൊക്കെയേ ആകുമായിരുന്നുള്ളൂ. അതു കൊണ്ടൊക്കെയായിരിക്കണം ഇന്ന് എന്റെ ഏറ്റവും വലിയ ബലഹീനത കുട്ടികൾ തന്നെ യാണ്. ഇടയ്ക്കൊക്കെ ആലുവ യിലെ ജനസേവ ശിശുഭവന ത്തിലെ അനാഥകുട്ടികളോ ടൊപ്പം സന്തോഷം പങ്കിടാൻ ശ്രദ്ധിക്കാറുണ്ട്. പട്ടിയും പൂച്ചയും കാക്കയും കിളികളു മെല്ലാം എനിക്ക് ഏറെ പ്രിയ പ്പെട്ടവയാണ്. ദിവസവും തീറ്റ തിന്നാനായി പറന്നെത്തുന്ന അതിഥികളും ഉണ്ട്. മീൻ വാങ്ങി പ്രത്യേകം കറിവച്ച് ചോറും കൂട്ടിയാണ് ഇവിടെ ത്തുന്ന പൂച്ചയ്ക്കും പട്ടിയ്ക്കും കൊടുക്കാറ്. ഇത്തരത്തിൽ പ്രപഞ്ച സൃഷ്ടാവിന്റെ സകല ചരാചരങ്ങളെയും ഞാൻ ഏറെ സ്നേഹിക്കുന്നു. ക്രിസ്തുവും കൃഷ്ണനും നബിയുമെല്ലാം പങ്കുവയ്ക്കുന്നതും ഈ സ്നേഹം തന്നെയാണല്ലോ. ഒരു കലാകാരന് ആരേയും ഒരി ക്കലും ദ്രോഹിക്കാനോ കൊല്ലാനോ കവിയുക യില്ലല്ലോ. എന്നെ ദ്രോഹിക്കുന്ന വർക്കു വേണ്ടി പ്രാർത്ഥിക്കു കയും സങ്കടങ്ങൾ ദൈവത്തിൽ സമർപ്പിക്കുകയും ചെയ്യുന്ന താണ് എന്റെ പതിവ്. ദുർഘട ഘട്ടങ്ങളിൽ നിന്നെല്ലാം ഈ ഭക്തി എന്നെ രക്ഷിച്ചിട്ടുണ്ട്. അപകടങ്ങളിൽ ഒരു പോറൽ പോലും ഏൽക്കാതെ രക്ഷപ്പെ ട്ടിട്ടുണ്ട്. ഈശ്വരകടാക്ഷത്താൽ ഈ 72-ാം വയസ്സിലും കാഴ്ചയ്ക്കും കേൾവിക്കും ഒരു കുഴപ്പവുമില്ല എന്നതുതന്നെ ●



സി. എലൈസ് മേരി
ചേറ്റാനി എഫ്.സി.സി

# ആഗസ്റ്റ് 19 വി. അൽഫോൻസാമ്മയുടെ 107-ാം ജന്മദിനം

സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായ ബോധവത്ക്കരണ ക്ലാസ്സ് നടക്കുകയായിരുന്നു. ജീവിതത്തിലെ നിരവധി വൈതരണികളും പ്രതിസന്ധികളും മറികടന്ന് തികഞ്ഞ ആത്മവിശ്വാസത്തോടെയും അന്യാദൃശമായ ഇച്ഛാശക്തിയോടെയും മുന്നേറുന്ന സ്ത്രീകളെക്കുറിച്ചാണവിടെ സംസാരിച്ചത്.

ജീവിതത്തിന്റെ ഹോമകുണ്ഡങ്ങളിലൂടെ ധൈര്യപൂർവ്വം നടന്ന് സ്വജീവിതത്തിലും മറ്റുള്ളവരുടെ ജീവിതത്തിലും വലിയ മാറ്റങ്ങൾക്കു കാരണക്കാരായ ഒട്ടേറെ സ്ത്രീകളെ പരിചയപ്പെടുത്തുമ്പോൾ ഒരു കാര്യം ശ്രദ്ധിച്ചിരുന്നു. ഭൗതിക മേഖലയിൽ മാത്രമല്ല, ആധ്യാത്മിക രംഗത്തും സ്ത്രീകളുടെ സ്ഥാനം പരിമിതമെങ്കിലും പുരുഷനെക്കാൾ മേന്മയും ശക്തിയുമുള്ളത് സ്ത്രീകൾക്കാണ്. കാരണം അടിസ്ഥാനപരമായി ഓരോ സ്ത്രീയും അമ്മയാണ്.

ക്ലാസ് മുന്നോട്ടു പോകുന്നതിനിടയിൽ ഭാരതത്തിന്റെ ആദ്യവിശുദ്ധയായ അൽഫോൻസാമ്മയിലേക്ക് ഞങ്ങളെത്തി. മുപ്പത്താറുകാരിയായ വിശുദ്ധ! മരണംവരെ ലോകത്തിന്റെ ശ്രദ്ധയിലൊന്നും വരാത്തയാളാണ്. അല്ലെങ്കിൽ തന്നെ കന്യകാമഠത്തിന്റെ നാലു ചുവരുകൾക്കുള്ളിലെ ജീവിതങ്ങളെ ശരിയായി മനസ്സിലാക്കുന്നവർ എത്ര പേരുണ്ടാവും നമ്മുടെയിടയിൽ? എങ്കിൽപോലും സാഹസിക ജീവിതത്തിന് കൊതിക്കുന്ന യുവമനസ്സുകളെ സ്വാധീനിക്കാനും പ്രചോദിപ്പിക്കാനും അവൾക്കു കഴിയുമെന്നു തോന്നി. കാരണം ഒരുപാടു തിരഞ്ഞെടുപ്പുകളുടെ ആകെത്തുകയാണു ജീവിതമെന്നറിഞ്ഞ് ആദ്യ അവസരത്തിൽത്തന്നെ ശരിയായ തിരഞ്ഞെടുപ്പു നടത്തിയ ബുദ്ധിമതിയായ കന്യകയാണവൾ. അന്നക്കുട്ടിയെന്ന കൗമാരക്കാരി കന്യാസ്ത്രീമഠത്തിലെത്തുന്നതുപോലും അങ്ങനെയാണ്.

സത്യംപറഞ്ഞാൽ 1910 ഓഗസ്റ്റ് 19 ന് ജനിച്ച ആ പെൺപൈതൽ നിസ്സഹായയായ ഒരു പെണ്ണിന്റെ സാധ്യതകളുടെ പ്രതീകമാണെന്നു പറയാം. സഹനമെന്നാൽ സ്നേഹമാണെന്നും സ്നേഹമെന്നാൽ സഹനം കൊണ്ട് തെളിയിക്കേണ്ടതാണെന്നും ലോകത്തെ പഠിപ്പിച്ചത് അൽഫോൻസാമ്മയാണ്. ജനിച്ച് മുപ്പതാം ദിവസം അമ്മ മരിച്ചതുകൊണ്ട് മാതൃവാത്സല്യത്തിന്റെ മധുരിമയും ലാളനയും അനുഭവിക്കാൻ അവൾക്കു കഴിഞ്ഞില്ല. പേരമ്മയാണ് വളർത്തിയത്. അല്ലലും അലട്ടലുമറിയാതെ വളർത്താൻ പേരമ്മയ്ക്ക് പ്രത്യേക നിഷ്കർഷ തന്നെയുണ്ടായിരുന്നു. മാത്രവുമല്ല, എന്റെ കൊച്ച് ആരുടെ മുന്നിലും തല കുനിക്കാനിടയാകരുത് എന്ന പേരമ്മയുടെ അതിസ്നേഹത്തിന്റെ കർക്കശ്യമാർന്ന സ്നേഹം അവളെ ശരിക്കും വിഷമിപ്പിച്ചിട്ടുമുണ്ട്.

അൽഫോൻസാമ്മയുടെ ലളിതജീവിതവും സഹനമനോഭാവവും ജീവിതവിശുദ്ധിയും വന്ന വഴികൾ കണ്ടെത്താൻ അവളുടെ ജീവിതത്തിലൂടെ നടത്തിയ തീർഥയാത്ര ഞങ്ങളെ ശരിക്കും അമ്പരിപ്പിച്ചു. സംഘർഷങ്ങളും വിദ്വേഷങ്ങളുംകൊണ്ട് വിഹ്വലവും വിഷലിപ്തവുമായ ഒരു കാലഘട്ടത്തിൽ സ്നേഹത്തിന്റെ പ്രസന്നനിലാവു പരത്തുന്ന ആ വിശുദ്ധജീവിതം രൂപപ്പെട്ടതെങ്ങനെയെന്ന തിരിച്ചറിവ് ഓരോ പെൺമനസ്സിനെയും അത്ഭുതപ്പെടുത്തിയെന്നു പറയാം. എത്രമാത്രം കരുത്തും ശക്തിയുമാണ് ഒരു പെണ്ണിൽ ഉറങ്ങിക്കിടക്കുന്നത്! അവൾ നടന്നുപോയ വഴികൾ മുള്ളു നിറഞ്ഞതെങ്കിലും സ്നേഹത്തിന്റെ സൗരഭ്യം വീശിയിരുന്നു അവിടെ.

ഏതു വിധേനയും ഈശോയോടൊത്തായിരിക്കാനും ഒരിക്കലും പിരിയാതിരിക്കാനും അവൾ തീവ്രമായി ആഗ്രഹിച്ചു. മറ്റെല്ലാം വ്യർഥമെന്ന് ചെറുപ്പത്തിലേ തന്നെ ഒരു ഉൾക്കാഴ്ച അവളിൽ രൂപപ്പെട്ടിരുന്നു. അതുകൊണ്ടാണ് സമൃദ്ധിയിൽ കഴിയുമ്പോഴും, 'ഏതെങ്കിലും ഒരു പാവപ്പെട്ട മഠത്തിൽ ചേർന്ന് കന്യാസ്ത്രീയാകാൻ എന്നെ അനുവദിക്കണേ' യെന്നവൾ പ്രാർത്ഥിച്ചത്. 'ലോകസുഖങ്ങൾക്ക് അല്പായുസ്സേ ഉള്ളൂ എന്ന കണ്ടെത്തൽ എത്ര ദൈവികമാണ്! ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം' (എഴുത്തച്ഛൻ) എന്ന് ജ്ഞാനികൾ പണ്ടേ പറഞ്ഞിട്ടുള്ളതാണെങ്കിലും അതു തിരിച്ചറിയാൻ എല്ലാവർക്കുമൊന്നും കഴിയാറില്ല. രാമായണശീലുകളിലൂടെ ഈ കർക്കിടകമാസം നിരന്തരം ഓർമിപ്പിക്കുന്നതും അതു തന്നെയാണ്.

ഒരു പെണ്ണിന്റെ അകക്കാമ്പിലെ തിളക്കവും ശക്തിയും

എത്ര വലുതെന്ന് കാണിച്ചു തരുന്നുണ്ട് അൽഫോൻസാമ്മയുടെ ജീവിതം. വിവാഹാലോചനയും ആഭരണം പണിയലുമൊക്കെയായി ഉഷാറായി നിന്ന കുടുംബാംഗങ്ങളുടെ എതിർപ്പിനെ മറികടക്കാനായി ഉമിത്തീയിൽ കാല് പൊള്ളിച്ച പെണ്ണ് ഒരിക്കലും അബലയല്ല. അവളുടെ ആത്മാർത്ഥതയും അർപ്പണവും സമർപ്പണ വഴികളിൽ എന്നും ഊർജ്ജം പകർന്നിരുന്നു.

പൊന്നും പണവും സൗന്ദര്യവും തറവാടിത്തവും ഒക്കെ ഉപേക്ഷിച്ച് ക്രൂശിതനായ ഈശോയുടെ സ്വന്തമായി അവൾ. ഹൃദയത്തിന്റെ ഓരോ മിടിപ്പിലും അവൾ മന്ത്രിച്ചു: ഞാൻ എന്റെ പ്രിയന്റേതാണ്; എന്റെ പ്രിയൻ എന്റേതും (ഉത്തമഗീതം 6:3). ചുട്ടുപഴുത്ത മണലാരണ്യം പോലെ ജീവിതം ദുഃസഹമായപ്പോഴും ഇതുതന്നെ അവൾ ആവർത്തിച്ചു. വേദനകളിൽ ഉരുകുമ്പോഴും സ്നേഹത്തിന്റെ മഹാദീപ്തി കൊണ്ട് വലയം ചെയ്യപ്പെട്ട അൽഫോൻസായുടെ ആത്മദാഹവും പ്രാർത്ഥനയും ഒന്നുമാത്രമായിരുന്നു. 'കർത്താവേ, നിന്റെ സ്വന്തമെന്ന പോലെ എന്നോട് എന്തും ചെയ്തുകൊള്ളുക' ഇതാണ് സ്നേഹത്തിന്റെ സത്യസന്ധതയും മഹത്വവുമെന്ന് പറയുന്നത്. ഇങ്ങനെ ആഗ്രഹിക്കാനും പ്രാർത്ഥിക്കാനും എല്ലാവർക്കും ഒന്നും കഴിയില്ല. വാസ്തവത്തിൽ ഓരോ അനുഭവത്തിലും ആത്മീയതയുടെ അക്ഷയഖനികൾ അവൾ കണ്ടെത്തി. അതുകൊണ്ടാണ് 'ഇതല്ല, ഇതിൽ കൂടുതലും ലോകാവസാനം വരെ ഈ കട്ടിലിൽ കിടന്ന് ഞാൻ സഹിച്ചുകൊള്ളാം' എന്ന് ധൈര്യപൂർവ്വം പറയാൻ അവൾക്കു കഴിഞ്ഞത്. സ്വർഗ്ഗീയ രഹസ്യങ്ങളുടെ ആഴവും അർത്ഥവും മനോഹാരിതയും കണ്ടെത്തുന്നവർക്കു മാത്രം സാധിക്കുന്ന ഒന്നാണിത്.

ഒന്നോർത്താൽ ലോകത്തിന്റെ നടപ്പുരീതികൾക്കും അളവുകോലുകൾക്കും തെല്ലും ഇണങ്ങുന്നതായിരുന്നില്ല അവളുടെ ജീവിതം. ജീവിതസാധാരണമായ രോഗങ്ങളെ അവൾ സമാധാനത്തോടെ സ്വീകരിച്ചപ്പോൾ അതിൽ എന്തെങ്കിലും ശ്രേഷ്ഠത ഉണ്ടെന്ന് അധികമാരും അന്ന് വിചാരിച്ചിരുന്നില്ല. ഒരുപക്ഷേ, രോഗത്തിന്റെ ലാവണ്യശാസ്ത്രം നമുക്ക് മനസ്സിലാക്കി തന്നത് അൽഫോൻസാമ്മയാണെന്നു തോന്നുന്നു. പേരും പ്രശസ്തിയും പെരുമയുമൊക്കെ വലിയ കാര്യങ്ങളായി കരുതി നെട്ടോട്ടമോടുന്നവർക്ക് ഇടയിലാണ്, കീർത്തിയും ബഹുമാനവും സമ്പാദിക്കണമെന്ന ദുഷിച്ച ഉദ്യമത്തിൽ നിന്ന് തന്നെ രക്ഷിക്കണമെന്ന് അവൾ പ്രാർത്ഥിച്ചത്. സ്നേഹം തന്നെയായവനോട് ചേർന്നാൽ ജീവിതം അപ്പാടെ മാറുമെന്ന് പറയുന്നത് വെറുതെയല്ല.

മുപ്പത്താറു വർഷം മാത്രം നീണ്ട ആ ജീവിതം കൊണ്ട് സത്യത്തിൽ അവൾ എന്താണ് ചെയ്തത്. ദൈവത്തെയും മനുഷ്യരെയും സത്യസന്ധമായും അഗാധമായും സ്നേഹിച്ചു. ധനവും ആൾസ്വാധീനവും അധികാരവും കയ്യാളുന്നവർക്കിടയിൽ സ്നേഹം മാത്രം കൈമുതലായി ഉള്ള ഒരു യുവ സന്യാസിനി ഹ്രസ്വമായ തന്റെ ജീവിതം കൊണ്ട് ലോകത്തോട് നിശബ്ദം വിളിച്ചുപറഞ്ഞത് സ്നേഹ




41 – ാം ചരമദിനം

16 – 08 – 2017

ഗീവർഗീസ് ജോൺ

(ബേബിപ്പാൻ) (87)

തെങ്ങോൺ, കോയിപ്രം

"ഞാനാണ് പുനരുത്ഥാനവും ജീവനും
എന്നിൽ വിശ്വസിക്കുന്നവൻ
മരിച്ചാലും ജീവിക്കും" വി. ജോൺ. 11:25

ത്തിന്റെ ശക്തിയെക്കുറിച്ചാണ്. 'അവിടുത്തെ മൊഴികൾ എന്റെ ഹൃദയത്തിൽ ഞാൻ നിധി പോലെ സൂക്ഷിച്ചു' (ജോബ് 23:12) എന്നതാണ് അവളുടെ വിജയ മന്ത്രം. ഉറങ്ങാനാവാത്ത രോഗങ്ങൾക്കിടയിൽ കഴിയുമ്പോഴും, ഞാൻ സ്നേഹിക്കുകയാണെന്ന് പറയണമെങ്കിൽ അസാമാന്യ ധൈര്യം വേണം. സഹിക്കുമ്പോൾ നാം നശിക്കുകയല്ല, നിത്യസൗഭാഗ്യത്തിന് അർഹത നേടുകയാണെന്ന് ജീവിച്ചു കാണിച്ച അവളുടെ ശക്തി സ്നേഹമല്ലാതെ മറ്റൊന്നുമല്ല.

സഹനം വിജയത്തിലേക്ക് പറക്കാനുള്ള ചിറകാണെന്ന് നമ്മുടെ കാലത്തെ ഓർമ്മിപ്പിക്കാൻ ദൈവത്തിന്റെ സുവിശേഷ ദൂതുമായി വന്നവളാണ് അൽഫോൻസാമ്മയെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. ആനന്ദം മാത്രം തേടുന്ന, എന്നാൽ അത് ഒരിക്കലും സ്വന്തമാക്കാൻ കഴിയാത്ത നമ്മെ നോക്കി ഒരു പക്ഷേ അൽഫോൻസാമ്മ ചിരിക്കുന്നുണ്ടാകും. കാരണം ദുഃഖത്തിന്റെ കിരീടം ചൂടികൊണ്ടാണ് ആനന്ദം മനുഷ്യന്റെ മുന്നിൽ വരുന്നതെന്ന വലിയ പാഠം മനസ്സിലാക്കിയിരുന്നു അവൾ.

നൊമ്പരങ്ങളുടെ കാസായിൽ നിന്ന് മട്ട് വരെ കുടിച്ചിട്ടും അവളുടെ മുഖചൈതന്യം തെല്ലും മങ്ങിയിരുന്നില്ല എന്നത് അത്ര നിസ്സാരകാര്യമല്ല. എന്തൊക്കെ പറഞ്ഞാലും സ്നേഹത്തിന്റെ നിറക്കൂട്ടുകൊണ്ട് സാധാരണ ജീവിത സാഹചര്യങ്ങളിൽ പോലും തികച്ചും വ്യത്യസ്തമായിരുന്നു ആ ജീവിതം. അതാണ് അൽഫോൻസാമ്മയുടെ പ്രത്യേകതയും.

അൽഫോൻസാമ്മയുടെ ജീവിതത്തിലൂടെ കടന്നുപോകുമ്പോൾ ഞങ്ങൾ മറ്റൊരു കാര്യം കണ്ടെത്തിയിരുന്നു. നല്ല കുടുംബങ്ങൾ നല്ല മനുഷ്യരെ സൃഷ്ടിക്കുന്നു. സ്വന്തം മാതാപിതാക്കൾ പകർന്ന് നല്കിയ വിശുദ്ധിയും മൂല്യങ്ങളുമാണ് വിശുദ്ധരെ സൃഷ്ടിക്കുന്നതെന്നു പറയാം. ഏതൊരു വിശുദ്ധ ജീവിതത്തിലേക്ക് നോക്കിയാലും മനസ്സിലാക്കാവുന്ന കാര്യമാണിത്. കുടുംബവിശുദ്ധിയെക്കുറിച്ചും മക്കൾക്ക് നല്കുന്ന നല്ല മൂല്യങ്ങളെക്കുറിച്ചും ഗൗരവത്തോടെ തന്നെ ചിന്തിക്കണമെന്നു സാരം.

സ്നേഹത്തിന്റെ വഴിയിലൂടെ സഞ്ചരിക്കാൻ ആഗ്രഹിക്കുന്നവർക്കായി മനോഹരമായൊരു ആശംസയുണ്ട് ബൈബിളിൽ. അരുവിക്കരയിലെ പനിനീർച്ചെടി പോലെ മൊട്ടിടുവിൻ കുന്തുരുക്കം പോലെ സൗന്ദര്യം പരത്തുകയും ലില്ലിപോലെ പൂവണിയുകയും ചെയ്യുവിൻ (പ്രഭാ 39:13-14). ഇതൊരു ദൗത്യമാണ്. വാക്കുകൾക്കും ചിന്തകൾക്കും അതീതമായി സ്നേഹത്തിന്റെ സൗരഭ്യം പരത്താനുള്ള ദൗത്യം.

●

## തെരഞ്ഞെടുക്കപ്പെട്ടു




MCCL ന്റെ സഭാതല വൈസ് പ്രസിഡന്റായി തിരുവല്ല അതിരൂപതയിലെ മുണ്ടിയാക്കൽ സെന്റ് തോമസ് ഇടവകാംഗം അൻസു എൽസാ പോൾ തിരഞ്ഞെടുക്കപ്പെട്ടു. നിലവിൽ തിരുവല്ല അതിരൂപത MCCL പ്രസിഡന്റാണ്.



ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ 64-ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ നിന്നാരംഭിച്ച തീർത്ഥാടനപദയാത്ര. ആർച്ച്ബിഷപ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത, മോൺ. ചെറിയാൻ താഴമൺ, ഫാ. കുര്യൻ കിഴക്കേക്കര, ജസ്റ്റിൻ ജോൺ, അനീഷ് മാമ്മൂട്ടിൽ, അജി കുതിരവട്ടം, ഫാ. തോമസ് തൈക്കാട്ട്, ഫാ. സന്തോഷ് അഴകത്ത് തുടങ്ങിയവർ മുൻനിരയിൽ.


ജൂനിയർ
മോസസ്
SAMEEKSHA
CATECHISM
Thiruvalla
കുട്ടികളുടെ കൂട്ടുകാരൻ
ഒരു ദിവസം രാവിലെ
ഡാ! ദേ...
പാണ്ടിയൻ
വന്നു
സാധനം ഉണ്ടല്ലോ..
അല്ലേ?
കാശും ഉണ്ടല്ലോ,
അല്ലേ?
അവർ ലഹരിവസ്തുക്കൾ കൈമാറി.
ഹമ്പടാ!
കോളടിച്ചു!!!
പതുങ്ങി നിന്ന് കുട്ടി സാത്താൻ
ഇതെല്ലാം കാണുന്നുണ്ടായിരുന്നു.








# നവ സംരംഭകത്വ സാധ്യതകൾ

**കേ**രളത്തിൽ സംരംഭകത്തിന് സാധ്യതകൾ വളരെ കൂടുതലാണ്. അതിന്റെ സാധ്യതകൾ മുൻകൂട്ടി കണ്ടുകൊണ്ടാണ് Start up Village കേരളത്തിൽ തുടങ്ങിയത്. ടെക്നോളജി മേഖലയിലും ഇതരമേഖലകളിലും എന്തു പഠിക്കുന്നു ഏത് സംരംഭകത്തിനു ശ്രമിക്കണം എന്ന ചിലരുടെ സംശയങ്ങൾ ഇന്ന് ലോകത്ത് വർദ്ധിച്ചുവരുന്നു. ഏറ്റവും പുതിയ സംരംഭത്തിന് സാധ്യതകൾ ഉള്ള മേഖലകളാണ് ഇപ്രാവശ്യം നമ്മൾ കാണുന്നത്.

## 1. Analytics

ടെക്നോളജി മേഖലകളിൽ ഏറ്റവും കൂടുതൽ സാധ്യതകൾ ഉള്ളത് Bussiness Analytics ആണ്. Telecom, Banking, Finance, Technology എന്നീ മേഖലകളിൽ Analytics ന് വളരെ അധികം സാധ്യതകൾ ഉണ്ട്.




## 2. Robotic Tecnology

റോബോട്ടിക്സ് ഏറ്റവും കൂടുതലായി കണ്ടുവരുന്നത് Automation- മേഖലകളിൽ ആണ്. എല്ലാ രംഗത്തും ഇപ്പോൾ Automation നടന്നുകൊണ്ടിരിക്കുകയാണ്. മെഡിക്കൽ രംഗത്തും ബാങ്കിംഗ് രംഗത്തും Automation സാധ്യതകൾ കൂടുതൽ പരീക്ഷിച്ചു തുടങ്ങിയിട്ടുണ്ട്.



## 3. Machine learning



റോബോട്ടിക്സുമായുള്ള അനുബന്ധ മേഖലയാണിത്. കമ്പ്യൂട്ടറിനെ മനസിലാക്കുന്നത് അതിന് പ്രത്യേകമായുള്ള ലോജിക്ക് അൽഗോരിതം തുടങ്ങിയവയിലൂടെയാണ്. ഇത് Machine leaning ലൂടെയാണ് സാധ്യമാകുന്നത്. ഇതിന്റെ സാധ്യതകൾ ഇന്ന് വളരെ കൂടുതലാണ്.

## 4. Genomics

Genomics അല്ലെങ്കിൽ Genetic Engineering എന്നു പറയുന്നു. Genetic Engineering ൽ ഇനിയും വരാൻ പോകുന്ന ഒരു മേഖലയാണ് Predictive Medication.



ജീൻ മാപ്പിങ്ങ് ഉണ്ടായപ്പോൾ ഒരു വ്യക്തിയിൽ ഉണ്ടാകാൻ സാധ്യതയുള്ള രോഗങ്ങളെ കണ്ടുപിടിക്കാൻ സാധിക്കുന്നു. അവയുടെ ചികിത്സ ഇവയിലൂടെ സാധ്യമാകുന്നു.

## 5. Knowledge Management

ടെക്നോളജിയുടെയും അറിവിന്റെയും ഒരു സങ്കലനമാണിത്. ഒരു ഡോക്ടറുടെ അറിവ് അദ്ദേഹത്തിന് വർഷങ്ങളായുള്ള അനുഭവസമ്പത്തിന്റെ ഭാഗമാണ്. ഡോക്ടറുടെ അനുഭവസമ്പത്തിലൂടെയുള്ള ഈ അറിവ് മറ്റുള്ളവർക്ക് പകർന്നു നൽകുന്ന രീതിയിൽ വിവരിക്കുന്നതാണ് Knowledge Management. Tacit knowledge നെ Explanatory knowledge ആയി മാറ്റുന്നതിനെയാണ് Knowledge Management എന്നു പറയുന്നത്.

## 6. Education Books on a Social Topic

വിവിധ വിഷയങ്ങളെപ്പറ്റി ബുക്കുകളും എജ്യുക്കേഷൻ പബ്ലിക്കേഷനും ഉണ്ടാക്കുക എന്നത് പുതുതായി വളർന്നു വരുന്ന ഒരു ശാഖയാണിത്. ഇത് മറ്റുള്ളവർക്ക് എളുപ്പത്തിൽ മനസ്സിലാക്കുന്നതിനും എളുപ്പം വിറ്റുപോകുന്ന രീതിയുലും ആയിരിക്കണം ഇതിന്റെ രൂപകല്പന. ഇത് എപ്പോഴും വായനക്കാരന് പ്രയോജനം ഉണ്ടാകുന്ന രീതിയിൽ ആയിരിക്കണം. ഇതുപോലെയുള്ള പുസ്തകങ്ങൾക്കും വെബ്സൈറ്റുകൾക്കും മൊബൈൽ ആപ്ലിക്കേഷനുകൾക്കും ഏറ്റവും കൂടുതൽ ആവശ്യക്കാരാണ് ഇന്നുള്ളത്.




തിരുവല്ല അതിരൂപതയിൽ തിരുമൂലപുരം സെന്റ് മേരീസ് ഇടവകാംഗം കുറ്റൂർ പാക്കാനിക്കുഴിയിൽ ജോൺ ഏബ്രഹാമിന്റെയും സൂസൻ ജോണിന്റെയും മകൻ **ജിസൻ ഏബ്രഹാം ജോണും** കുമരകം സെന്റ് ജോൺസ് യാക്കോബായ സുറിയാനി ഇടവകാംഗം കോഴൽച്ചേരി പുന്നയ്ക്കാട്ട് രാമൻചിറമന്ദിരത്തിൽ ജോൺ ഇട്ടൂപ്പിന്റെയും സാലി ജോണിന്റെയും മകൾ **മായ മെറിയ ജോണും** തമ്മിലുള്ള വിവാഹം **ജൂലൈ 17–ാം തീയതി തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിൽ വച്ച് രൂപതാദ്ധ്യക്ഷൻ അഭി. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്തായുടെ** കാർമ്മികത്വത്തിൽ ആശീർവദിയ്ക്കപ്പെട്ടു.

## ആശംസകൾ



സണ്ടേസ്കൂളിന്റെ ഓഫീസ് സെക്രട്ടറിയായി ചുമതലയേറ്റെടുത്ത സി. റോസ് തെരേസിന് അതിരൂപതയുടെ ആശംസകൾ.

## നന്ദി



സണ്ടേസ്കൂളിന്റെ ഓഫീസ് സെക്രട്ടറിയായി മൂന്ന് വർഷം സേവനം അനുഷ്ഠിച്ച സി. ജൂഡിത്തിന് നന്ദി.



# ABBA CURTAINS

Estd 1999





INTERIOR FURNISHING & UPHOLSTERY WORKS
T.K.ROAD ERAVIPEROOR,THIRUVALLA
MOB:9744497064

Our Services-Model Curtain Stiching &Fixing
Sofa & Setty Upholstery Works,Vertical Blinds,
Venetian Blinds,Wooden Blinds&Roller Blinds

Our Sales- Curtain Clothes, Furnishing Clothes
Floor Matt, Ready Made Curtains, Carpets
Table Matt, Door Matt, Curtain Channel,
Steel Almara,Sofa Set,Furniture & Matress

Date of Publication: 28-7-2017
Price ₹ 10/-

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala.
Ph: 0469-2600626. Fax: 0469-2600822

**R.N.I. 35982/80**
**August 2017**




*Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Viani Press Ernakulam. Kerala, Chief Editor : Rev. Dr. Abraham Irimbanikal*